ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

| വാല്യം 09 | ഡിസംബർ 2017 | ലക്കം 12 |
|---|---|---|

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


1. Prot. No.562/17, സർക്കുലർ നമ്പർ : 22/2017 .......... 7
2. Prot. No.565/17, സർക്കുലർ നമ്പർ : 23/2017 .......... 11
3. സർക്കുലർ - മിഷൻ വാരാചരണം .......... 15
4. കച്ചേരിക്കാര്യം .......... 17
5. വിശ്വാസപരിശീലനം .......... 26
6. ബൈബിൾ അപ്പൊസ്സ്റ്റോലേറ്റ് .......... 30
7. ചെറുപുഷ്പ മിഷൻലീഗ് .......... 35
8. തിരുബാലസഖ്യം .......... 43
9. യുവജനശുശ്രൂഷ .......... 47
10. കുടുംബ പ്രേഷിതത്വം .......... 51
11. വിദ്യാഭ്യാസ ഏജൻസി .......... 59
12. വിമൽജ്യോതി വാർത്തകൾ .......... 63
13. നിർമ്മലഗിരി വാർത്തകൾ .......... 65
14. കരിസ്മാറ്റിക് നവീകരണരംഗം .......... 66
15. ഫ്രാൻസിസ്കൻ അത്മായ സഭ .......... 68
16. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ .......... 70
17. ഇൻഫാം വാർത്തകൾ .......... 75
18. കെസിബിസി മദ്യവിരുദ്ധ സമിതി .......... 77
19. എകെസിസി വാർത്തകൾ .......... 82
20. സാമൂഹ്യസേവനവേദി .......... 86
21. ധ്യാനകേന്ദ്രങ്ങളിലൂടെ .......... 91
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......... 92
23. Programme of the Archbishop Mar George Njaralakatt .......... 95
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .......... 97
25. Programme of the Abp. Emeritus Mar George Valiamattam .......... 99
27. Programme of the Auxiliary Bishop Mar Joseph Pamplany .......... 100

**Prot. No. 562/17 സർക്കുലർ നമ്പർ: 22/2017**

# ഇരുപത്തിയഞ്ച് നോമ്പ്

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ആദ്യമായിത്തന്നെ സമാഗതമാകുന്ന ആഗമനകാലത്തിന്റെയും ഒപ്പം ക്രിസ്തുമസിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. ഡിസം. 1 മുതൽ നമ്മൾ ക്രിസ്തുമസ്സിന് ഒരുക്കമായ മംഗലവാർത്ത ക്കാലത്തേക്ക് പ്രവേശിക്കുന്നു. ഉണ്ണി ഈശോയെ സ്വീകരിക്കാൻ നമ്മളും നന്നായി ഒരുങ്ങേണ്ടതുണ്ട്. നമ്മൾ എത്രമാത്രം ഒരുങ്ങു ന്നുവോ അത്രയും ഈശോയുടെ സ്നേഹത്തിലേക്കും അനുഭവത്തി ലേക്കും വളരുവാൻ കഴിയും.

ഇസ്രായേൽ ജനം ഏറെക്കാലം രക്ഷകനായി കാത്തിരുന്നു. കന്യകയിൽനിന്ന് രക്ഷകൻ ജനിക്കുമെന്നും അവന്റെ പേര് ഇമ്മാനു വേൽ എന്നായിരിക്കുമെന്നും, അവൻ തന്റെ ജനത്തെ എല്ലാവിധ ബന്ധനങ്ങളിൽനിന്നും വിമോചിപ്പിക്കുമെന്നും അവർ വിശ്വസിച്ചിരുന്നു. വിവിധ അടിമത്തങ്ങളിലൂടെ കടന്നുപോന്ന ഇസ്രായേൽ ജനത തീവ്രമായി രക്ഷകനുവേണ്ടി പ്രാർത്ഥിച്ചു കാത്തിരുന്നു. അവരുടെ കാത്തിരിപ്പിന്റെയും പ്രാർത്ഥനയുടെയും ഫലമായാണ് ഈശോയുടെ ജനനം.

സമയത്തിന്റെ പൂർണ്ണതയിൽ തന്റെ ഏകജാതനെ ഭൂമിയിലേക്ക് അയയ്ക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. തന്റെ ആഗ്രഹപൂർത്തീകരണ ത്തിനായി അവിടുന്ന് തന്റെ ദൂതനെ ഗലീലിയിൽ നസ്രത്ത് എന്ന പട്ടണത്തിൽ യൗസേപ്പ് എന്നു പേരായ പുരുഷനുമായി വിവാഹ നിശ്ചയം ചെയ്തിരുന്ന കന്യകയായ മറിയത്തിന്റെ പക്കലേക്ക് അയച്ചു. ഗബ്രിയേൽ ദൈവദൂതൻ ദൈവഹിതം മറിയത്തിന് വെളിപ്പെടുത്തി. പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ഇടപെടലിനാൽ താൻ ദൈവ പുത്രന്റെ അമ്മയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലായ മറിയം ഇതാ കർത്താവിന്റെ ദാസി എന്ന് ഏറ്റുപറഞ്ഞു ദൈവഹിത ത്തിന് സ്വയം സമർപ്പിച്ചു. മറിയത്തിന്റെ ഈ ഏറ്റുപറച്ചിലിലൂടെ രക്ഷകന് ഭൂമിയിൽ അവതരിക്കാനുള്ള സാഹചര്യം ഒരുങ്ങി; മറിയം രക്ഷകന്റെ അമ്മയായി; ഇസ്രായേലിന്റെ കാത്തിരിപ്പ് സഫലമായി; നമ്മൾ ദൈവം കൂടെയുള്ള ജനതയായി. തനിക്ക് വിവാഹനിശ്ചയം ചെയ്യപ്പെട്ട മറിയം പരിശുദ്ധാത്മാവിനാലാണ് ഗർഭിണിയായതെന്നും അവളെ സ്വീകരിക്കുക ദൈവഹിതമാണെന്നും അറിഞ്ഞ വി. യൗസേപ്പ് ദൈവതിരുമനസ്സിന് സ്വയം വിട്ടുകൊടുത്തുകൊണ്ട് മറിയത്തെ തന്റെ ഭാര്യയായി സ്വീകരിച്ചു. അങ്ങനെ തിരുക്കുടുംബം പിറക്കാനുള്ള

സാഹചര്യം ഒരുക്കപ്പെട്ടു. സ്വർഗ്ഗവും ഭൂമിയും, സ്വർഗ്ഗനിവാസികളും ഭൂവാസികളും സന്തോഷിച്ച നിമിഷങ്ങളായിരുന്നു അവ. സമയത്തിന്റെ പൂർണ്ണതയിൽ ഈശോ ബത്‌ലെഹെമിൽ ജനിച്ചപ്പോൾ സർവ്വലോകത്തിനും സന്തോഷം നല്കുന്ന സദ്വാർത്തയായി അതു മാറി. മാലാഖാമാർ ആർത്തുപാടി “അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം” (ലൂക്കാ 2/14).

മംഗലവാർത്തക്കാലത്ത് 4 ഞായറാഴ്ചകളാണുള്ളത്. ഈ ഞായറാഴ്ചകളിലെ വി. കുർബാനയ്ക്കുള്ള വായനകളിലൂടെ രക്ഷാകരസംഭവുമായി അടുത്തുബന്ധപ്പെട്ട ചില വ്യക്തികളെയും സംഭവങ്ങളെയും സഭാമാതാവ് നമ്മുടെ പരിചിന്തനത്തിന് കൊണ്ടുവരുന്നു. ഒന്നാമത്തെ ഞായറാഴ്ചയിൽ ഈശോയ്ക്ക് മുന്നോടിയായി വന്ന സ്നാപക യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ്. സഖറിയാ-എലിസബത്ത് ദമ്പതിമാരെ അനുഗ്രഹിക്കുന്ന ദൈവത്തെ നാം കാണുന്നു. പുത്രനുവേണ്ടി ദാഹിച്ചു പ്രാർത്ഥിച്ചിരുന്ന അവരുടെ ആഗ്രഹം ദൈവം നിറവേറ്റി. രക്ഷകന്റെ ജനനത്തിനായുള്ള ഒരുക്കവും മുൻകൂട്ടിയുള്ള അറിയിപ്പും അവിടെ കാണാം. രണ്ടാമത്തെ ഞായറാഴ്ചയിൽ ഈശോയുടെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പും അതിനായുള്ള മറിയത്തിന്റെ സമർപ്പണവും യൗസേപ്പിന്റെ മനോഭാവവും വ്യക്തമാക്കുന്നു. ദൈവീകസന്ദേശത്തിന് ഇവരെപ്പോലെ നമ്മളും സമർപ്പിക്കണമെന്ന ആഹ്വാനം നമുക്കു തരുന്നു. മൂന്നാമത്തെ ഞായറാഴ്ചയിൽ സ്നാപകന്റെ ജനനവും, നാലാം ഞായറാഴ്ചയിൽ ഈശോയുടെ ജനനത്തിലുള്ള ദൈവിക ഇടപെടലും അവതരിപ്പിക്കപ്പെടുന്നു. ദൈവത്തിന്റെ രക്ഷാകരപദ്ധതിയോട് വളരെ സജീവമായും സർഗ്ഗാത്മകമായും സഹകരിച്ച സഖറിയായും എലിസബത്തും പരിശുദ്ധ കന്യകാമറിയവും വി. യൗസേപ്പും നമുക്കു മാതൃകകളും വഴികാട്ടികളുമാണ്.

പരി. കന്യകയുടെ ‘സമ്മതം അറിയിക്കൽ’ (ഫിയാത്ത്) രക്ഷകന്റെ ജനനത്തിന് കാരണമായി. അതുപോലെ ഇന്ന് ഈ ഭൂമിയിൽ രക്ഷകനായ ഈശോയ്ക്ക് വീണ്ടും ജനിക്കുവാൻ നമ്മുടെ സമ്മതം ആവശ്യമാണ്. നമ്മളിലൂടെയാണ് ഇന്ന് മംഗലവാർത്ത പൂർത്തിയാകേണ്ടത്. വത്തിക്കാൻ കൗൺസിൽ നമ്മെ ഓർമ്മപ്പെടുത്തുന്നത്; നമ്മൾ കർത്താവിന്റെ കൂദാശകളാണെന്നാണ്. നമ്മളുടെ ജീവിതത്തിലൂടെയാണ് ഇന്ന് ഈശോയക്ക് ഈ ഭൂമിയിൽ ജനിക്കാൻ കഴിയുന്നത്. നമ്മുടെ ഹൃദയവും, മനസ്സും, ബുദ്ധിയും, ശക്തിയും, കൈകളും കാലുകളും കർത്താവിന് ആവശ്യമുണ്ട്. ഈ നോമ്പുകാലത്ത് നമ്മെ മുഴുവൻ ഈശോയുടെ ഉപയോഗത്തിന് ഉപകരിക്കുന്ന ഉപകരണങ്ങളായി നമുക്ക് സമർപ്പിക്കാം. ഇങ്ങനെ നമ്മളെത്തന്നെ നന്നായി ഒരുക്കി

ദൈവഹിതപൂർത്തീകരണത്തിനായി സമർപ്പിക്കുമ്പോൾ രക്ഷകൻ നമ്മിൽ വന്ന് പിറക്കുക മാത്രമല്ല, മറ്റുള്ളവരിലും രക്ഷകന്റെ വരവിന് നമ്മൾ ഉപകരണങ്ങളാകുകയും ചെയ്യും. നമുക്ക് ഈ ചെറിയ നോമ്പിന് എങ്ങനെ ഒരുങ്ങാം?

ദൈവകൃപനിറഞ്ഞവളായിരുന്നു പരിശുദ്ധ മറിയം. നമ്മളും നിരന്തരം ദൈവകൃപയിൽ ആയിരിക്കണം. പാപരഹിതമായ ഒരു ജീവിതമായിരിക്കണം നമ്മളുടേത്. ആവശ്യമെങ്കിൽ അനുരഞ്ജന കൂദാശയ്ക്ക് അണഞ്ഞ് നമ്മളെ തന്നെ വിശുദ്ധീകരിക്കാൻ ഈ നോമ്പുകാലത്ത് നാം ഉത്സുകരാകണം.

പരി. പിതാവ് ഫ്രാൻസിസ് പാപ്പ ഒരിക്കൽ പറയുകയുണ്ടായി നമ്മുടെ ഭൗതികജീവൻ നിലനിർത്തുവാൻ ശ്വാസം എത്രത്തോളം ആവശ്യമുണ്ടോ എന്നതുപോലെ വിശ്വാസജീവിതത്തിന്റെ ശ്വാസം പ്രാർത്ഥനയാണെന്ന്. ഈ നോമ്പുകാലത്ത് കൂടുതൽ നന്നായി പ്രാർത്ഥിക്കുവാൻ നമ്മൾ ഉത്സുകരാകണം. പ്രഭാതത്തിലും പ്രദോഷത്തിലും നമ്മൾ പ്രാർത്ഥിക്കണം. സ്വല്പനേരമെങ്കിലും വ്യക്തിപരമായി ഈശോയോടൊത്ത് പ്രാർത്ഥനയിൽ ആയിരിക്കുവാൻ ശ്രമിക്കാം. ഒരുമിച്ചുള്ള കുടുംബപ്രാർത്ഥന മുടങ്ങാതെ നടത്തുവാൻ ഈ നോമ്പ് കാലത്ത് ഉത്സാഹിക്കാം. സ്വന്തമായി ഒരു ജപമാലയെങ്കിലും കൂടുതലായി ചൊല്ലുവാൻ ഉത്സാഹിക്കാം.

വി. കുർബാനയിൽ മുടങ്ങാതെ എല്ലാദിവസവും പങ്കെടുക്കുന്ന വ്യക്തികളും കുടുംബങ്ങളും ധാരാളമായി നമ്മുടെ ഇടവകകളിലുണ്ട്. അങ്ങനെയുള്ള വ്യക്തികളുടെയും കുടുംബങ്ങളുടെയും ജീവിതത്തിൽ ദൈവാനുഗ്രഹം സുലഭമായി ലഭിക്കുന്നതായി അനേകർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഈ നോമ്പുകാലത്ത് എല്ലാ ദിവസവും നമുക്കു വി. കുർബാനയിൽ പങ്കുചേരുവാൻ സാധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. നമ്മുടെ കുടുംബങ്ങളിൽനിന്ന് ആരെങ്കിലും ഓരോരുത്തർ മാറി മാറി വി. കുർബാനയിൽ പങ്കുചേരുവാൻ ആലോചിച്ച് തീരുമാനിക്കുവാൻ കഴിയുകയില്ലെ. ആഗ്രഹമുണ്ടെങ്കിൽ തീർച്ചയായും സാധിക്കും.

കർത്താവായ ഈശോ നമ്മളോട് പറയുന്നുണ്ടല്ലോ "ഞാൻ നിങ്ങളോട് പറഞ്ഞ വചനംനിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു" (യോഹ 15:3). വി. പൗലോസ് നമ്മളോട് പറയുന്നു: "ദൈവത്തിന്റെ വചനം ഒരിക്കലും പരാജയപ്പെട്ടിട്ടില്ല" (റോമ 9:6). ഹെബ്രായ ലേഖകൻ ഓർമ്മപ്പെടുത്തുന്നു "ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്" (ഹെബ്രാ 4:12). വചനപാരായണം നമ്മെ വിശുദ്ധീകരിക്കുന്നു, പുതുസൃഷ്ടികളാകുവാൻ സഹായിക്കുന്നു. ഹൃദയ പരിവർത്തനത്തിന് പ്രേരിപ്പിക്കുന്നു. വചനത്തോടുള്ള വലിയ താല്പര്യം പരിശുദ്ധാത്മാവ് നമുക്ക് തരുന്നുണ്ട് ആത്മാവിനോട് സഹ

കരിച്ചുകൊണ്ട് ഈ നോമ്പുകാലത്ത് വ്യക്തിപരമായും സമൂഹമായും വി. ഗ്രന്ഥപാരായണത്തിന് സമയം കണ്ടെത്താം.

നമ്മുടെ ബലഹീനതകൾ ഏറ്റെടുക്കാനും രോഗങ്ങൾ വഹിക്കാനുമായാണ് രക്ഷകൻ ഈ ഭൂമിയിൽ പിറന്നത് (മത്താ 8:17). മറ്റുള്ളവരെ സഹായിക്കാനും ആശ്വസിപ്പിക്കാനും ഉതകുന്ന പ്രേഷിതപ്രവർത്തനങ്ങളിൽ നോമ്പുകാലത്ത് നമ്മൾ കൂടുതൽ വ്യാപൃതരാകണം. വ്യക്തിപരവും സംഘാതമായും ഇതിന് നമുക്ക് കഴിയണം. ആതുര സേവനരംഗത്തും ജീവകാരുണ്യ പ്രവർത്തനങ്ങളിലും നമുക്ക് സജീവമാകാം. അപരന് ചെയ്യുന്ന ശുശ്രൂഷ ദൈവത്തിന് സ്വീകാര്യമാണെന്ന് അനുസ്മരിക്കാം.

സ്വർഗ്ഗരാജ്യത്തെപ്പറ്റിയുള്ള പ്രബോധനമധ്യേ ഈശോ പറയുകയുണ്ടായി, ബലവാൻ അത് പിടിച്ചടക്കുന്നു എന്ന് (മത്താ 11:12). ദൈവകൃപയിൽ ജീവിക്കാനും വളരുവാനുമായി നാം നിരന്തരം നമ്മളോട് തന്നെ യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ ദുശ്ശീലങ്ങളുടെയും തഴക്കദോഷങ്ങളുടെയുംമേൽ വിജയം നേടുവാൻ ഈ നോമ്പുകാലത്ത് നാം കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ വ്യക്തിജീവിതത്തിൽനിന്നും കുടുംബജീവിതത്തിൽനിന്നും കർത്താവിന് ചേരാത്തവയെ നാം ഒഴിവാക്കണം. മദ്യപാനം, ലഹരിപദാർത്ഥങ്ങൾ, പുകവലി, മയക്കുമരുന്നുകൾ, അമിതമായുള്ള സമ്പർക്കമാധ്യമങ്ങളുടെ ഉപയോഗം എന്നിവ തീർച്ചയായും ഒഴിവാക്കപ്പെടണം.

ചുരുക്കത്തിൽ നമ്മൾ എത്ര തീക്ഷ്ണതയോടെ ഈശോയുടെ ക്രിസ്തുമസ്സിനായി ഒരുങ്ങുന്നുവോ അത്രയ്ക്കും ദൈവകൃപയിലും ദൈവസ്നേഹത്തിലും വളരുവാൻ നമുക്ക് കഴിയും. ഈ നോമ്പുകാലവും തുടർന്നുവരുന്ന ക്രിസ്തുമസ്സും ഏറെ സന്തോഷത്തിന്റെ അവസരമായിത്തീരട്ടെ. നിങ്ങൾക്കേവർക്കും നല്ല നോമ്പുകാലം ആശംസിക്കുന്നു. ക്രിസ്തുമസ്സിനായി നന്നായി ഒരുങ്ങാം. ക്രിസ്തുമസ്സ് മംഗളങ്ങൾ നേരുന്നു.

സ്നേഹാശിസ്സുകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി
21-11-2017

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2017 ഡിസംബർ 3-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**Prot. No. 565/17 സർക്കുലർ നമ്പർ: 23/2017**

# വത്സലപിതാവ് കുഞ്ഞുങ്ങളോട് ...

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട വത്സലമക്കളേ,

"തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ഈ ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ : 3:16). സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പുത്തൻ സന്ദേശവുമായി വീണ്ടും ഒരു ക്രിസ്മസ് വന്നെത്തുകയായി. നിങ്ങൾക്കെല്ലാവർക്കും ഹൃദയം നിറഞ്ഞ ക്രിസ്തുമസ്സ് ആശംസകൾ. കുറച്ചുനാളത്തെ ഇടവേളയ്ക്കു ശേഷമാണ് വീണ്ടും ഞാൻ നിങ്ങൾക്കെഴുതുന്നത്. എല്ലാവരും ക്രിസ്തുമസ്സ് പരീക്ഷയുടെ ചൂടിലായിരിക്കും എന്ന് വിചാരിക്കുന്നു. പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോ നിങ്ങൾക്കെല്ലാവർക്കും നല്ല വിജയം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കഴിഞ്ഞവർഷത്തെ ക്രിസ്തുമസ്സിൽ നിങ്ങൾക്കെഴുതിയത് വ്യക്തിജീവിതത്തിൽ നാം പാലിക്കേണ്ട ആത്മനിയന്ത്രണം എന്ന പുണ്യത്തെക്കുറിച്ചായിരുന്നു. അത് നേടാൻവേണ്ടി നമ്മൾ ഒന്നുചേർന്ന് "ഇ-നോമ്പ്" അഥവാ "ഇലക്ട്രോണിക് നോമ്പ്" അനുഷ്ഠിച്ചതൊക്കെ നിങ്ങൾ ഓർക്കുന്നുണ്ടാവുമല്ലോ. ഈ ക്രിസ്തുമസ്സിൽ നിങ്ങൾക്കെഴുതുന്നതിനെക്കുറിച്ച് ആലോചിച്ചപ്പോൾ എന്റെ മനസ്സിലേക്ക് ആദ്യം വന്നത് മഹാനായ അലക്സാണ്ടർ പോപ്പിന്റെ വാക്കുകളാണ്. "ഉണ്ണീശോ ഒരായിരം പ്രാവശ്യം ഒരായിരം പുൽക്കൂടുകളിൽ പിറന്നാലും എന്റെ ഹൃദയത്തിൽ പിറക്കുന്നില്ലെങ്കിൽ എനിക്കെന്തു പ്രയോജനം?". ക്രിസ്തുമസ്സ് ആഘോഷമായി നമ്മൾ കൊണ്ടാടുമ്പോഴും ഉണ്ണിയേശുവിന്റെ തിരുസ്വരൂപം മനോഹരമായ പുൽക്കൂട്ടിൽ പ്രതിഷ്ഠിക്കുമ്പോഴും നാം മറന്നുപോകാൻ പാടില്ലാത്ത ഒരു സത്യമാണ് നമ്മുടെ ഹൃദയത്തിലാണ് ഈശോ ആദ്യം ജനിക്കേണ്ടത് എന്ന്. ഉണ്ണിയേശു ജനിച്ച ബെത്‌ലഹേമായി നിങ്ങളുടെ ഹൃദയങ്ങൾ മാറട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ഈ നവംബർ മാസം പതിനാലാം തിയതി ശിശുദിനത്തോടനുബന്ധിച്ച് ദീപിക പത്രത്തിൽ സ്റ്റുഡന്റ്സ് റിപ്പോർട്ടർ കോളത്തിൽ വന്ന ഒരു വാർത്ത നിങ്ങളിൽ പലരും വായിച്ചുകാണും. വായാട്ടുപറമ്പ് ഇടവകയിലെ ആൻമേരി കുര്യൻ എന്ന കൊച്ചുമിടുക്കി തന്റെ സ്കൂളിലെ സഹപാഠികളായ ഫെലിക്സിന്റെയും അമലിന്റെയും സ്നേഹത്തെപ്പറ്റി എഴുതിയ റിപ്പോർട്ടായിരുന്നു അത്. ജന്മനാ ഒരുവശം തളർന്ന് നടക്കാൻ സാധിക്കാതിരുന്ന തന്റെ സഹപാഠി ഫെലിക്സിനെ അയൽപക്കക്കാരനായ അമൽ തോളിലേറ്റി സ്കൂളിലേക്ക് നടക്കുന്ന ചിത്രവും, അവരുടെ സൗഹൃദത്തിന്റെയും പരസ്നേഹത്തിന്റെയും

കഥയും വായിച്ചപ്പോൾ അമലിനെക്കുറിച്ച് എനിക്ക് അഭിമാനം തോന്നി. കൺമുൻപിലെ കാഴ്ച വെറുതെ കണ്ടുപോകാതെ, അവയെ ഹൃദയത്തിൽ സ്വന്തമാക്കി ജനങ്ങൾക്കുമുമ്പിൽ തുറന്നുകാട്ടിയ ആൻമേരിയെയും, ഫെലിക്സിനെ എന്നും തോളിലേറ്റി സ്കൂളിലെത്തിക്കുന്ന അമലിനെയും ഇവരുടെ മാതാപിതാക്കളെയും അതിരൂപതയ്ക്കുവേണ്ടി ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്. ക്രിസ്തുമസ്സിന്റെ യഥാർത്ഥ സന്ദേശം നിങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. ഈശോ നിങ്ങളുടെ ഹൃദയത്തിലും ജീവിതത്തിലും ഉണ്ടെന്ന് നിങ്ങൾ തെളിയിച്ചിരിക്കുകയാണ്. കാരണം അമൽ ആഗ്രഹിച്ചതുപോലെ ഫെലിക്സിന് ഒരു മുച്ചക്ര വാഹനം ക്രിസ്തുമസ്സ് സമ്മാനമായി നമ്മുടെ അതിരൂപതയിലെ എ.കെ.സി.സി. പ്രവർത്തകർ നൽകുകയാണ്. നോക്കുക, ഒരാളുടെ ഹൃദയത്തിലെ നന്മ വാക്കുകളിലൂടെ വന്നപ്പോൾ എത്രപേരുടെ ജീവിതത്തെയാണ് അത് മാറ്റിമറിച്ചത്? ക്രിസ്തുമസ്സിന്റെ യഥാർഥ സന്ദേശം ഇതുതന്നെയാണ്. നല്ല ഹൃദയമുള്ളവരായി ജീവിക്കുക, നമ്മുടെ സമയും കഴിവുകളും ആരോഗ്യവുമൊക്കെ മറ്റുള്ളവരുടെ നന്മയ്ക്കായി മാറ്റിവയ്ക്കാനുള്ള ഒരു മനസ്സ് ഉണ്ടായിരിക്കുക എന്നതാണ്. നന്നായി പ്രാർത്ഥിച്ചൊരുങ്ങി നോമ്പെടുത്ത്, ഇരുപത്തഞ്ച് ദിവസവും മുടങ്ങാതെ പള്ളിയിൽ പോയി നിങ്ങളെല്ലാവരും ഈ ക്രിസ്തുമസ്സിനായി ഒരുങ്ങണം. അതോടൊപ്പം ഒരു ത്യാഗമായി നമുക്ക് പോക്കറ്റുമണിയായി ലഭിക്കുന്ന പണം സൂക്ഷിച്ചുവച്ച് "ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ" എന്നപേരിൽ അദിലാബാദ് രൂപതയിലെ വിജയനഗർ ഇടവകയിലെ 143 കുട്ടികൾ പഠിക്കുന്ന ഒരു അനാഥാലയത്തിലെ കുട്ടികൾക്ക് കിടക്കാനുള്ള കട്ടിൽ വാങ്ങുവാനായി നൽകിക്കൊണ്ട് നമുക്ക് സഹായിക്കാം. സാധിക്കുന്ന എല്ലാ ഇടവകകളും നിലത്തുകിടക്കുന്ന ആ കുട്ടികൾക്ക് ഏതാണ്ട് 4500 രൂപ വിലവരുന്ന ഒരു കട്ടിൽ വീതം വാങ്ങിക്കൊടുത്ത് "ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ" എന്ന ക്രിസ്മസ് സുകൃതത്തിൽ പങ്കുചേരുമല്ലോ.

പ്രിയപ്പെട്ട കുഞ്ഞുമക്കളേ, ക്രിസ്മസിന്റെ ഏറ്റവും വലിയ സന്ദേശം "ഇതാ നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു" (ലൂക്കാ: 2:11) എന്ന മാലാഖായുടെ വാക്കുകളാണ്. നിങ്ങളുടെ മാതാപിതാക്കൾക്ക് ദൈവം നൽകിയ വാഗ്ദാനമാണ് മക്കളായ നിങ്ങൾ. ഈ ഭൂമിയിലേക്ക് പിറന്നുവീണപ്പോൾ നിങ്ങളുടെ മാതാപിതാക്കൾക്ക് ദൈവം നൽകിയ മംഗളവാർത്തയും അതുതന്നെയാണ് – "ഇതാ നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു". അതിനാൽ നിങ്ങളോരോരുത്തരും നിങ്ങളുടെ കുടുംബത്തിന്

രക്ഷനൽകാൻ കടപ്പെട്ടവരാണ് എന്ന് മറക്കരുത്. ഈശോയുടെ ജനനം ഒരുപാടുപേരുടെ മനസ്സിനെ കുളിർമ്മയുള്ളതാക്കി മാറ്റി, സന്തോഷ ത്താൽ നിറച്ചു. ജീവിതത്തിൽ എല്ലാവരും നിങ്ങളെ ഇഷ്ടപ്പെടുന്ന പ്രായമാണ് നിങ്ങളുടെ ഈ കുട്ടിക്കാലം. എന്നാൽ പല മാതാപിതാ ക്കളും ഈ അടുത്തനാളിൽ വളരെ വേദനയോടെ എനിക്കെഴുതുക യും എന്നോടു പറയുകയും ചെയ്തിട്ടുണ്ട്, "പിതാവേ, ഞങ്ങളുടെ മക്കൾ ഞങ്ങൾക്ക് നഷ്ടപ്പെട്ടുപോയി. കാരണം ഈ ചെറിയ പ്രായ ത്തിൽതന്നെ അവർ അതീവ ഗൗരവക്കാരായി മാറിയിരിക്കുന്നു. അവർ വീട്ടിൽ സംസാരിക്കാറില്ല, തമാശ കേട്ടാൽ ഒന്ന് ചിരിക്കാനോ, ജോലിയിൽ മാതാപിതാക്കളെ സഹായിക്കാനോ, കുരിശുവരയിൽ ഭക്തിപൂർവ്വം പങ്കെടുക്കാനോ ഒന്നും ഞങ്ങളുടെ മക്കൾക്ക് താത്പര്യ മില്ല. അതുകൊണ്ട് പിതാവ് അവരോട് പറയണം, കുട്ടികൾ എല്ലാക്കാ ലത്തും കുട്ടികളായിരിക്കണം. മുതിർന്നവരെപ്പോലെ ഗൗരവക്കാരായി മാറി കുട്ടിത്തം നഷ്ടമാക്കരുത്" എന്ന്. അതിനാൽ നഷ്ടപ്പെട്ടുപോയ നിഷ്കളങ്കത വീണ്ടെടുക്കാൻ ഈ നോമ്പിൽ നിങ്ങൾ പരിശ്രമിക്ക ണം. അമിത ഗൗരവക്കാരായി നിങ്ങൾ മാറരുത്.

എന്തുകൊണ്ടാണ് കുട്ടികളുടെ ഈ പ്രായത്തിൽ പലരും അന്തർമുഖന്മാരും അക്രമണസ്വഭാവമുള്ളവരുമായി മാറുന്നതെന്ന് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? കുട്ടിക്കാലത്തെ നമ്മുടെ ബന്ധങ്ങളും കളികളും ഉപയോഗിക്കുന്ന വസ്തുക്കളുമൊക്കെ നമ്മുടെ സ്വഭാവത്തെ വല്ലാതെ സ്വാധീനിക്കും. ഉദാഹരണമായി പറഞ്ഞാൽ നിങ്ങളുടെ മുൻതലമുറക്കാർ കളിച്ചിരുന്നത് കബഡിയും, കള്ളനും പോലീസും, സാറ്റുകളിയും ഒക്കെയായിരുന്നു. ആ കളികളാണ് അവരുടെ ജീവിതത്തെ രൂപപ്പെടുത്തുന്നതിൽ വലിയൊരു പങ്ക് വഹിച്ചിരുന്നത്. ബുദ്ധിപൂർവ്വം കള്ളനെ കീഴടക്കുന്ന പോലീസിനെ അനുകരിക്കുന്ന തിൽ അവർ അഭിമാനംകൊണ്ടു. ഇന്നാകട്ടെ കള്ളനും പോലീസും പോലുള്ള കളികളെല്ലാം കുറഞ്ഞു. കളിച്ചാൽത്തന്നെ ന്യൂജനറേഷൻ കാലത്തെ കുട്ടികൾക്ക് കള്ളനാകാനാണ് ഇഷ്ടം. കാരണം ചില സിനിമകളിൽ പോലീസിനെ തോൽപ്പിച്ച് രക്ഷപ്പെടുന്ന കള്ളൻ ഹീറോയാകുന്നത് കണ്ട് വളരുന്ന കുട്ടികൾ പലപ്പോഴും കള്ള ന്മാരാകാനുള്ള സാധ്യതകൂടിവരികയും ചെയ്യുന്നു. മറ്റൊന്ന്, നമ്മൾ ഉപയോഗിക്കുന്ന കളിക്കോപ്പുകളാണ്. പണ്ട് ചെറിയ കാറോ, പഴയ ചെരുപ്പ് വെട്ടിയുണ്ടാക്കുന്ന വണ്ടികളോ, ഒക്കെയായിരുന്നു കുട്ടിക ളുടെ കളിപ്പാട്ടങ്ങൾ. കാലം മാറിയപ്പോൾ കളിപ്പാട്ടങ്ങളുടെ രൂപവും ഭാവവും മാറി. ഇന്ന് കുട്ടികളുടെ കളിക്കോപ്പുകൾ കുത്തുന്ന തേളും

പഴുതാരയും, കടിച്ചുകീറുന്ന മറ്റ് മൃഗങ്ങളുടെ രൂപങ്ങളും ഇടിച്ചുതകർക്കുന്ന ജെ.സി.ബിയും മറ്റുമാണ്. ഇത് നിങ്ങളുടെ സ്വഭാവത്തിൽ നിങ്ങളറിയാതെ അക്രമവാസന വളർത്താൻ കാരണമാകുന്നു. ന്യൂജനറേഷൻ കുട്ടിയെന്ന് സ്വയം വിശേഷിപ്പിക്കുന്ന പലരും മറ്റുള്ളവരോട് സംസാരിക്കാനോ ഇടപെടാനോ അറിയാത്ത അന്തർമുഖന്മാരായി മാറുന്നു. ആയതിനാൽ ഈ ക്രിസ്മസ് നഷ്ടപ്പെട്ടുപോയ നമ്മുടെ സ്വഭാവത്തിലെ നന്മകളെ വീണ്ടെടുക്കാനുള്ള സമയമായി മാറട്ടെ. സർവ്വശക്തനായ ദൈവമായിരുന്നിട്ടും നമ്മിലൊരുവനെപ്പോലെ ശിശുവായി പുൽക്കൂട്ടിൽപിറന്ന ഉണ്ണീശോയുടെ കളിയും ചിരിയും നിഷ്കളങ്കതയുമെല്ലാം നിങ്ങൾക്കും സ്വന്തമാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. മാതാപിതാക്കളോട് ഉള്ളുതുറന്ന് സംസാരിക്കുവാനും, അമ്മയോടൊപ്പം അടുക്കളയിൽ സഹായിക്കുവാനും, നിനക്കുവേണ്ടി കഷ്ടപ്പെടുന്ന അപ്പച്ചനുവേണ്ടി പ്രാർത്ഥിക്കുവാനും, പ്രായമായ വല്ല്യപ്പച്ചനെയും വല്ല്യമ്മയെയും കേൾക്കുവാനും ഈ ദിവസങ്ങളിൽ സമയം കണ്ടെത്തണം. ഒപ്പം നിങ്ങളുടെ സ്വന്തം കൈകൾക്കൊണ്ട് നിർമ്മിച്ച ഒരു നക്ഷത്രവും മനോഹരമായ ഒരു പുൽക്കൂടും ഉണ്ണീശോയ്ക്ക് സമ്മാനമായി നൽകാൻ മറന്നുപോകരുതേ. അതിലെല്ലാമുപരി വളരെ ത്യാഗപൂർവ്വം അൽപ്പം തണുപ്പൊക്കെയുണ്ടെങ്കിലും മടിയുടെ പുതപ്പുകൾ വലിച്ചുമാറ്റി, ഉത്സാഹത്തോടെ ഇരുപത്തഞ്ച് ദിവസവും പള്ളിയിൽപോയി വി. കുർബ്ബാനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കണം. ഈ വർഷത്തെ നിങ്ങളുടെ കുടുംബത്തിലെ ക്രിസ്മസ് അനുഭവത്തെക്കുറിച്ച് തീർച്ചയായും എനിക്ക് എഴുതുമല്ലോ. കുഞ്ഞിളം കൈകളുയർത്തി ഉണ്ണീശോ നിങ്ങളെയും നിങ്ങളുടെ പഠനത്തെയും പ്രിയപ്പെട്ടവരെയും ആശീർവദിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി നിങ്ങൾക്കെല്ലാവർക്കും ക്രിസ്മസ് മംഗളങ്ങൾ നേർന്നുകൊണ്ട്,

സ്നേഹാശിസ്സുകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി
24-11-2017

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2017 ഡിസംബർ 10-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

Prot. No. 1937/2017

# സീറോ മലബാർ മിഷൻ വാരാചരണം

**(2018 ജനുവരി 6-12)**

*സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

ഈശോയുടെ ദനഹാതിരുന്നാളായ ജനുവരി 06 മുതൽ 12 വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ. "നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:15) എന്ന ഈശോയുടെ വചസ്സുകൾ ശിരസ്സാവഹിച്ചുകൊണ്ട് കർത്താവിന്റെ മുന്തിരിത്തോപ്പിൽ വേല ചെയ്യാനായി ഇറങ്ങിത്തിരിച്ചിരിക്കുന്ന നമ്മുടെ സഹോദരങ്ങളെ ഓർക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള ഒരവസരമായിട്ടാണ് പ്രേഷിതവാരത്തെ സഭ വീക്ഷിക്കുന്നത്.

"സഭ സ്വഭാവത്താലെ പ്രേഷിതയാണ്" (AG 2) എന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പഠനത്തോട് ചേർന്നുപോകുന്ന രീതിയിൽ സീറോ മലബാർ സഭ ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിശിഷ്യ, ഭാരതത്തിന്റെ വിവിധ കോണുകളിൽ സുവിശേഷചൈതന്യം നിറയ്ക്കുവാനായി ബദ്ധശ്രദ്ധയാണ്. എന്തെന്നാൽ നമ്മുടെ സഭയുടെ പ്രധാന ദൈവവിളിതന്നെ പ്രേഷിതപ്രവർത്തനമാണെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിഞ്ഞിരിക്കുന്നു. നമ്മിലുള്ള പ്രേഷിതതീക്ഷ്ണതയുടെ കനലുകൾ ഇനിയും നമ്മൾ ഊതികത്തിക്കേണ്ടിയിരിക്കുന്നു. അതിന് പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ നമ്മിലും സഭയിലും കൂടുതലായി വർഷിക്കപ്പെടുവാൻ തുടർന്നും പ്രാർത്ഥിക്കണം.

യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. അവരുടെ ഭാവനാശക്തിയും സർഗ്ഗാത്മകതയും പ്രേഷിതപ്രവർത്തനത്തിനായി പ്രയോജനപ്പെടുത്തുവാൻ സഭ ആഗ്രഹിക്കുന്നു. യുവാവായ ഈശോ എന്ന വ്യക്തിയും അവിടുന്ന് പ്രഘോഷിച്ച സദ്വാർത്തയും അനേകം യുവജനങ്ങളെ ഇന്നും ആകർഷിച്ചുകൊണ്ടിരിക്കുന്നു. 2018-ൽ റോമിൽവച്ചു നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ ചർച്ചാവിഷയവും യുവജനങ്ങൾ തന്നെയാണ് എന്നത് യുവജനങ്ങളിൽ സഭ എത്രമാത്രം പ്രത്യാശയും പ്രതീക്ഷയും അർപ്പിക്കുന്നു എന്നതിനുള്ള തെളിവാണ്. "യുവജനം: വിശ്വാസവും വിളിയെക്കുറിച്ചുള്ള തിരിച്ചറിയലും" എന്ന പ്രമേയത്തെ ആധാരമാക്കിയുള്ള സിനഡിന്റെ വിജയത്തിനും ഫലദായകത്വത്തിനുംവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

എറണാകുളം അതിരൂപതയിൽ പുല്ലുവഴി എന്നഗ്രാമത്തിൽ ജനിച്ച സി. റാണിമരിയ പ്രേഷിതപ്രവർത്തനത്തിന്റെ ഉദാത്തമാതൃകയാണ്. 1992 ഫെബ്രുവരി 25-ന് സാമന്തർസിംഗ് എന്ന വാടകകൊലയാളിയാൽ ഇൻഡോറിലെ ഉദയനഗറിൽ രക്തസാക്ഷിത്വം വരിച്ച സിസ്റ്ററിന്റെ വീരോചിതമായ ഉപവിപ്രവർത്തനങ്ങൾ പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുവാനും അനേകരെ ക്രസ്തുവിലേക്ക് ആനയിക്കുവാനും ഇടയാക്കി. ഈശോയോടുള്ള വ്യക്തിപരമായ സ്നേഹമായിരുന്നു അവളുടെ പ്രേഷിതപ്രവർത്തനത്തനങ്ങളുടെ അന്തസത്തയായി പ്രവർത്തിച്ചത്. സിസ്റ്ററിന്റെ പ്രേഷിതതീക്ഷ്ണതയും ആത്മത്യാഗവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രേഷിതവേലചെയ്യുന്ന സമർപ്പിതർക്ക് ശക്തിയും കരുത്തും പകരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി വർഷത്തിലാണല്ലോ നമ്മൾ. ഈ അവസരത്തിൽ നമ്മുടെ സഭയ്ക്ക് ഇന്ത്യ മുഴുവൻ അജപാലനവും സുവിശേഷപ്രഘോഷണവും നടത്തുവാനുള്ള അധികാരം പരിശുദ്ധപിതാവ് നൽകിയിരിക്കുന്നുവെന്നത് ഇരട്ടി സന്തോഷത്തിന് കാരണമാണ്. പുതിയതായി ലഭിച്ചിരിക്കുന്ന അജപാലന-സുവിശേഷപ്രഘോഷണാധികാരം ഭാരതം മുഴുവനും സുവിശേഷപ്രഘോഷിക്കുവാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെ കൂടുതൽ വർദ്ധിപ്പിച്ചിരിക്കുന്നു. ആയതിനാൽ സഭയുടെ വളർച്ചക്കും ഉന്നമനത്തിനുംവേണ്ടി 'ഒന്നായി മുന്നോട്ട്' നീങ്ങുവാൻ നാമെല്ലാവരും കടപ്പെട്ടിരിക്കുന്നു. സഭാമക്കൾ കൂടുതൽ പ്രേഷിതതീക്ഷണയോടെ പ്രവർത്തിക്കുവാനും കൂടുതൽ ദൈവവിളികൾ ഉണ്ടാകുവാനും മിഷൻചൈതന്യത്തിൽ ജീവിക്കുവാനും നമുക്ക് പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017-ാം മാണ്ട് നവംബർ മാസം 3 -ാം തീയതി നൽകപ്പെട്ടത്.

---

NB: 1. 2017 ഡിസംബർ 31-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. ഓരോ ഇടവകയിലും, സ്ഥാപനങ്ങളിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.
3. സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽ 2018 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.




## 1. പ്രോട്ടോ സിൻചെല്ലൂസിന്റെയും സിൻചെല്ലൂസുമാരുടെയും ഉത്തരവാദിത്വങ്ങൾ

അതിരൂപതയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി തലശ്ശേരി അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് പ്രോട്ടോ സിൻചെല്ലൂസിന്റെയും സിൻചെല്ലൂസ്മാരുടെയും ഉത്തരവാദിത്വങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന ക്രമീകരണങ്ങൾ നടത്തിയിരിക്കുന്നു (CCEO cc. 245- 246).

### സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി

പൗരസ്ത്യകാനൻ നിയമം c. 215 § 2 അനുസരിച്ച് സഹായമെത്രാനായിരിക്കും പ്രോട്ടോസിൻചെല്ലൂസ്. കാനൻനിയമം അനുശാസിക്കുന്ന സാധാരണ അധികാരങ്ങൾക്കും ഉത്തരവാദിത്വങ്ങൾക്കും പുറമേ താഴെ പറയുന്ന ഉത്തരവാദിത്വങ്ങൾ കൂടി അദ്ദേഹം വഹിക്കുന്നതാണ്.

1. വിദ്യാഭ്യാസം-സ്കൂളുകൾ, കോളേജുകൾ, കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി
2. സംഘടനകൾ, പ്രസ്ഥാനങ്ങൾ, മറ്റ് വിവിധ വകുപ്പുകൾ എന്നിവയുടെ ഏകോപനം
3. സന്യാസസമൂഹങ്ങൾ
4. പാസ്റ്ററൽ കൗൺസിൽ, പ്രെസ്ബിറ്ററൽ കൗൺസിൽ, ആലോചനാ സമിതി
5. സ്ഥാപനങ്ങൾ-ആശുപത്രികൾ, ധ്യാനകേന്ദ്രങ്ങൾ, അനാഥാലയങ്ങൾ മുതലായവ.

### മോൺ. അലക്സ് താരാമംഗലം

1. കൂരിയായുടെ പൊതുഭരണവും അനുവാദങ്ങളും
2. ഇടവകകൾ, പൊതുയോഗം, കണക്കുകൾ
3. വൈദികർ- വൈദികക്ഷേമം, ശാന്തിഭവൻ, വൈദികരുടെ തുടർപരിശീലനം
4. വൈദികവിദ്യാർത്ഥികൾ- മൈനർ സെമിനാരി, വൊക്കേഷൻ ബ്യൂറോ, മേജർ സെമിനാരിക്കാർ

### മോൺ. ജോർജ് എളൂക്കുന്നേൽ

1. കാസർഗോഡ് റീജനിലെ ഇടവകകൾ, അനുവാദങ്ങൾ
2. ആ റീജനിലെ വൈദികരുടെ ക്ഷേമം

3. കാസർഗോഡ് റീജന്റെ വളർച്ചയും പുരോഗതിയും

മുകളിൽ പ്രത്യേകം സൂചിപ്പിക്കാത്ത എല്ലാ മേഖലകളുടെയും ഉത്തരവാദിത്വം പ്രോട്ടോസിൻചെല്ലൂസിൽ നിക്ഷിപ്തമായിരിക്കും.

## 2. പ്രെസ്ബിറ്ററൽ കൗൺസിൽ യോഗം

തലശ്ശേരി അതിരൂപതാ വൈദികസമിതിയുടെ ഒരു യോഗം 2017 ഡിസം. 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് തലശ്ശേരി സന്ദേശഭവനിൽവച്ച് ചേരുന്നതാണ്. എല്ലാ പ്രെസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളും ഈ മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. അംഗങ്ങൾക്ക് കത്ത് അയച്ചിട്ടുണ്ട്. കത്തുകിട്ടാത്ത അംഗങ്ങളും ഇതൊരു അറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 3. ദിയാക്കോണിയ

തലശ്ശേരി അതിരൂപതയിലെ കത്തോലിക്കാ കോൺഗ്രസ്, ടി.എസ്.എസ്.എസ്., ഇൻഫാം, ഡി.എഫ്.സി. മദ്യവിരുദ്ധസമിതി, വിൻസെന്റ് ഡി പോൾ, എസ്.എഫ്.ഒ. എന്നീ സംഘടനകളുടെ സംയുക്ത റീജനൽ നേതൃസംഗമം നടത്തുന്നു. ഈ സംഘടനകളുടെ മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, മേഖലാ പ്രസിഡന്റുമാർ, ഓരോ യൂണിറ്റിൽനിന്നും പ്രസിഡന്റോ ഒരു പ്രതിനിധിയോ വീതം സംഗമത്തിൽ സംബന്ധിക്കേണ്ടതാണ്. അഭിവന്ദ്യ പിതാക്കന്മാർ ഈ സമ്മേളനങ്ങളിൽ സന്നിഹിതരാകുന്നതാണ്. സ്ഥലവും സമയവും താഴെ കൊടുക്കുന്നു.

| തീയതി, സമയം | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| നവംബർ 23 വ്യാഴം 9.30 am - 1.00 pm | ഇരിട്ടി | പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ |
| ഡിസംബർ 4 ശനി 9.00 am - 1.00 pm | പടന്നക്കാട് | കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, പനത്തടി, തോമാപുരം |
| ഡിസംബർ 11 ശനി 9.00 am - 1.00 pm | ആലക്കോട് | തളിപ്പറമ്പ്, വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി, ചെറുപുഴ |
| ഡിസംബർ 11 ശനി 2.00 pm - 5.00 pm | ചെമ്പേരി | ചെമ്പന്തൊട്ടി, പൈസക്കരി, ചെമ്പേരി |

**ജീവകാരുണ്യഫണ്ട് വരവ് :** ആയന്നൂർ പള്ളിയിൽ നിന്നുള്ള ജീവകാരുണ്യഫണ്ട് വരവ് - 11020 രൂപ

## 4. ബൈബിൾ ഞായർ

ഡിസംബർ 31 കേരള സഭയിൽ "ബൈബിൾ ഞായർ" ആയും ഡിസംബർ മാസം ബൈബിൾ പാരായണ മാസമായും ആഘോഷിക്കുകയാണ്. നവംബർമാസത്തെ ബുള്ളറ്റിനിൽ നല്കിയിരിക്കുന്ന സർക്കുലർ ശ്രദ്ധിക്കു

മല്ലോ. ഡിസംബർ 31ന് എടുക്കുന്ന സ്തോത്രക്കാഴ്ച ബൈബിൾ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി സമാഹരിക്കുകയും അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

## 5. നവവൈദികർ

ഈ വർഷം നമ്മുടെ അതിരൂപതക്കുവേണ്ടി 10 മ്ശംശാനമാർ തിരുപ്പട്ടം സ്വീകരിക്കുന്നു. കുന്നോത്ത്, ആലുവ, കോട്ടയം, സത്ന എന്നീ സെമിനാരികളിലായി വൈദികപരിശീലനം പൂർത്തിയാക്കി തിരുപ്പട്ടസ്വീകരണത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ വൈദിക വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. തിരുപ്പട്ടസ്വീകരണങ്ങളുടെ സ്ഥലവും സമയവും താഴെ ചേർക്കുന്നു.

| നമ്പർ, | പേര് | ഫോൺ | ഇടവക | തീയതി | സമയം |
|---|---|---|---|---|---|
| 1. | ജോർജ് ചാലിൽ | 9061327042 | കച്ചേരിക്കടവ് | 26-12-17 | 09.00 |
| 2. | ജോസഫ് കളപ്പുരയ്ക്കൽ | 8086845262 | അങ്ങാടിക്കടവ് | 27-12-17 | 09.00 |
| 3. | വർഗ്ഗീസ് കളപ്പുരയ്ക്കൽ | 8157922650 | അങ്ങാടിക്കടവ് | 27-12-17 | 09.00 |
| 4. | ജോൺസൺ പുലിയുറുമ്പിൽ | 9539594820 | വരക്കാട് | 28-12-17 | 09.00 |
| 5. | തോമസ് മേനപ്പാട്ടുപടിക്കൽ | 8547305306 | ഭീമനടി | 28-12-17 | 09.00 |
| 6. | മാത്യു കുന്നേൽ | 8400533622 | എടക്കാനം | 01-01-18 | 09.00 |
| 7. | ജോസഫ് ഓരത്തേൽ | 9645725895 | ചെടിക്കുളം | 02-01-18 | 09.00 |
| 8. | കുര്യാക്കോസ് പ്ലാവുനിൽക്കുംപറമ്പിൽ | 9400652328 | കാര്യപ്പള്ളി | 03-01-18 | 08.30 |
| 9. | തോമസ് പന്തലാനിക്കൽ | 9526126113 | പനത്തടി | 04-01-18 | 09.15 |
| 10. | ജോൺ കൂവപ്പാറയിൽ | 9946217264 | മുളക്കുളം-പാലാ | 06-01-18 | 09.15 |

## 6. മംഗലവാർത്തക്കാലം

നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാളിനൊരുക്കമായുള്ള ഇരുപത്തഞ്ച് നോമ്പ് ആചരിക്കുന്നതിനാൽ ഡിസംബർ 1 മുതൽ 24 വരെ ദിവസങ്ങളിൽ വിവാഹാഘോഷങ്ങൾക്ക് മുടക്കുണ്ടായിരിക്കും. ഇക്കാലയളവിൽ വരുന്ന മറ്റ് ആഘോഷങ്ങളും നോമ്പിന്റെ ചൈതന്യത്തിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## 7. കൂരിയ, ട്രൈബ്യൂണൽ അവധി

ക്രിസ്മസ് പ്രമാണിച്ച് ഡിസംബർ 21 മുതൽ 27 വരെ അതിരൂപതാക്കച്ചേരിക്കും ട്രൈബ്യൂണലിനും അവധിയായിരിക്കും. ഈ വിവരം ബഹു. വികാരിയച്ചന്മാർ ഇടവക ജനങ്ങളെ അറിയിക്കുമല്ലോ.

## 8. പുതിയ പാസ്റ്ററൽ കൗൺസിൽ

എല്ലാ ഫൊറോനകളിലും പുതിയ ഫൊറോനകൗൺസിലുകൾ രൂപീ

കരിച്ചുകാണുമെന്ന് കരുതുന്നു. ഫൊറോന കൗൺസിൽ അംഗങ്ങളുടെ ലിസ്റ്റും പാസ്റ്ററൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മൂന്ന് അംഗങ്ങളുടെ പേരുകളും ഇനിയും നല്കാത്ത ഫൊറോനവികാരിമാർ എത്രയും പെട്ടെന്ന് അവ അതിരൂപതാ കൂരിയായിൽ എത്തിക്കേണ്ടതാണ്. ഡിസംബർ മാസത്തെ മാസധ്യാന കൂട്ടായ്മയിൽവച്ച് പുതിയ പാസ്റ്ററൽ കൗൺസിലിലേക്കുള്ള വൈദികപ്രതിനിധിയെ എല്ലാ ഫൊറോനകളിൽനിന്നും തിരഞ്ഞെടുത്ത് ഡിസംബർ 25-നു മുമ്പ് ആ വിവരം കൂരിയായിൽ അറിയിക്കുമല്ലോ. പഴയ പാസ്റ്ററൽ കൗൺസിലിലേക്ക് ഇക്കഴിഞ്ഞ ജൂണിൽ തിരഞ്ഞെടുത്തവരുടെയും കാലാവധി അവസാനിച്ചിരിക്കുകയാണ്. അതിനാൽ 16 ഫൊറോനകളിൽനിന്നും പുതിയ പാസ്റ്ററൽ കൗൺസിൽ പ്രതിനിധികളായി ആ ഫൊറോനയിലെ ഇടവക വികാരിമാരിൽ ഒരാളെ തിരഞ്ഞെടുക്കേണ്ടതാണ്. എല്ലാ ഫൊറോന വികാരിയച്ചന്മാരും പാസ്റ്ററൽ കൗൺസിലിൽ ഔദ്യോഗിക അംഗങ്ങളാണ്.

## 9. പുതിയ അഡ്രസ്

ബഹു. ജോർജ് അച്ചാണ്ടി അച്ചൻ ഇറ്റലിയിലെ സീറോ-മലബാർ വിശ്വാസികളുടെ ഇടയിൽ ശുശ്രൂഷ ചെയ്യാനായി പുറപ്പെട്ടു. ഇറ്റലിയിലെ സിസിലി പ്രദേശത്തുള്ള പത്തി എന്ന രൂപതയിൽ താമസിച്ചുകൊണ്ടാണ് അച്ചൻ അജപാലനപ്രവർത്തനങ്ങൾ നടത്തുന്നത്. അച്ചന് എല്ലാ ഭാവുകങ്ങളും നേരുന്നു.

അഡ്രസ്സ്: Don Giorgio Achanday, Vice Parrocco e Cappellanno dei
Syro Malabaresi, Piazza Cattedrale-98066
Patti (ME) Italy, Phone: 0039 3397 316338

## 10. സീറോ – മലബാർ മിഷൻവാരം

2018 ജനുവരി 6 മുതൽ 12വരെ സീറോ-മലബാർ പ്രേഷിതവാരം ആഘോഷിക്കുകയാണ്. പ്രേഷിതവാരപ്രാർത്ഥനാ കാർഡുകളും കവറുകളും എല്ലാ ഇടവകകളിലേക്കുമുള്ളത് ചെറുപുഷ്പമിഷൻലീഗിന്റെ നേതൃത്വത്തിൽ ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. ബഹു. വികാരിയച്ചന്മാർ ഫൊറോനകളിൽനിന്നും കാർഡുകൾ എടുത്തുകൊണ്ടുപോവുകയും വീടുകളിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

## 11. പള്ളികളിലെ സിനിമ ചിത്രീകരണം

2017 ആഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 1 വരെ ചേർന്ന സീറോ-മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം പള്ളികളും ചാപ്പലുകളും സിനിമ സീരിയൽ ചിത്രീകരണങ്ങൾക്കായി അനുവദിക്കാൻ പാടില്ല. എന്നാൽ ഗുഡ്നെസ് ടി.വി, ശാലോം ടി.വി. തുടങ്ങിയ കത്തോലിക്കാ ചാനലുകളുടെ പ്രോഗ്രാമുകൾ ചിത്രീകരിക്കാൻ അനുവദിക്കാവുന്നതാണ്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ.

## 12. ആദരാഞ്ജലികൾ

**സി. മാർഗരറ്റ് മേരി എസ്.എച്ച്.:** ബഹു. ജോൺ പന്ന്യാമ്മാക്കലച്ചന്റെ സഹോദരി, തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ മാനന്തവാടി പ്രോവിൻസിലെ അംഗമായ സി. മാർഗരറ്റ് മേരി ഇക്കഴിഞ്ഞ നവംബർ 2-ാം തീയതി നിര്യാതയായി. പരേതയ്ക്ക് നിത്യശാന്തി നേരുകയും ദുഃഖാർത്തരായ കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുയും ചെയ്യുന്നു. സംസ്ക്കാരകർമ്മത്തിൽ മാർ ജോർജ് വലിയമറ്റം പിതാവ് സംബന്ധിച്ചു.

**സി. അലോഷ്യസ് എഫ്.സി.സി:** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനീ സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. അലോഷ്യസ് (73) 2017 നവംബർ 22ന് നിര്യാതയായി. പരേത കോട്ടയം ജില്ലയിലെ രാമപുരം ഇടവകയിൽ ഇരട്ടപ്ലാക്കൽ കുടുംബാംഗമാണ്. മാനന്തവാടി രൂപതയിൽ കെല്ലൂർ, കല്ലോടി, ദ്വാരക എന്നീ ഭവനങ്ങളിലും താമരശ്ശേരി രൂപതയിൽ ഈരൂടും തലശ്ശേരി അതിരൂപതയിൽ വെള്ളരിക്കുണ്ട്, ചെമ്പന്തൊട്ടി, കുന്നോത്ത്, കുടിയാന്മല, കരിക്കോട്ടക്കരി എന്നിവിടങ്ങളിലും അധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1998ൽ അധ്യാപന ജീവിതത്തിൽനിന്നും വിരമിച്ച സി. അലോഷ്യസ് കാഞ്ഞിരടുക്കം, ഉദയപുരം, പരിയാരം എന്നിവിടങ്ങളിൽ ഇടവകാപ്രവർത്തനങ്ങളിൽ അതീവ ശ്രദ്ധ ചെലുത്തിയിരുന്നു. പല തലത്തിലുള്ള രോഗങ്ങൾമൂലം 2004 മുതൽ കണ്ണൂർ ജ്യോതിഭവൻ പ്രൊവിൻഷ്യലേറ്റിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. 23-ാം തീയതി കുന്നോത്ത് നൊവിഷ്യേറ്റു ഭവനത്തിൽ നടത്തിയ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മാർ ജോർജ് ഞറളക്കാട്ട് നേതൃത്വം കൊടുത്തു. പരേതയുടെ നിസ്തുലമായ സേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.



## 13. സ്നേഹസ്മൃതി

1. റവ. ഫാ. അബ്രാഹം കുഴുമുള്ളോരം - 14-12-1982
2. റവ. ഫാ. ജോർജ് തടത്തിൽ - 24-12-1998
3. റവ. ഫാ. അഗസ്റ്റിൻ കീലത്ത് - 24-12-2011
4. റവ. ഫാ. അഗസ്റ്റിൻ കിഴക്കരക്കാട്ട് - 25-12-1982
5. റവ. ഫാ. ഫ്രാൻസീസ് അറയ്ക്കൽ - 25-12-2001
6. റവ. ഫാ. ജോസഫ് മുക്കാട്ട് - 26-12-1994

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# തലശ്ശേരി അതിരൂപതയുടെ ആദ്യസഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനിയുടെ മെത്രാഭിഷേകചടങ്ങുകൾ

2017 നവംബർ മാസം 8-ാം തീയതി ബുധനാഴ്ച, തലേന്നു പെയ്ത മഴ, ജ്വലിച്ചു നില്ക്കുന്ന സൂര്യന് വഴിമാറിക്കൊടുത്ത പ്രഭാതം. തലശ്ശേരി മെത്രാപ്പോലീത്തൻ പള്ളി മൈതാനിയിൽ സജ്ജമാക്കിയ ലളിത സുന്ദരവും എന്നാൽ പ്രൗഢഗംഭീരവുമായ പന്തലിലേക്ക് മെത്രാഭിഷേകകർമ്മങ്ങളിൽ പങ്കെടുക്കാനെത്തിയ തലശ്ശേരി അതിരൂപതയിൽ നിന്നുമാത്രമല്ല കേരളത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള വിശ്വാസികളുടെ പ്രവാഹം അതിരാവിലെ തന്നെ ആരംഭിച്ചു. കൃത്യം 9.10ന് അഭിവന്ദ്യപിതാക്കന്മാരാൽ അനുഗതനായി ദൈവാലയ കവാടത്തിലെത്തിയ നിയുക്തമെത്രാനെ ഭദ്രാസനപള്ളി വികാരി പെരിയ ബഹു. മാത്യു തെക്കേമുറിയച്ചൻ ബൊക്കെ നല്കി സ്വീകരിച്ചു. സി.ബി.സി.ഐ. പ്രസിഡന്റ് മോറാൻ മാർ ബസേലിയോസ് ക്ലീമീസ് ബാവ, കെ.സി.ബി.സി. പ്രസിഡന്റ് റൈറ്റ് റവ. ഡോ. സൂസൈപാക്യം, ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് എന്നിവരെ മോൺ. അലക്സ് താരാമംഗലം, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. മനോജ് എം.കണ്ടത്തിൽ, കത്തീഡ്രൽ ഇടവക കോ-ഓർഡിനേറ്റർ ശ്രീ ബെന്നി തോമസ് എന്നിവർ ചേർന്ന് സ്വീകരിച്ചു. സ്വീകരണ സമയത്ത്, "തലശ്ശേരിക്ക് തിലകം ചാർത്താൻ സഭയുടെ തനയൻ നിയുക്തനായി" എന്നാരംഭിച്ച സ്വാഗതഗാനം ഗായകസംഘം ആലപിച്ചു.

മെത്രാഭിഷേകത്തിന് പ്രാരംഭമായുള്ള പ്രദക്ഷിണം സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂളിൽ നിന്നു ആരംഭിച്ചു. ഗായകസംഘം "പരിശുദ്ധാത്മാവേ വരിക" എന്നർത്ഥം വരുന്ന "വേനി ക്രെയാത്തോർ സ്പിരിത്തൂസ്" എന്ന ലത്തീൻ ഭാഷയിലുള്ള ഗാനം ആലപിക്കവേ സ്ലീവായുടെ പിന്നിൽ തിരുവസ്ത്രങ്ങളണിഞ്ഞ നൂറുകണക്കിനു വൈദികരും തുടർന്ന് മെത്രാന്മാരും മെത്രാപ്പോലീത്താമാരും അണിനിരന്നു. പ്രദക്ഷിണത്തിന്റെ ഏറ്റവും പുറകിൽ സ്ലീവ, ധൂപകുറ്റി, വി.ഗ്രന്ഥം, തിരികൾ എന്നിവ വഹിക്കുന്നവർക്കു പിന്നിലായി ആർച്ചുഡീക്കനായിരുന്ന മോൺ. അലക്സ് താരാമംഗലത്തോടൊപ്പം പാലിയത്തിനു കീഴിൽ നിയുക്തമെത്രാൻ വേദിയിലേക്ക് ആഗതനായി. പ്രദക്ഷിണത്തിൽ വി. ഗ്രന്ഥം സംവഹിച്ചത് പാംപ്ലാനി പിതാവിന്റെ സഹോദരൻ ഫാ. അഗസ്റ്റിൻ പാംപ്ലാനി സി.എസ്.ടി. ആയിരുന്നു. പ്രദക്ഷിണം ബലിപീഠത്തിനു സമീപം എത്തിയപ്പോൾ കത്തീഡ്രൽ പള്ളിയിൽനിന്നും മെത്രാഭിഷേക കർമ്മത്തിന്റെ മുഖ്യകാർമ്മികൻ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട്, സഹകാർമ്മികരായ മാർ ജോർജ് വലിയമറ്റം, മാർ ജോസഫ് കല്ലറങ്ങാട്ട് എന്നിവർ പ്രദക്ഷിണമായി എത്തിച്ചേർന്നു.

എല്ലാവരും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായപ്പോൾ തലശ്ശേരി അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഏവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിനെയും അഭിവന്ദ്യ വലിയമറ്റം പിതാവിനെയും അനുസ്മരിച്ചുകൊണ്ടാണ്, ആർച്ചുബിഷപ്പ് സ്വാഗതഭാഷണം ആരംഭിച്ചത്. പൗരോഹിത്യത്തിന്റെ പൂർണ്ണതയാണ് മെത്രാൻ പട്ടം എന്നും സഭയിൽ പുതിയ രൂപതകളും മെത്രാന്മാരും ഉണ്ടാകുന്നത് ദൈവജനത്തിന് കൂടുതൽ സേവനം ചെയ്യാനുള്ള സൗകര്യമൊരുക്കാനാണെന്നും 200ൽ പരം ഇടവകകളും 3 ലക്ഷത്തിലധികം വിശ്വാസികളും ഉള്ള തലശ്ശേരി അതിരൂപതയിൽ കൂടുതൽ കാര്യക്ഷമമായ അജപാലന ശുശ്രൂഷയ്ക്ക് സഹായമെത്രാന്റെ സാന്നിദ്ധ്യം സഹായിക്കുമെന്നും ഇത് തികച്ചും ഉചിതമായ തിരഞ്ഞെടുപ്പാണെന്നും അഭിവന്ദ്യ പിതാവ് പറഞ്ഞു. പാണ്ഡിത്യവും വിശുദ്ധിയും അനുഭവജ്ഞാനവുമുള്ള ആളാണ് നിയുക്തമെത്രാനെന്ന് പിതാവ് പറഞ്ഞു. തുടർന്ന് സീറോ-മലബാർ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, തലശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി മോൺ. ജോസഫ് പാംപ്ലാനിയെ നിയമിച്ചുകൊണ്ട് നല്കിയ നിയമനപത്രം അതിരൂപത ചാൻസലർ റവ. ഡോ. തോമസ് തെങ്ങുംപള്ളിൽ വായിച്ചു. തത്സമയം എല്ലാവരും ആദരപൂർവ്വം എഴുന്നേറ്റ് നില്ക്കുകയും നിയമനപത്ര വായന അവസാനിച്ചതോടെ ആഹ്ലാദസൂചകമായി കരഘോഷമുയരുകയും ചെയ്തു.

മെത്രാഭിഷേകകർമ്മങ്ങൾ ആരംഭിച്ചത് രക്തസാക്ഷികളുടെ തിരുശേഷിപ്പ് വന്ദനത്തോടുകൂടിയാണ്. വി. തോമാശ്ലീഹാ മുതൽ വാഴ്ത്തപ്പെട്ട സി. റാണിമരിയവരെയുള്ള രക്തസാക്ഷികളുടെ തിരുശേഷിപ്പ് സ്ഥാപിച്ച പീഠത്തിനുമുമ്പിൽ നിയുക്തമെത്രാൻ പ്രാർത്ഥനാ നിരതനായി നിന്നപ്പോൾ ഗായകസംഘം രക്തസാക്ഷികളോടുള്ള ഗീതം ആലപിച്ചു. തുടർന്ന് കാർമ്മികന്റെ മുമ്പിൽ മുട്ടുകുത്തിനിന്ന് ആദ്ദേഹം വിശ്വാസപ്രഖ്യാപനം നടത്തി. അതിനുശേഷം കർത്തൃപ്രാർത്ഥനയോടെ പ്രാർത്ഥനകൾ ആരംഭിച്ചു.

81-ാം സങ്കീർത്തനത്തിനും നാല് കാനോന പ്രാർത്ഥനകൾക്കുശേഷം മെത്രാഭിഷേക കർമ്മത്തിലെ ഏറ്റവും ഹൃദയാവർജകമായ ചടങ്ങുകളിലേക്ക് പ്രവേശിച്ചു. കാർമ്മികന്റെ മുമ്പിൽ നമ്രശിരസ്കനായി മുട്ടുകുത്തിനിന്ന നിയുക്തമെത്രാന്റെ ചുമലിൽ ആർച്ചുഡീക്കൻ ശോശപ്പ വിരിച്ചു; അതിന്മേൽ സുവിശേഷഗ്രന്ഥം വച്ചുകൊണ്ട് കാർമ്മികൻ വി. മത്തായിയുടെയും യോഹന്നാന്റെയും സുവിശേഷങ്ങളിൽനിന്നുള്ള ഭാഗങ്ങൾ വായിച്ചു. സുവിശേഷ വായനക്കുശേഷം കാർമ്മികൻ സുവിശേഷ പുസ്തകം നിയുക്തമെത്രാന്റെ ചുമലിൽ തന്നെ അടച്ചുവച്ചു. സഹകാർമ്മികർ ഇരുവശങ്ങളിലുംനിന്ന് നിയുക്തമെത്രാന്റെ ചുമലിൽ കൈവച്ച് നിന്നു. ശുശ്രൂഷാ പൗരോഹിത്യത്തിന്റെ പൂർണ്ണതയായ മെത്രാൻ പട്ടം ഈ ദാസനേകുവാനായി പരിശുദ്ധാത്മാവേ

വേഗം പറന്നിറങ്ങണമേ എന്ന പ്രാർത്ഥനാഗാനം ഈ സമയം ഗായകസംഘം ആലപിച്ചു. തുടർന്നാണ് മെത്രാൻപട്ടക്രമത്തിന്റെ സുപ്രധാന പ്രാർത്ഥനകളായ സ്യാമീദ, അഥവാ, കൈവയ്പുപ്രാർത്ഥനകൾ നടന്നത്. അംശവടിയും മുടിയും ധരിച്ച് നിയുക്തമെത്രാനെ സമീപിച്ച് കാർമ്മികൻ വലതുകരം അർത്ഥിയുടെ ശിരസ്സിൽവച്ചും ഇടതുകരം ഉയർത്തിപ്പിടിച്ചും കൈവയ്പുപ്രാർത്ഥനകൾ ചൊല്ലി പാംപ്ലാനി ബ. ജോസഫച്ചനെ മെത്രാനായി അഭിഷേകം ചെയ്തു. അതേതുടർന്ന് മെത്രാന്റെ ഔദ്യോഗിക സ്ഥാനചിഹ്നമായ മുടിയും അംശവടിയും നവാഭിഷിക്തനെ ധരിപ്പിക്കുകയും നെറ്റി റൂശ്മചെയ്ത് മെത്രാഭിഷേകകർമ്മം നടത്തുകയും ചെയ്തു. പുതിയ മെത്രാന്റെ അഭിഷേകകർമ്മം അവസാനിച്ചത് അവിടെ സന്നിഹിതരായിരുന്ന മുഴുവൻ മെത്രാന്മാരും അദ്ദേഹത്തിന് അഭിനന്ദനങ്ങൾ അർപ്പിച്ചതോടുകൂടിയാണ്.

മെത്രാഭിഷേകകർമ്മത്തെത്തുടർന്ന് പുതിയ മെത്രാന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാന സ്ലീവാചുംബനത്തോടെ ആരംഭിച്ചു. വി. കുർബാന മധ്യേയുള്ള വചനസന്ദേശം നല്കിയത് സി.ബി.സി.ഐ. പ്രസിഡന്റും മലങ്കര സഭാ തലവനുമായ മോറാൻ മാർ ക്ലീമീസ് കാർഡിനൽ ബസേലിയോസ് തിരുമേനിയാണ്.

വി. കുർബാനയ്ക്കുശേഷം നടന്ന ഹ്രസ്വമായ ചടങ്ങിൽ കെ.സി.ബി.സി. പ്രസിഡന്റും തിരുവനന്തപുരം മെത്രാപ്പോലീത്തയുമായ ആർച്ചുബിഷപ്പ് സൂസൈപാക്യം, ബൽത്തംഗടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി, എ.കെ.സി.സി. അതിരൂപതാ പ്രസിഡന്റ് ശ്രീ ദേവസ്യ കൊങ്ങോല എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. അഭിവന്ദ്യ മാർ ജോസഫ്  പാംപ്ലാനി പിതാവ് മെത്രാൻ പദവിയിലേക്ക് കൈപിടിച്ചു നടത്തിയ എല്ലാവരെയും തന്റെ മറുപടിപ്രസംഗത്തിൽ നന്ദിയോടെ അനുസ്മരിച്ചു. സെമിനാരിയിൽ സ്വീകരിച്ച അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിനെയും പൗരോഹിത്യപട്ടം നല്കിയ അഭിവന്ദ്യ വലിയമറ്റം പിതാവിനെയും മെത്രാൻ പട്ടം നല്കിയ അഭിവന്ദ്യ ഞറളക്കാട്ട് പിതാവിനെയും അദ്ദേഹം പ്രത്യേകം അനുസ്മരിച്ചു. സിൻചെല്ലൂസ് മോൺ. ജോർജ് എളൂക്കുന്നേൽ കൃതജ്ഞതാപ്രകാശനം നടത്തി. ഗായകസംഘം ആലപിച്ച ആശംസാ ഗാനത്തോടെ ചടങ്ങുകൾ പര്യവസാനിച്ചു.

ഈ മെത്രാഭിഷേക കർമ്മം രണ്ട് സവിശേഷകാര്യങ്ങൾകൊണ്ട് മാധ്യമങ്ങൾ ഉൾപ്പെടെയുള്ളവരുടെ സവിശേഷ ശ്രദ്ധ പിടിച്ചുപറ്റി ആദ്യത്തേത് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി നടത്തിയ മാവിൻതൈ വിതരണമായിരുന്നു. റ്റി.എസ്.എസ്.എസ്. ഡയറക്ടർ ബഹു. തോമസ് തയ്യിലച്ചന്റെ നേതൃത്വത്തിൽ 6000 ത്തോളം വൃക്ഷതൈകൾ ചടങ്ങിൽ സംബന്ധിച്ച എല്ലാവർക്കും സൗജന്യമായി വിതരണം ചെയ്തു. വൃക്ഷതൈ വിതരണം അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പ് മോറാൻ മാർ ക്ലീമിസ് കാതോലിക്കാബാ

വക്ക് നല്കിക്കൊണ്ട് ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. “ഒരു തൈ നടാം നല്ല നാളേക്കായി” എന്നെഴുതിയ പ്രകൃതി സൗഹൃദ സഞ്ചികളിലാണ് തൈകൾ വിതരണം ചെയ്തത്. ചടങ്ങിനെത്തിയ എല്ലാവർക്കും ഭക്ഷണവും നല്കി. അതുപോലെ എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റിയ പരിപാടിയായിരുന്നു ബഹു. ജോർജ് കളരിമുറി അച്ചന്റെ നേതൃത്വത്തിൽ ‘ആഡം’ ശുശ്രൂഷ ടീം ശ്രവണ-സംസാര വൈകല്യമുള്ളവർക്കായി പരിപാടികൾ അവരുടെ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി നല്കിയത്.

കേരളത്തിലെ നിരവധി മെത്രാപ്പോലീത്തമാരുടെയും മെത്രാന്മാരുടെയും സാന്നിധ്യം കൊണ്ട് ചടങ്ങ് അനുഗ്രഹീതമായി. മലങ്കരസഭ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ, ആർച്ചുബിഷപ്പ് ഡോ. എം. സൂസൈപാക്യം, ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ചുബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി, മാർ തോമസ് തറയിൽ, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ, മാർ മാത്യു അറയ്ക്കൽ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജോസ് പുളിക്കൻ, മാർ ജോർജ് രാജേന്ദ്രൻ, മാർ ടോണി നീലങ്കാവിൽ, മാർ റാഫേൽ തട്ടിൽ, മാർ പോളി കണ്ണൂക്കാടൻ, മാർ ജോസഫ് പണ്ടാരശ്ശേരിൽ, മാർ എഫ്രേം നരിക്കുളം, മാർ ജേക്കബ് മനത്തോടത്ത്, മാർ ജോസഫ് അരുമച്ചാടത്ത്, മാർ ലോറൻസ് മുക്കുഴി, മാർ ആന്റണി കരിയിൽ, മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, മാർ ജോസഫ് പൊരുന്നേടം, മാർ സ്റ്റീഫൻ ചിറപ്പണത്ത്, മാർ ജോസഫ് കുന്നത്ത്, മാർ സെബാസ്റ്റ്യൻ പൊഴലിപറമ്പിൽ, മാർ ജോർജ് പുന്നക്കോട്ടിൽ, മാർ ജോസ് പുത്തൻവീട്ടിൽ, ഡോ. തോമസ് മാർ യൗസേബിയോസ്, ഡോ എബ്രാഹം മാർ യൂലിയോസ്, ഡോ. ജോസഫ് മാർ തോമസ്, ഡോ. തോമസ് മാർ അന്തോണിയോസ്, ഡോ. സാമുവൽ മാർ ഐറേന്നിയോസ്, ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ, ഡോ. അലക്സ് വടക്കുംതല, ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ, ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ തുടങ്ങിയ അഭിവന്ദ്യപിതാക്കന്മാർ ചടങ്ങിൽ സംബന്ധിച്ചു.

മെത്രാഭിഷേക കർമ്മം ഭംഗിയായും അച്ചടക്കത്തോടെയും നടത്താൻ സഹായിച്ച, സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു. വിവിധകമ്മറ്റികളുടെ കൺവീനർമാരുടെയും അംഗങ്ങളുടെയും കൂട്ടായ പരിശ്രമംവഴിയാണ് തലശ്ശേരിരൂപതയ്ക്ക് അഭിമാനകരമായ വിധത്തിൽ എല്ലാം ക്രമീകരിക്കാൻ സാധിച്ചത്. പുതിയ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവിന് ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

## 1. ക്രിസ്മസ് പരീക്ഷ ഡിസംബർ 10

ക്രിസ്മസ് പരീക്ഷ ഡിസംബർ 10ന് ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട ഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 വരെയുള്ള അദ്ധ്യായങ്ങൾ<br>4–5 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10വരെയുള്ള അദ്ധ്യായങ്ങൾ<br>5–8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 വരെയുള്ള അദ്ധ്യായങ്ങൾ<br>3–4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 വരെയുള്ള അദ്ധ്യായങ്ങൾ<br>6–10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 വരെയുള്ള അദ്ധ്യായങ്ങൾ<br>3–4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6–10 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 2: 1–5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5–8 വരെയുള്ള അദ്ധ്യായങ്ങൾ<br>3–4 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 6–10 വരെയുള്ള അദ്ധ്യായങ്ങൾ |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

## 2. ജനറൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയ്ക്ക് 5 മാർക്കിന്റെ ജനറൽ ചോദ്യങ്ങൾ 4–ാം ക്ലാസ് മുതൽ 12–ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

## 3. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

a. 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2017-2018 എന്ന തലക്കെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. ഡിസംബർ 15 നുള്ളിൽ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

b. എല്ലാവർഷവും ചെയ്യുന്നതുപോലെ കുട്ടികളുടെ പേരുവിവരങ്ങൾ ചേർത്ത രജിസ്ട്രേഷൻ ഫോമും വെബ്സൈറ്റിൽ റിപ്പോർട്ട് സെക്ഷനിലെ ഡിപ്ലോമ രജിസ്ട്രേഷൻ 2017-2018 എന്നതിന്റെ പ്രിന്റ് ചെയ്ത കോപ്പിയും കൂടി ഡിസംബർ 20നകം ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഡിപ്ലോമ രജിസ്ട്രേഷൻ ഫോം ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പറിനോടൊപ്പം തരുന്നതാണ്. വെബ്സൈറ്റിൽ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2017-2018ൽ കാണുന്ന ക്രമത്തിലായിരിക്കണം രജിസ്ട്രേഷൻ ഫോമിൽ ചേർക്കേണ്ടത്. രജിസ്ട്രേഷൻ ഫോമിന്റെ കോപ്പികൾ കൂടുതൽ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽ നിന്ന് എടുക്കാവുന്നതാണ്. ലീഗൽ പേപ്പറിലാണ് പ്രിന്റു ചെയ്യേണ്ടത്.

## 4. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2018 ജനുവരി 26-ന് നടത്തുന്ന പരീക്ഷയക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് ഡിസംബർ 20നകം അയച്ചുതരേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

## 5. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ

എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ട താണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീ സിൽനിന്ന് ചേർക്കുന്നതാണ്.) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻ മെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

## 6. സീറോമലബാർ പ്രതിഭാസംഗമം 2017

2011 അധ്യയനവർഷം മുതൽ ഓരോ രൂപതയിൽനിന്നും തിരഞ്ഞെടു ക്കുന്ന 12-ാം ക്ലാസിലെ രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും സഭാതലത്തിൽ സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേക പരിശീലനം കൊടുക്കുന്നു. ഈ വർഷം ഫൊറോനയിൽനിന്നും തിരഞ്ഞെ ടുത്തിരിക്കുന്ന കുട്ടികളുടെ അതിരൂപതാ ക്യാമ്പ് ഡിസംബർ 2,3 തീയതി കളിലായി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് ഞായറാഴ്ച 1 മണിക്ക് അവസാനിക്കുന്നു. അതിരൂപതാ ക്യാമ്പിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന സീറോമലബാർ പ്രതിഭാസംഗമത്തിലേക്ക് അയക്കുന്നതായിരിക്കും.

## 7. വിശ്വാസോത്സവം 2018

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവത്തിന് ആവശ്യമായ വർക്ക്ബുക്കുകളുടെ ഓർഡർഫോം ക്രിസ്മസ് പരീക്ഷാ ചോദ്യപേപ്പറി നോടൊപ്പം അയക്കുന്നു. കൂടാതെ ഓർഡർ ഫോം വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. കൃത്യമായ എണ്ണം ഓർഡർഫോമിൽ ചേർത്ത് ജനുവരി 10ന് മുമ്പ് ഓഫീസിലേക്ക് അയക്കേണ്ടതാണ്.

## 8. സെമിനാർ (ആസ്പെക്ട്)

അധ്യാപകർക്കായി ഫൊറോനാതലത്തിൽ ക്രമീകരിച്ചിരിക്കുന്ന രണ്ടാമത്തെ ഏകദിന സെമിനാർ **"ഭാരത കത്തോലിക്ക സഭ ഇന്നലെയും ഇന്നും"** എന്ന സഭാചരിത്രഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിന്റെ പഠനമാണ്. സഭാചരിത്രം വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് ഫൊറോനയിലെ മുഴു വൻ അധ്യാപകരും സെമിനാറിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്. എല്ലാവരുടെയും സൗകര്യാർത്ഥം ക്ലാസ്സുകൾ ഉച്ചകഴിഞ്ഞ് 2 മുതൽ 5.30 വരെ യായിരിക്കും. സെമിനാറുള്ള ദിവസം വേദപാഠക്ലാസ്സ് ഒരുമണിക്ക് അവസാ

നിപ്പിച്ച് പൊതുവായി ഭക്ഷണം കഴിച്ച് എല്ലാവരും ഒരുമിച്ച് സെമിനാറിൽ എത്തുമല്ലോ.

| ഡിസംബർ മാസത്തെ സെമിനാർ | | | |
|---|---|---|---|
| **തീയതി** | **ഫൊറോന** | **സ്ഥലം** | **സമയം** |
| 09 ശനി | കുന്നോത്ത് | കുന്നോത്ത് | 9.30 - 1.00 pm |
| 09 ശനി | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ | 9.30 - 1.00 pm |
| 10 ഞായർ | ചെറുപുഴ | ചെറുപുഴ | 2.00 - 5.30 pm |
| 17 ഞായർ | പൈസക്കരി | പൈസക്കരി | 2.00 - 5.30 pm |
| 17 ഞായർ | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി | 2.00 - 5.30 pm |
| 17 ഞായർ | വായാട്ടുപറമ്പ് | കരുവഞ്ചാൽ | 2.00 - 5.30 pm |

N.B: ക്ലാസ്സിന് വരുമ്പോൾ നിർബന്ധമായും ടെക്സ്റ്റ് ബുക്ക് കൊണ്ടുവരേണ്ടതാണ്. 9-ാം തീയതി ശനിയാഴ്ച കുന്നോത്തും നെല്ലിക്കാംപൊയിലിലും രാവിലെ 8.45ന് വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

### 9. ഡയറക്ടറച്ചന്റെ സന്ദർശനം

തളിപ്പറമ്പ് ഇടവക സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സെടുക്കുകയും ചെയ്തു.

ക്രിസ്മസ് നവവത്സരാംശസകളോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ


**ദിവ്യനക്ഷത്രം**
(പരിഷ്ക്കരിച്ച രണ്ടാംപതിപ്പ്)

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ടിന്റെ അവതാരിക
പേജ് 105, വില 80

ഗ്രന്ഥകർത്താവ് - ഫാ. ആൻഡ്രൂസ് തെക്കേക്കണ്ടം
ഫോൺ : 9447641441

# ബൈബിൾ അപ്പൊസ്തോലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ബൈബിൾ പാരായണമാസം

ഡിസംബർ 31-ാം തീയതി ബൈബിൾ ഞായറാഴ്ചയായി കേരളസഭ ആചരിക്കുന്നു. ബൈബിൾ പാരായണമാസമായി കെ.സി.ബി.സി നിർദ്ദേശിക്കുന്നത് ഡിസംബർ മാസമാണ്. വചനം മാംസം ധരിച്ച യേശുവിൽ വളരാനും വചനതീക്ഷ്ണതയിൽ ജ്വലിക്കാനും ബൈബിൾ പാരായണമാസം സമുചിതമായി ആചരിക്കുവാൻ ഇടവകാതലത്തിൽ ഏവരും ശ്രമിക്കുമല്ലോ. സമ്പൂർണ്ണ ബൈബിൾ 96 മണിക്കൂറുകൾകൊണ്ട് വായിച്ച് തീർക്കാവുന്നതാണ്. അഖണ്ഡ ബൈബിൾ പാരായണം ഇടവകകളിൽ സംഘടിപ്പിക്കുന്നത് ഉചിതമാണ്. വചനോന്മുഖ ജീവിതം നയിക്കുവാൻ വിശ്വാസി ആരംഭം കുറിക്കുന്നത് വചനപാരായണത്തിലൂടെയാണ്. സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ അവസാനഭാഗത്ത് നല്കിയിട്ടുണ്ട്.

## 2. ബിരുദദാന ചടങ്ങ്: ഡിസംബർ 9, സെന്റ് മേരീസ് ചർച്ച് ദുബായ്

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ഈ വർഷം ബിരുദ ബിരുദാനന്തര കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവരുടെ ബിരുദദാന ചടങ്ങ് ഡിസം. 9 ന് ദുബായ് സെന്റ് മേരീസ് ചർച്ചിൽവച്ച് നടത്തപ്പെടുന്നു. വിജയകരമായി പൂർത്തീകരിക്കപ്പെടുന്ന രണ്ടാം ബാച്ചിൽ 21 ബി.റ്റി.എച്ച്. വിദ്യാർത്ഥികളും, 15 എം.റ്റി.എച്ച്. വിദ്യാർത്ഥികളുമുണ്ട്. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചാൻസലറായ മാർ ജോർജ് ഞറളക്കാട്ട് പിതാവും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായ മാർ ജോസഫ് പാംപ്ലാനി പിതാവും ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്നു. എല്ലാ വിദ്യാർത്ഥികൾക്കും അനുമോദനം നേരുന്നു.

## 3. ദൈവശാസ്ത്ര ഗവേഷണം

ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടിയ വിദ്യാർത്ഥികൾക്കായി ദൈവശാസ്ത്ര ഗവേഷണത്തെക്കുറിച്ചും ഉപരിപഠനത്തെക്കുറിച്ചും ഏകദിനശില്പശാല സംഘടിപ്പിച്ചു. നവം. 22-ാം തീയതി തലശ്ശേരി ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് നടന്ന ശില്പശാലയിൽ 12 വിദ്യാർത്ഥികൾ പങ്കെടുത്തു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ക്ലാസ്സുകൾ നയിച്ചു.

## 4. ലോഗോസ് ക്വിസ് 2017 സംസ്ഥാനതല സെമിഫൈനൽ മത്സര വിജയികൾ

ലോഗോസ് ക്വിസ് 2017 ൽ ഉന്നതവിജയം കരസ്ഥമാക്കിയ എല്ലാവർക്കും അഭിനന്ദനങ്ങൾ! സംസ്ഥാന സെമിഫൈനൽ മത്സരത്തിൽ അതി

രൂപതയെ പ്രതിനിധീകരിച്ച് 18 പേർ പങ്കെടുത്തു. ജോസഫ് കുത്തിയതോട്ടിൽ (തോമാപുരം) എ വിഭാഗത്തിലും, അൽഫോൻസാ റോസ് ജെറി (തളിപ്പറമ്പ്) ബി വിഭാഗത്തിലും സംസ്ഥാന ഫൈനൽ മത്സരത്തിന് അർഹരായി. ബേബി ജോസഫ് ആനകല്ലിങ്കൽ (പടിയോട്ടുചാൽ) കുടുംബവിഭാഗത്തിൽ സംസ്ഥാന മത്സരത്തിന് അർഹമായി. സംസ്ഥാന മത്സരങ്ങൾ നവം. 24 – 25 തീയതികളായി എറണാകുളത്ത് നടക്കുന്നു.

## 5. ലോഗോസ് ക്വിസ് 2017

അതിരൂപതാതലത്തിൽ നടത്തിയ ലോഗോസ് മത്സരത്തിൽ നവംബർ മാസത്തിലെ അതിരൂപതാ ബുളറ്റിനിൽ ചേർക്കാതെപോയ വിജയികളുടെ പേരുകൾ താഴെ ചേർക്കുന്നു.

| ഗ്രൂപ്പ് | പേര് | ഇടവക | മാർക്ക് |
|---|---|---|---|
| എ | ജോർജ് ജൂഡിറ്റ് പെരുമാട്ടിക്കുന്നേൽ | പരിയാരം | 94 |
| എ | ജോൺപോൾ കലാശിയിൽ | പരിയാരം | 80 |
| ബി | ജോസഫ് കരോട്ടുകുന്നേൽ | വിളക്കന്നൂർ | 86 |
| ബി | ജോസഫ് നിലയ്ക്കപ്പള്ളി | വിളക്കന്നൂർ | 85 |
| സി | സി. പാവന എസ്.എ.ബി.എസ് | നിർമ്മലഗിരി | 88 |
| സി | ഏലിയാമ്മ പൂതംപാറ | പരിയാരം | 83 |
| സി | ഡോണ കരിയാട്ടിൽ | പേരാവൂർ | 83 |
| ഡി | എലിസബത്ത് കുന്നത്ത് | ചെമ്പൻതൊട്ടി | 90 |
| എഫ് | സി. മരിയ കളപ്പുര | പരിയാരം | 83 |
| എഫ് | എൻ.എം ജോസഫ് ഞളത്തിൽ | ചെമ്പൻതൊട്ടി | 78 |
| കുടുംബം | മൈക്കിൾ വടക്കേട്ട് | ഭീമനടി | 246 |
| കുടുംബം | ജോസഫ് വർഗീസ് | പരിയാരം | 193 |
| കുടംബം | മനോജ് എം.കണ്ടത്തിൽ | കരിക്കോട്ടക്കരി | 184 |
| കുടുംബം | ജോസഫ് കലയത്തിനാംകുഴി | കരിക്കോട്ടക്കരി | 182 |
| കുടുംബം | ഡൊമനിക് അഴകത്ത് | പരിയാരം | 173 |

## 6. ദൈവശാസ്ത്രകോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം

| തീയതി | സ്ഥലം | വിഷയം |
|---|---|---|
| 9.12.2017 | ആലുവ എഫ്.സി.സി. | മത്തായിയുടെ സുവിശേഷം<br>സഭാപിതാക്കന്മാരുടെ സുവിശേഷം |
| 9.12.2017 | തൃശ്ശൂർ എഫ്.സി.സി. | പരിശുദ്ധത്രിത്വം<br>യോഹന്നാന്റെ സുവിശേഷം<br>നരവംശ ദൈവശാസ്ത്രം |

| തീയതി | സ്ഥലം | വിഷയം |
|---|---|---|
| 10.12.2017 | കൊല്ലം | പൗലോസ്ശ്ലീഹായുടെ ലേഖനങ്ങൾ<br>ക്രിസ്തുവിജ്ഞാനീയം<br>രാഷ്ട്രീയ ദൈവശാസ്ത്രം |
| 10.12.2017 | ചാലക്കുടി<br>എഫ്.സി.സി | ആദ്ധ്യാത്മിക ദൈവശാസ്ത്രം<br>വെളിപാട് പുസ്തകം<br>ജീവന്റെ ധാർമ്മികത |
| 11.12.2017 | പാലക്കാട് | പരിശുദ്ധത്രിത്വം<br>യോഹന്നാന്റെ സുവിശേഷം<br>ഗ്രീക്ക്<br>നരവംശ ദൈവശാസ്ത്രം |
| 16.12.2017 | ഇരിങ്ങാലക്കുട<br>സി.എച്ച്.എഫ് | മരിയവിജ്ഞാനീയം<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം<br>ഗ്രീക്ക്<br>യോഹന്നാന്റെ സുവിശേഷം |
| 17.12.2017 | അങ്കമാലി | മരിയവിജ്ഞാനീയം<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം<br>ഗ്രീക്ക്<br>യോഹന്നാന്റെ സുവിശേഷം |
| 17.12.2017 | ആലുവ എസ്.ഡി | മരിയവിജ്ഞാനീയം<br>ആദ്ധ്യാത്മിക ദൈവശാസ്ത്രം |

## 6. മതാദ്ധ്യാപകരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

തലശ്ശേരി അതിരൂപതയുടെ മതാദ്ധ്യാപകർക്കായുള്ള ല്യൂമെൻ എക്ലേസിയ ദൈവശാസ്ത്ര പഠനപരിപാടി നന്നായി പോകുന്നു. എങ്കിലും 2014 ൽ ആരംഭിച്ച് ഫീസും അടച്ച് കുറച്ച് ക്ലാസ്സുകളിൽ മാത്രം പങ്കെടുത്ത് പരീക്ഷ എഴുതാതിരിക്കുന്ന ഒട്ടനവധി മതാദ്ധ്യാപകർ ഉള്ളതായി കാണുന്നു. ഇടക്ക് വച്ച് നിർത്തിപ്പോയ മതാദ്ധ്യാപകരെ പ്രത്യേകമായി പ്രോത്സാഹിപ്പിച്ച് പറഞ്ഞ് വിടാൻ വികാരിയച്ചനും LE ക്ലാസ്സിൽ പങ്കെടുക്കുന്ന മറ്റ് അദ്ധ്യാപകരും ശ്രമിക്കണമെന്ന് അപേക്ഷിക്കുന്നു. എഴുതാത്ത പരീക്ഷകൾ അതാത് സെന്ററുകളിൽവച്ച് നടത്തുവാനുള്ള ക്രമീകരണം ചെയ്യുന്നതായിരിക്കും. ക്ലാസ്സുകൾ നഷ്ടപ്പെട്ടെന്ന് കരുതി വരാതിരിക്കേണ്ട ആവശ്യമില്ല. ഇനി മുതലുള്ള ക്ലാസ്സുകളിൽ പങ്കെടുത്താൽ മതിയാകും. 2017 – 18 രണ്ടാം സെമസ്റ്ററിന്റെ ആദ്യക്ലാസ്സുകൾ ഡിസംബർ 10 നും 17 നും ഫൊറോന കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെടുന്നതായിരിക്കും. ഇനിയും ദൈവശാസ്ത്രക്ലാസ്സുകളിൽ ചേരാതിരിക്കുന്ന മതാദ്ധ്യാപകരും ഈ അവസരം വിനിയോഗിക്കണമെന്ന്

അപേക്ഷിക്കുന്നു. മതാദ്ധ്യാപകരായ BTh വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസായ 4000 രൂപയിൽനിന്ന് 2500 രൂപയും MTh വിദ്യാർത്ഥികൾക്ക് 3000 രൂപയുമാക്കി ഇളവ് നല്കിയിട്ടുണ്ട്.

### 7. ദൈവശാസ്ത്ര ക്ലാസ്സുകൾ Youtube - ൽ

അനേകം വർഷങ്ങളായി ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്തുകൊണ്ടിരുന്ന ആൽഫാ ദൈവശാസ്ത്ര വിഷയങ്ങൾ ഇപ്പോൾ പൂർണ്ണമായും Youtube-ൽ ലഭ്യമാണ്. Youtube - ൽ ആൽഫാ തിയോളജിയാ എന്ന് കൊടുത്താൽ 500ൽ പരം ക്ലാസ്സുകൾ ലഭിക്കും. ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് alphathalassery - വെബ്സൈറ്റിലും ഈ ക്ലാസ്സുകൾ കാണാവുന്നതാണ്. 25 മിനിറ്റുകൾ വീതമുള്ള ക്ലാസ്സുകൾ ഓരോ വിഷയവും തിരിച്ച് നല്കിയിരിക്കുന്നു.

### 8. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ലോകത്തിന്റെ ഏതു ഭാഗത്തുള്ള പഠിതാക്കൾക്കും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്കൈപ്പ് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ച ശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തുതരുന്നതാണ്. അതാത് മാസത്തെ ക്ലാസ്സുകളുടെ സമയ ക്രമം, വിഷയം എന്നിവ ആൽഫായുടെ വെബ്സൈറ്റിൽനിന്നും ലഭ്യമാണ്.

### 9. സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ

| | | | |
|---|---|---|---|
| 01 | ഉത്പ 1-38 | 08 | 2 സാമു 7-24 |
| 02 | ഉത്പ 39-50 | | 1 രാജാ 1-17 |
| | പുറ 1-27 | 09 | 1 രാജാ 18-22 |
| 03 | പുറ 28-40 | | 2 രാജാ 1-25 |
| | ലേവ്യ 1-23 | | 1 ദിന 1-6 |
| 04 | ലേവ്യ 24-27 | 10 | 1 ദിന 7-29 |
| 05 | സംഖ്യ 1-28 | | 2 ദിന 1-19 |
| | സംഖ്യ 29-36 | 11 | 2ദിന 20-36 |
| | നിയ 31 | | എസ്രാ 1-10 |
| 06 | നിയ 32-34 | | നെഹെ 1-13 |
| | ജോഷ 1-24 | | തോബി 1-3 |
| | ന്യായാ 1-13 | 12 | തോബി 4-14 |
| 07 | ന്യായാ 14-21 | | യൂദി 1-16 |
| | റൂത്ത് 1-4 | | എസ്തേ 1-16 |
| | 1 സാമു 1-31 | | 1 മക്ക 1-5 |
| | 2 സാമു 1-6 | 13 | 1 മക്ക 6-16 |

| | | | |
|---|---|---|---|
| | 2 മക്ക 1–15 | | മല 1–4 |
| 14 | ജോബ് 1–42 | 26 | മത്താ 1–28 |
| 15 | സങ്കീ 1–76 | | മർക്കോ 1–7 |
| 16 | സങ്കീ 77–134 | 27 | മർക്കോ 8–16 |
| 17 | സങ്കീ 135–150 | | ലൂക്കാ 1–24 |
| | സുഭാ 1–31 | 28 | യോഹ1–21 |
| | സഭാ 1–3 | | അപ്പ 1–13 |
| 18 | സഭാ 4–12 | 29 | അപ്പ 14–28 |
| | ഉത്ത 1–8 | | റോമാ 1–16 |
| | ജ്ഞാനം 1–19 | | 1 കോറി1–16 |
| | പ്രഭാ 1–17 | 30 | 2 കോറി 1–13 |
| 19 | പ്രഭാ 18–51 | | ഗലാ 1–6 |
| | ഏശ 1–8 | | എഫേ 1–6 |
| 20 | ഏശ 9–66 | | ഫിലി 1–4 |
| 21 | ജറെ 1–47 | | കൊളോ 1–4 |
| 22 | ജറെ 48–52 | | 1 തെസ്സ 1–5 |
| | വിലാ 1–5 | | 2 തെസ്സ 1–3 |
| | ബാറൂ 1–6 | | 1 തിമോ 1–6 |
| | എസെ 1–22 | | 2 തിമോ 1–4 |
| 23 | എസെ 23–48 | | തീത്തോ 1–3 |
| | ദാനി 1–44 | | ഫിലെ 1 |
| 24 | ഹോസി 1–44 | 31 | ഹെബ്രാ 1–13 |
| | ജോയേ 1–3 | | യാക്കോ 1–5 |
| | ആമോ 1–9 | | 1 പത്രോ 1–5 |
| | ഒബാ 1 | | 2 പത്രോ 1–3 |
| | യോനാ 1–4 | | 1 യോഹ 1–5 |
| | മിക്കാ 1–7 | | 2 യോഹ 1 |
| 25 | നാഹും 1–3 | | 3 യോഹ 1 |
| | ഹബ 1–3 | | യൂദാ 1 |
| | സെഫാ 1–3 | | വെളി 1–22 |
| | ഹഗ്ഗാ 1–2 | | |
| | സഖ 1–14 | | |

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുപ്രേഷിതരേ,

കാലങ്ങൾക്കപ്പുറത്ത് മീട്ടിയ വീണക്കമ്പികൾ വീണ്ടും ഉണരുകയായ്... സ്നേഹത്തിന്റെ പുതുരാഗങ്ങൾ ഉണർത്തിക്കൊണ്ട്, ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവുമായി ഇതാ ഒരു ക്രിസ്മസ്കൂടി വരവായി... കാലം കാതോർത്തിരുന്ന മാനവരാശിയുടെ വലിയ സന്തോഷത്തിന്റെ; വചനം മാംസമായതിന്റെ ആഘോഷമാണ് ക്രിസ്മസ്. കവിയും, ചിന്തകനുമായ അലക്സാണ്ടർ പോപ്പ് പറഞ്ഞുവയ്ക്കുന്നു"ആയിരം പുൽക്കൂടുകളിൽ ഉണ്ണിപിറന്നാലും മനുഷ്യഹൃദയമാകുന്ന പുല്ക്കൂട്ടിൽ ഉണ്ണിപിറക്കുന്നില്ലെങ്കിൽ ആ ക്രിസ്തുമസ്സ് ആഘോഷം നിഷ്ഫലമാണ്." കൊച്ചു കൊച്ചു സുകൃതങ്ങൾക്കൊണ്ട് നമ്മുടെ ഹൃദയത്തിൽ പുൽക്കൂടുണ്ടാക്കി ഉണ്ണീശോയെ സ്വീകരിക്കാൻ നമുക്കൊരുങ്ങാം... തുമ്പപൂവിന്റെ പരിശുദ്ധിയും തൂമഞ്ഞിന്റെ വെൺമയുള്ള ഒരു ഹൃദയം ഉണ്ണിശോയ്ക്ക് നമുക്കു നല്കാം കുഞ്ഞുമിഷനറിമാർക്കെല്ലാവർക്കും പിറവിതിരുനാളിന്റെ ഒരായിരം മംഗളങ്ങൾ...

| |
|---|
| അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുപിറവി |
| അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഫ്രാൻസീസ് സേവ്യർ |
| പ്രാർത്ഥനാനിയോഗം : മക്കളില്ലാത്ത ദമ്പതികൾ |
| സുകൃതജപം : ഈശോയെ അങ്ങിൽ നിന്ന് പിരിഞ്ഞു പോകുവാൻ എന്നെ അനുവദിക്കരുതേ |
| സപ്തതി സുകൃതം : 70 കർത്താവിന്റെ മാലാഖ |

## ശാഖകൾ ശ്രദ്ധിക്കാൻ

1 വെള്ളി - 25 നോമ്പാരംഭം
3 ഞായർ - വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ
8 വെള്ളി - അമലോത്ഭവ മാതാവിന്റെ തിരുനാൾ
10 ഞായർ - ശാഖകളിൽ ക്രിസ്കാർഡ് നിർമ്മാണം
25 തിങ്കൾ - പിറവിതിരുനാൾ
31 ഞായർ - വർഷാവസാനം-വി. കുർബാനയിൽ പങ്കെടുത്ത് ദൈവത്തിന് നന്ദിപറയുന്നു...

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, അഗതിമന്ദിരസന്ദർശനം, അൾത്താരബാലന്മാരുടെ സെമിനാർ, കരോൾഗാന മത്സരം, ടീം ക്വിസ്സ്, മേഖലയിൽ ഒന്നാംസ്ഥാനം ലഭിച്ച ക്രിസ് കാർഡ് ഡിസംബർ 24നു മുമ്പ് അതിരൂപതയിൽ എത്തിക്കുന്നു... എം.റ്റി.സി. ക്യാമ്പ്.

## രാജത്വതിരുനാൾ-അതിരൂപതാതല ആഘോഷം

നവംബർ 26-ാം തീയതി ഞായറാഴ്ച ഉദയപുരം ശാഖയിൽ വച്ച് നടന്നു. അതിരൂപതാഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയ്ക്കുശേഷം നടന്ന വിശ്വാസ പ്രഘോഷണറാലിയിൽ ശാഖയിലെ മുഴുവൻ കുട്ടികളും മുതിർന്നവരും പങ്കെടുത്തു. ശാഖാഡയറക്ടർ ഫാ. ജോസഫ് കുരിശിൻമൂട്ടിൽ അധ്യക്ഷത വഹിച്ച പൊതുസമ്മേളനത്തിൽ അതിരൂപതാഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്, ശാഖാ വൈസ്ഡയറക്ടർ സി. ഡിഗ്ന എഫ്.സി.സി, ഹെഡ്മാസ്റ്റർ സി. ഇൻഫന്റ്മേരി എഫ്സിസി എന്നിവർ ആശംസക ളർപ്പിച്ച് സംസാരിച്ചു.

## സംസ്ഥാനതലത്തിൽ തലശ്ശേരി അതിരൂപത മികച്ച മൂന്നാമത്തെ രൂപത

ചെറുപുഷ്പമിഷൻലീഗ് തലശ്ശേരി അതിരൂപത സംസ്ഥാനതലത്തിൽ മികച്ച മൂന്നാമത്തെ രൂപതയായി തെരഞ്ഞെടുക്കപ്പെട്ടു. 2016-17 പ്രവർത്തന വർഷത്തെ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ, ജീവകാരുണ്യപ്രവർത്ത നങ്ങൾ, മിഷൻഗ്രാമങ്ങളിൽ ചെയ്ത സേവനങ്ങൾ എന്നിവ പരിഗണിച്ചാണ് അതിരൂപതയ്ക്ക് മൂന്നാംസ്ഥാനം ലഭിച്ചത്.

## സംസ്ഥാനതല മിഷൻ കലോത്സവം-തലശ്ശേരി അതിരൂപത മൂന്നാംസ്ഥാനത്ത്

ചെറുപുഷ്പമിഷൻലീഗ് 2017-18 സംസ്ഥാന മിഷൻകലോത്സവത്തിൽ തലശ്ശേരി അതിരൂപത 3-ാംസ്ഥാനം കരസ്ഥമാക്കി. മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ചുനടന്ന കലോത്സവത്തിൽ അതിരൂപതയിൽനിന്നും 48 കലാ പ്രതിഭകൾ പങ്കെടുത്തു. വിജയികൾക്ക് അഭിനന്ദനങ്ങൾ...

## മതാധ്യാപകദിനം - അതിരൂപതാതല ആഘോഷം

നവംബർ 5-ാം തീയതി ഞായറാഴ്ച കാർത്തികപുരം ശാഖയിൽ വെച്ച് നടന്നു. മേഖലാഡയറക്ടർ ഫാ. മാർട്ടിൻ വരിക്കാനിക്കലിന്റെ മുഖ്യകാർമ്മി കത്വത്തിൽ നടന്ന ദിവ്യബലിയ്ക്ക്ശേഷം പൊതുസമ്മേളനം കൂടുകയും മതാധ്യാപകരെ ആദരിക്കുകയും ചെയ്തു. അതിരൂപത ഓർഗനൈസർ ഷിജോ പുതുപറമ്പിൽ ആശംസകളർപ്പിച്ചു.

## മിഷൻമെഡിക്കൽ

ചെറുപുഷ്പമിഷൻലീഗിന്റെ നേതൃത്വത്തിൽ അങ്ങാടിക്കടവ് ശാഖ യുടെയും തലശ്ശേരി ജോസ്ഗിരി ഹോസ്പിറ്റലിന്റെയും സഹകരണത്തോടെ കർണ്ണാടക മിഷനിലേയ്ക്ക് മരുന്നുകൾ വിതരണംചെയ്തു. ഇതിന് നേതൃത്വം നൽകിയ അങ്ങാടിക്കടവ് ശാഖാഡയറക്ടർ ഫാ. തോമസ് മുണ്ടമറ്റത്തിൽ അച്ചനും ജോസ്ഗിരി ഹോസ്പിറ്റലിലെ ബഹു. സിസ്റ്റേഴ്സിനും അതിരൂപ താകുടുംബത്തിന്റെ നന്ദി....

## ഉണ്ണീശോയ്ക്കൊരു കട്ടിൽ

കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണീശോയുടെ മുഖം പാവപ്പെട്ടവരിൽ ദർശിക്കുവാനും അവരെ സഹായിക്കുവാനും ഈ ക്രിസ്മസ്നാളിൽ നമ്മുടെ കൊച്ചുത്യാഗങ്ങളുടെ തുക മാറ്റിവയ്ക്കാം. അദിലാബാദ് മിഷനിലെ വിജയ നഗർ വില്ലേജിലെ ബോഡിങ്ങിൽ പഠിക്കുന്ന കുട്ടികൾക്ക് കിടക്കുവാൻ ആവശ്യമായ കട്ടിൽ വാങ്ങുവാനായി നമ്മുടെ സഹായം ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണ ഫണ്ട് ഈ വർഷം ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. ഒരു കട്ടിലിന് 4500/- രൂപയാണ് വില. ഡബിൾ ഡക്കർ ഇരുമ്പ് കട്ടിലാണ് പണിയുന്നത്.



## പുഞ്ചിരിശാഖാ ശക്തീകരണ സെമിനാർ

മട്ടന്നൂർ ശാഖയിലെ മിഷൻലീഗ് കുട്ടികൾക്കായി ഒക്ടോബർ 29ന് നടത്തിയ പുഞ്ചിരി ശാഖാ ശാക്തീകരണ ഏകദിന സെമിനാറിന് ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് നേതൃത്വം നൽകി. ശാഖയിലെ മുഴുവൻ കുട്ടികളും സെമിനാറിൽ പങ്കെടുത്തു.

## അഭിവന്ദ്യപിതാക്കന്മാർക്ക് ആശംസകൾ നേരാം

ക്രിസ്തുമസ് പുതുവത്സരങ്ങളോടനുബന്ധിച്ച് അഭിവന്ദ്യപിതാക്കന്മാർക്കും ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൈദികർക്കും സമർപ്പിതർക്കും മിഷൻഗ്രാമങ്ങൾക്കും ക്രിസ്മസ് പുതുവത്സരാശംസകൾ അയയ്ക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## ടീം ക്വിസ്സ്മത്സരം

ഈ വർഷത്തെ ടീം ക്വിസ്സ് 2017 ജനുവരി 26-ാം തീയതി രാവിലെ 10 മണി മുതൽ തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നു.

**പഠനഭാഗങ്ങൾ:** വി. ദമ്പതികൾ (8-13അധ്യായങ്ങൾ) 30%, വള്ളോപ്പിള്ളിപി താവ് 10%, സംഘടന 50%, സഭ 10% (നിബന്ധനകൾ - മാർഗ്ഗരേഖ പേജ് 44 കാണുക)

## കൈയ്യെഴുത്ത് മാസിക

ശാഖകളിൽ കൈയ്യെഴുത്ത് മാസികയുടെ നിർമ്മാണം ആരംഭിച്ചു കാണുമല്ലോ. മേഖലാതലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസികകൾ ജനുവരി 26 നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ (നിബന്ധനകൾ - മാർഗ്ഗരേഖ പേജ് 44-45).

## ക്രിസ്കാർഡ് നിർമ്മാണം

ക്രിസ്മസ് ആഘോഷഭാഗമായി മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണമത്സരത്തിൽ മേഖലാതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന കാർഡുകൾ ഡിസംബർ 24ന് മുമ്പ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ക്രിസ്കാർഡ് നിർമ്മാണ നിബന്ധനകൾ**

- ചായക്കൂട്ടുകൾ, പഴയ ക്രിസ്മസ് കാർഡുകൾ, ഇലകൾ, പൂക്കൾ തുടങ്ങിയവ ഉപയോഗിക്കാം.
- നിർമ്മാണസമയം 2 മണിക്കൂർ
- കാർഡിനൊപ്പം പേര്, ഇടവക, അംഗത്വനമ്പർ എന്നിവ ഉണ്ടായിരിക്കണം.
- 15 സെ.മി. വീതിയും 21 സെ.മി. നീളവുമുള്ള ചാർട്ട് പേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.

## വാ. റാണിമരിയ - അതിരൂപതാതലം

സി. റാണി മരിയയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്ക് ഉയർത്തിയ നവംബർ 4-ാം തീയതി അതിരൂപതയുടെ നേതൃത്വത്തിൽ വാ. റാണി മരിയയുടെ പടം എല്ലാ ശാഖകൾക്കും നൽകി. അന്നേദിവസം വിവിധ പരിപാടികളോടെ വാഴ്ത്തപ്പെട്ട റാണി മരിയ അനുസ്മരണം നടത്തിയ എല്ലാ ഡയറക്ടർമാർക്കും, വൈസ്ഡയറക്ടേഴ്സിനും, ഭാരവാഹികൾക്കും, മതാധ്യാപകർക്കും അതിരൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ...

## ജീവകാരുണ്യ കൂപ്പൺ നറുക്കെടുപ്പ്

ജീവകാരുണ്യകൂപ്പൺ നറുക്കെടുപ്പ് 2017 ഡിസംബർ 9 ശനിയാഴ്ച തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നതായിരിക്കും. സമ്മാനങ്ങൾ ജനുവരി 26-ാം തീയതി തളിപ്പറമ്പിൽ വച്ച് നല്കും.

## ശാഖാസന്ദർശനങ്ങൾ

പൊട്ടംപ്ലാവ്, കനകക്കുന്ന്, മട്ടന്നൂർ, കടുമേനി, വെളിമാനം, ജയ്ഗിരി, ചെടിക്കുളം, രത്നഗിരി, കുട്ടാപറമ്പ് എന്നീ ശാഖകളിൽ അതിരൂപതാഭാരവാഹികൾ സന്ദർശനം നടത്തി.

## മേഖലാവാർത്തകൾ

**മേരിഗിരി മേഖല:** ചെറുപുഷ്പമിഷൻലീഗ് സപ്തതി വാർഷികത്തോടനുബന്ധിച്ച് വാ. 'റാണിമരിയ ദൈവവിളിയുടെ പ്രേഷിതമുഖം' എന്ന വിഷയത്തെ ആസ്പദമാക്കി ദൈവവിളി പ്രോത്സാഹന പ്രസംഗം മത്സരം നടത്തി. എല്ലാ ശാഖകളിൽനിന്നും കുട്ടികൾ പങ്കെടുത്തു.

ഫാ. തോമസ് വാളിപ്ലാക്കൽ, സി. തേജസ് ഡിഎസ്റ്റി എന്നിവരുടെ നേതൃത്വത്തിൽ അൾത്താരബാലൻമാരുടെ അർദ്ധദിന സെമിനാറും സി. റൂബി മരിയ എംഎസ്എംഐയുടെ നേതൃത്വത്തിൽ ബിഎംജി കുട്ടികൾക്ക് ക്ലാസ്സുകളും നടത്തി.

**കുന്നോത്ത് മേഖല:**

നവംബർ 4-ാം തീയതി കുന്നോത്ത് മേഖലയുടെ നേതൃത്വത്തിൽ കുന്നോത്ത് ശാഖയിൽവച്ച് നടത്തിയ സമർപ്പിതസംഗമത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് പങ്കെടുത്തു.

## സംസ്ഥാനതല കലാ-സാഹിത്യമത്സര വിജയികൾ

**ജൂണിയർ ബോയ്സ് - ചെറുകഥ**

ജോസഫ് നിലക്കപ്പള്ളി (A ഗ്രേഡ്) ജോർജ് കണ്ണംകുളം (A ഗ്രേഡ്)

**ജൂണിയർ ഗേൾസ് - ചെറുകഥ**

മറിയം തുണ്ടത്തിൽ (A ഗ്രേഡ്) മരിയ റ്റോമി തെക്കേൽ (A ഗ്രേഡ്)

**സീനിയർ ബോയ്സ് - ചെറുകഥ**

വർഗ്ഗീസ് കണിച്ചിറയിൽ (A ഗ്രേഡ്) ജെയിംസ് അറ്റാറിമാക്കൽ (A ഗ്രേഡ്)

**സീനിയർ ഗേൾസ് - ചെറുകഥ**

മേരി തകിടിയേൽ (A ഗ്രേഡ്) ട്രീസ ചേന്നാട്ട് (A ഗ്രേഡ്)

**സൂപ്പർ സീനിയർ ബോയ്സ് - ചെറുകഥ**

കുര്യാക്കോസ് അനന്തക്കാട്ട് (A ഗ്രേഡ്) തോമസ് തെക്കേമലയിൽ (A ഗ്രേഡ്)

**സൂപ്പർ സീനിയർ ഗേൾസ് - ചെറുകഥ**

ത്രേസ്യാമ്മ കണ്ണംകുളം (A ഗ്രേഡ്) കൊച്ചുത്രേസ്യാ ചക്യാത്ത് (A ഗ്രേഡ്)

**ജൂനിയർ ബോയ്സ് - കവിത**

ലൂക്കോസ് കരിമ്പൂഴിത്താഴെ (A ഗ്രേഡ്) ജോർജ് കണ്ണംകുളം (B ഗ്രേഡ്)

**ജൂനിയർ ഗേൾസ് - കവിത**

മരിയ തേക്കുംകാട്ടിൽ (A ഗ്രേഡ്) റോസ് മേരി കീമറ്റത്തിൽ (B ഗ്രേഡ്)

**സീനിയർ ബോയ്സ് - കവിത**

ജോസഫ് മഠത്തിമ്യാലിൽ (B ഗ്രേഡ്) ജേക്കബ് പാട്ടശ്ശേരിയിൽ (C ഗ്രേഡ്)

**സീനിയർ ഗേൾസ് - കവിത**

മേരി പുത്തൻപറമ്പിൽ (B ഗ്രേഡ്) മേരി നിരവത്തിനാൽ (C ഗ്രേഡ്)

**സൂപ്പർ സീനിയർ ബോയ്സ് - കവിത**

ജോസഫ് പാമ്പക്കൽ (A ഗ്രേഡ്) കുര്യാക്കോസ് അനന്തക്കാട്ട് (B ഗ്രേഡ്)

**സൂപ്പർ സീനിയർ ഗേൾസ് - കവിത**

റോസ് മേരി കല്ലുപുതപ്പറമ്പിൽ (B ഗ്രേഡ്) ട്രീസ ഒറ്റപ്ലാക്കൽ (B ഗ്രേഡ്)

**ജൂനിയർ ബോയ്സ് - ഉപന്യാസം**

തോമസ് എട്ടൂണി (C ഗ്രേഡ്) ജോസഫ് കുന്നത്തോലയിൽ (C ഗ്രേഡ്)

**ജൂനിയർ ഗേൾസ് - ഉപന്യാസം**

ആഗ്നസ് പേന്താനത്ത് (B ഗ്രേഡ്) മരിയ കദളിക്കുന്നേൽ (B ഗ്രേഡ്)

**സീനിയർ ബോയ്സ് - ഉപന്യാസം**

ആന്റണി മേച്ചേരിക്കുന്നേൽ (B ഗ്രേഡ്) ജോസഫ് കവലത്ത് (B ഗ്രേഡ്)

**സീനിയർ ഗേൾസ് - ഉപന്യാസം**

അന്നമ്മ പുന്നപ്പറയിൽ (A ഗ്രേഡ്) റാണി മരിയ പന്തപ്പള്ളിൽ (A ഗ്രേഡ്)

**സൂപ്പർ സീനിയർ ബോയ്സ് - ഉപന്യാസം**

ജോബി കുറ്റിക്കാട്ട് (A ഗ്രേഡ്) ജോയി വട്ടക്കുന്നേൽ (A ഗ്രേഡ്)

**സൂപ്പർ സീനിയർ ഗേൾസ് - ഉപന്യാസം**

മേരി നെല്ലിക്കുന്നേൽ (A ഗ്രേഡ്) മേരി ഊഴിയമണ്ണത്ത് (B ഗ്രേഡ്)

**സബ്ജൂനിയർ ബോയ്സ് - പ്രസംഗം**

ജോയൽ മഠത്തിമ്യാലിൽ (A ഗ്രേഡ്) ജോസഫ് പൂവത്തുംമൂട്ടിൽ (A ഗ്രേഡ്)

**സബ്ജൂനിയർ ഗേൾസ് - പ്രസംഗം**

ബ്രിജിറ്റ് വട്ടപ്പാറ (IA ഗ്രേഡ്) ആൻമേരി പാറേക്കാട്ടിൽ (A ഗ്രേഡ്)

**സബ്ജൂനിയർ ബോയ്സ് - സംഗീതം**

ജോൺ പുതിയാപറമ്പിൽ (IA ഗ്രേഡ്) ജോസഫ് വട്ടക്കുന്നേൽ (B ഗ്രേഡ്)

**സംഗീതം ഗേൾസ് - സംഗീതം**

റ്റെസ്‌ലിൻ കണ്ടത്തിനാനി (A ഗ്രേഡ്)

സാനിയ മരിയ നടുവിലേമുറിയിൽ (A ഗ്രേഡ്)

**സബ്ജൂനിയർ ബോയ്സ് - ബൈബിൾവായന**

ഇമ്മാനുവേൽ വട്ടംകണ്ടത്തിൽ (II A ഗ്രേഡ്)

തോമസ് വാഴക്കാലായിൽ (A ഗ്രേഡ്)

**സബ്ജൂനിയർ ഗേൾസ് - ബൈബിൾവായന**

തെരേസ പൂവൻതുരുത്തിയിൽ (III A ഗ്രേഡ്)

എലിസബത്ത് ഇടശ്ശേരിക്കാട്ട് (A ഗ്രേഡ്)

**ജൂനിയർ ബോയ്സ് - പ്രസംഗം**

അലക്സ് ചിലമ്പിൽ (A ഗ്രേഡ്) ജോസഫ് ഈറ്റയ്ക്കൽ (A ഗ്രേഡ്)

**ജൂനിയർ ഗേൾസ് - പ്രസംഗം**

ലിയാമെറിൻ മുണ്ടക്കാമറ്റം (II A ഗ്രേഡ്) തെരേസ് ജീരകശ്ശേരി (A ഗ്രേഡ്)

**ജൂനിയർ ബോയ്സ് - സംഗീതം**

മത്തായി മൂലക്കുന്നേൽ (II A ഗ്രേഡ്) മാത്യു മണിയമ്മാക്കൽ (B ഗ്രേഡ്)

**ജൂനിയർ ഗേൾസ് - സംഗീതം**

ശ്രുതി കീഴേടത്തുപറമ്പിൽ (A ഗ്രേഡ്) ജെമി മുണ്ടാനശ്ശേരി (A ഗ്രേഡ്)

**ജൂനിയർ ബോയ്സ് - ക്വിസ്സ്**

അലൻ പല്ലാട്ട് (A ഗ്രേഡ്) ജോസഫ് ഊതാളക്കര (III A ഗ്രേഡ്)

**ജൂനിയർ ഗേൾസ് - ക്വിസ്സ്**

അൽഫോൻസ കാരന്താനം (IA ഗ്രേഡ്) മരിയപുത്തൻപറമ്പിൽ (A ഗ്രേഡ്)

**സീനിയർ ബോയ്സ് - പ്രസംഗം**

തോമസ് മറ്റപ്പള്ളിൽ (A ഗ്രേഡ്) മാത്യു വടക്കേപ്പറമ്പിൽ (B ഗ്രേഡ്)

**സീനിയർ ഗേൾസ് - പ്രസംഗം**

എലിസബത്ത് കോക്കാട്ട് (A ഗ്രേഡ്) ത്രേസ്യാമ്മ ഇടക്കരക്കണ്ടം (A ഗ്രേഡ്)

**സീനിയർ ബോയ്സ് - സംഗീതം**

അലക്സ് ഓടയ്ക്കൽ (B ഗ്രേഡ്) ജോർജ് കൈതക്കൽ (A ഗ്രേഡ്)

**സീനിയർ ഗേൾസ് - സംഗീതം**

ഹെലൻ കൊച്ചുവീട്ടിൽ (A ഗ്രേഡ്) മരിയ പനച്ചിക്കൽ (A ഗ്രേഡ്)

**സീനിയർ ബോയ്സ് - ക്വിസ്**

മാത്യു വട്ടക്കുന്നേൽ (C ഗ്രേഡ്) തോമസ് നെല്ലൂർ (C ഗ്രേഡ്)

**സീനിയർ ഗേൾസ് - ക്വിസ്**

റോസ്‌ലിൻ കളപ്പുരയ്ക്കപ്പറമ്പിൽ (B ഗ്രേഡ്)

എലിസബത്ത് പുത്തൻപുര (B ഗ്രേഡ്)

**സൂപ്പർസീനിയർ ബോയ്സ് - പ്രസംഗം**

മാത്യു മണക്കാട്ട് (A ഗ്രേഡ്) തോമസ് കുന്നിപ്പറമ്പിൽ (A ഗ്രേഡ്)

**സൂപ്പർസീനിയർ ഗേൾസ് - പ്രസംഗം**

അന്നമ്മപടിഞ്ഞാത്ത് (III A ഗ്രേഡ്) നിമിഷ ഞെട്ടനൊഴികയിൽ (IA ഗ്രേഡ്)

**സൂപ്പർസീനിയർ ബോയ്സ് - സംഗീതം**

മാത്യുതാഴത്തുവീട്ടിൽ (B ഗ്രേഡ്) നിജാ ചിലമ്പിൽ (B ഗ്രേഡ്)

**സൂപ്പർസീനിയർ ഗേൾസ് - സംഗീതം**

ക്ലാരകണയങ്കൽ (B ഗ്രേഡ്) എലിസബത്ത് പുറത്തോക്കര (B ഗ്രേഡ്)

**സൂപ്പർസീനിയർ ബേയ്സ് - ക്വിസ്**

സ്കറിയ പഴേപറമ്പിൽ (B ഗ്രേഡ്) സെബാസ്റ്റ്യൻ ചിറ്റംവേലിൽ (IA ഗ്രേഡ്)

**സൂപ്പർസീനിയർ ഗേൾസ് - ക്വിസ്**

അനിത വടക്കൻ (A ഗ്രേഡ്) നിമി വെട്ടുകാട്ടിൽ (A ഗ്രേഡ്)

## പരീക്ഷ ഒരുക്കധ്യാനം

10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പരിയാരം മദർഹോമിൽവച്ച് ഫെബ്രുവരി മാസത്തിൽ പരീക്ഷ ഒരുക്കധ്യാനം നടക്കുന്നു.

## മിഷൻപച്ചക്കറിത്തോട്ടം

അതിരൂപതയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന മിഷൻപച്ചക്കറി തോട്ടങ്ങളുടെ പ്രാഥമിക വിലയിരുത്തലിനായി വരാത്ത ശാഖകളിൽ ഈ മാസം അതിരൂപതാ എക്സിക്യൂട്ടീവ് പ്രതിനിധികൾ വരുന്നതായിരിക്കും എന്ന് ഓർമ്മിപ്പിക്കുന്നു. ഫോട്ടോയും ആദ്യറിപ്പോർട്ടും തരാത്ത ശാഖകൾ ഉടനെ തലശ്ശേരി ഓഫീസിലേക്ക് അയച്ചുതരുമല്ലോ.

## മിഷൻ ബംബർ വിജയികൾ

Ist : നിയപുത്തൂർ (പുളിങ്ങോം)
IInd : ഇമ്മാനുവേൽ കൊട്ടാരത്തിൽ (ചെറുപുഴ)
IIIrd : ദിയ എയ്ഞ്ചൽ കുഴിമറ്റത്തിൽ (പുളിങ്ങോം)

മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ ജനുവരി 26-ാം തീയതി നടക്കുന്ന വൈസ്ഡയറക്ടേഴ്സ് മീറ്റിംഗിൽ വച്ച് നൽകുന്നതായിരിക്കും.

## ഹോളിമന്ന (Eucharistic Kids)

5,6,7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി വി. കുർബാന അനുഭവധ്യാനം ഡിസംബർ 26 മുതൽ 28 വരെ എടത്തൊട്ടി നവജ്യോതിയിൽ വച്ച് നടത്തപ്പെടുന്നു. മലബാർ ക്രിസ്റ്റിൻ മിനിസ്ട്രിയും മിഷൻലീഗും ധ്യാനത്തിന് നേതൃത്വം നല്കും. കൗൺസിലിംഗ്, കുമ്പസാരം, സൗഖ്യശുശ്രൂഷ എന്നിവയും ഉണ്ടായിരിക്കും. ഫീസ് 500 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്ക് മാത്രമേ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. 28ന് രാവിലെ 9മണിമുതൽ മാതാപിതാക്കളുടെ സംഗമവും ദിവ്യകാരുണ്യ എക്സിബിഷനും ഉണ്ടായിരിക്കും. പേര് രജിസ്ട്രർ ചെയ്യേണ്ട അവസാന തീയതി ഡിസംബർ 10. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികൾ താഴെ പറയുന്ന നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യുമല്ലോ.

**ബ്രദർ നോയ്സ് - 09446990037**

## അതിരൂപതാതല ക്രിസ്മസ് ആഘോഷം

അതിരൂപതാതല ക്രിസ്മസ് ആഘോഷം വായാട്ടുപറമ്പ് മേഖലയുടെ സഹകരണത്തോടെ കരുവഞ്ചാൽ ശാന്തിഭവനിൽവച്ച് ഡിസംബർ 22ന് നടത്തപ്പെടുന്നു...

## രജതജൂബിലി ആശംസകൾ

ചെറുപുഷ്പ മിഷൻലീഗ് മുൻ ഡയറക്ടർമാരായിരുന്ന റവ. ഡോ. തോമസ് മേൽവെട്ടം, റവ ഡോ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ, റവ. ഡോ. ജോൺസൺ അന്ത്യാംകുളം, വിശ്വാസപരിശീലന ഡയറക്ടർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് എന്നിവർക്ക് ചെറുപുഷ്പ മിഷൻലീഗിന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

മഞ്ഞണിഞ്ഞ പാതിരാവിൽ ബത്‌ലഹേമിലെ പുൽക്കൂട്ടിൽ ദിവ്യരക്ഷകൻ പിറന്ന പുണ്യദിനത്തിന്റെ ഓർമ്മ ആഘോഷിക്കുവാൻ നാം ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ... കൊച്ചുകൊച്ചു സുകൃതങ്ങളും ത്യാഗങ്ങളും നന്മപ്രവൃത്തികളും കോർത്തിണക്കി നമ്മുടെകൊച്ചു ഹൃദയങ്ങളിൽ ഉണ്ണീശോയ്ക്ക് പിറക്കാൻ മനോഹരമായ പുൽക്കൂടു നിർമ്മിക്കാം.... ഉണ്ണീശോയുടെ എല്ലാ കൊച്ചുകൂട്ടുകാർക്കും ഒരായിരം ക്രിസ്മസ്മംഗളങ്ങൾ....

**'നിങ്ങൾക്കറിയാമോ?' ഡിസംബർ മാസത്തിലെ വിജയികൾ**

| | | | |
|---|---|---|---|
| I | റ്റിയ ആൻജിസ് | - | കണ്ണിവയൽ |
| II | ഡോണ മരിയതടത്തിൽ | - | കരിക്കോട്ടക്കരി |
| III | ജോഷ്വിൻ ജോസ് പുന്നോത്ത് | - | പെരിങ്ങാല |

### വൈസ് ഡയറക്ടേഴ്സിന്റെ സംഗമം ജനുവരി 26ന്

ഡിസംബർ 2-ാം തീയതി തളിപ്പറമ്പ് പള്ളിയിൽവച്ച് നടത്താനിരുന്ന വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് ചില സാങ്കേതിക കാരണങ്ങളാൽ ജനുവരി 26-ാം തീയതിയിലേയ്ക്ക് മാറ്റിവെച്ചു. തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽവച്ചായിരിക്കും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

### ആദരഞ്ജലികൾ

ഈ ഭൂമിയിലെ തന്റെ ദൗത്യം പൂർത്തിയാക്കി സ്വർഗ്ഗീയഭവനത്തിലേയ്ക്ക് പറന്നുയർന്ന കരിവേടകം ഇടവകയിലെ ആൽഫി മാർട്ടിന് അതിരൂപതയുടെ പേരിലുള്ള ആദരാഞ്ജലികൾ...

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

**'നിറംകൊടുക്കാമോ?' ഡിസംബർ മാസത്തിലെ വിജയികൾ**

I കൊച്ചുത്രേസ്യാവള്ളിയാംക്കുഴി - കോട്ടൂർവയൽ
II ജിയോണാലിസ് മുണ്ടയ്ക്കൽ - നെല്ലിക്കുറ്റി
III ദിയമരിയ വടക്കേക്കൂറ്റ് - രയറോം

ആത്മീയ ഉണർവിൽ ജീവിക്കുവാൻ ഈ മാസം നമുക്ക് പരിശ്രമിക്കാം... ഈശോയെപ്പോലെ ഭക്തിയുള്ളവരാകാം. ഈശോയുടെ ഭക്തി സ്നേഹമായിരുന്നു. പിതാവിനെ സ്നേഹപൂർവ്വം അനുസരിച്ച പുത്രനായിരുന്നു ഈശോ അവസാന ശ്വാസംവരെ ഈശോ പിതാവിന്റെ വാക്കുകൾ അനുസരിച്ചു. കുഞ്ഞുമക്കളായ നമുക്ക് മാതാപിതാക്കളെ അനുസരിച്ച് ജീവിക്കാം. ഉണ്ണീശോയെ എടുത്ത്കൊണ്ട് നിൽക്കുന്ന പരിശുദ്ധ അമ്മയുടെ ചിത്രത്തിന് നിറംകൊടുത്ത് മനോഹരമാക്കിയും ചിത്രത്തിലെ ഉപമ കണ്ടെത്തി രസകരമായ അടിക്കുറിപ്പു തയ്യാറാക്കിയും ഡിസംബർ 20നു മുമ്പ് അച്ചന് അയച്ചുതരണേ.

## അതിരൂപതാ കലോത്സവം

തിരുബാലസഖ്യം അതിരൂപതാ കലോത്സവം 2018 ജനുവരി 13-ാം തീയതി ശനിയാഴ്ച ചെമ്പേരി നിർമ്മലഹയർസെക്കന്ററി സ്കൂളിൽ വച്ച് നടത്തുന്നതായിരിക്കും. മേഖലാമത്സര വിജയികളുടെ ലിസ്റ്റ് ഡിസംബർ 30ന് മുമ്പ് ഒഫീസിൽ എത്തിക്കുമല്ലോ. വ്യക്തിഗത ഇനങ്ങളിൽ മേഖലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അതിരൂപതാമത്സരത്തിൽ പങ്കെടുക്കാം...

**അതിരൂപതാ തിരുബാലസഖ്യ കലോത്സവ നിബന്ധനകൾ**

- പ്രസംഗസമയം 5 മിനിറ്റ് ആയിരിക്കും.
- കഥ ഏതെങ്കിലും വിശുദ്ധരുടെ ജീവിതത്തെ ആസ്പദമാക്കി 5 മിനിറ്റ് ആയിരിക്കും (വാഴ്ത്തപ്പെട്ടവരെക്കുറിച്ചും ആവാം).
- സംഗീതം, പല്ലവി, അനുപല്ലവി, പല്ലവി പാടി അവസാനിപ്പിക്കുന്നു.
- **ആംഗ്യപാട്ട് :** 8 പേർ അടങ്ങിയ ടീം. 5 പേരിൽ കുറയാൻ പാടില്ല. ആൺകുട്ടികളും പെൺകുട്ടികളും ഒരു കുട്ടിയെങ്കിലും നിർബന്ധമാണ്. പാട്ട് ക്രിസ്തീയ ആശയം ഉൾക്കൊള്ളുന്നതായിരിക്കണം. മുഴുവൻ സമയവും ലൈനിൽതന്നെ കളിക്കണം. ആവശ്യമനുസരിച്ച് മുമ്പോട്ടോ പിറകോട്ടോ വട്ടം കറങ്ങുകയോ ആകാം. എന്നാൽ ഗ്രൂപ്പ് ഡാൻസ് പോലെ ആകരുത്. മേക്കപ്പ് പ്രത്യേകം പരിഗണിക്കുന്നതല്ല. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെള്ള ഡ്രസ്സായിരിക്കണം. സമയം ഒരു പാട്ടിന്റെ സമയം. ക്രിസ്തീയ ആശയം ഉൾക്കൊള്ളുന്നതായിരിക്കണം പാട്ടുകൾ.
- **വചനം വചനം തിരുവചനം :** ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും മത്സരം ഉണ്ടായിരിക്കും സമയം 5 മിനിറ്റ്.

- **ജറുസലേം ക്വിസ്സ് :** 2 പേർ അടങ്ങിയ ടീം, 1 മേഖലയ്ക്ക് 1 ടീം മാത്രം പങ്കെടുക്കുന്നു.
- **എന്റെ സങ്കീർത്തനം:** ഇഷ്ടമുള്ള ഒരു സങ്കീർത്തനം ഗ്രൂപ്പായി ആലപിക്കുന്നു. 7 പേർ അടങ്ങിയ ടീം. ആലാപനത്തിന് മുൻപ് ആമുഖം നല്ലതായിരിക്കും. സങ്കീർത്തനത്തിൽ അഭിനയം ആവശ്യമില്ല. സമയം - ഒരു സങ്കീർത്തനത്തിന്റെ സമയം അല്ലെങ്കിൽ 5 മിനിറ്റ്. നേരത്തെ 3 മിനിറ്റ് എന്ന് മാർഗ്ഗരേഖയിൽ കൊടുത്തിരിക്കുന്നു. അത് 5 മിനിറ്റ് എന്ന് തിരുത്തി വായിക്കുക.
- **സ്കിറ്റ് :** ക്രിസ്തീയ ആശയം ഉൾക്കൊള്ളുന്ന കാലിക പ്രസക്തിയുള്ള ഒരു വിഷയം അവതരിപ്പിക്കാം. പരമാവധി 10 പേർക്ക് പങ്കെടുക്കാം. പശ്ചാത്തലസംഗീതം, രംഗസജ്ജീകരണം എന്നിവ പാടില്ല. സ്റ്റേജിൽ പൊതുവായി ബെഞ്ച്, കസേര എന്നിവ ഉപയോഗിക്കാവുന്നതാണ്. കഥാപാത്രത്തിന് ചേർന്ന അടിസ്ഥാന മേക്കപ്പ് ആവാം. അഭിനയമികവാണ് പരിഗണിക്കുക. മികച്ച അഭിനയം കാഴ്ചവെക്കുന്ന ആൺകുട്ടിക്കും പെൺകുട്ടിക്കും പ്രത്യേകം സമ്മാനം ഉണ്ടായിരിക്കും. സമയം - 15 മിനിറ്റ്.
- **നിറംകൊടുക്കാമോ?:** തന്നിരിക്കുന്ന ചിത്രത്തെ നോക്കി വരച്ച് ക്രയോൺസ് ഉപയോഗിച്ച് ചായം കൊടുക്കുക.
- **നിങ്ങൾക്കറിയാമോ?:** വർക്ക്ബുക്കിലെപ്പോലെതന്നെ സുവിശേഷത്തിലെ ഒരു സംഭവം ആയിരിക്കും അടിക്കുറിപ്പിലൂടെ വ്യക്തമാക്കേണ്ടത്.

### ആനിമേറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്

മേഖലാ മത്സരത്തിൽ വ്യക്തിഗത ഇനത്തിൽ ഒന്നും, രണ്ടും സ്ഥാനം കിട്ടുന്ന ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഗ്രൂപ്പ് ഇനത്തിൽ ഒന്നാം സ്ഥാനം കിട്ടുന്ന ടീമിനും അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാവു ന്നതാണ്.

ഒരു കുട്ടിക്ക് രണ്ട് വ്യക്തിഗത ഇനത്തിലും രണ്ട് ഗ്രൂപ്പ് ഇനത്തിലും മത്സരിക്കാവുന്നതാണ്.

## അഭിവന്ദ്യപിതാക്കന്മാർക്ക് കത്ത്

ക്രിസ്തുമസ്സിനോടനുബന്ധിച്ച് അഭിവന്ദ്യപിതാക്കന്മാർക്ക് ക്രിസ്മസ് ആശംസകളറിയിക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## ക്രിസ്കാർഡ് നിർമ്മാണം

ക്രിസ്മസ് ആഘോഷഭാഗമായി തിരുബാലസഖ്യ അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണമത്സരത്തിൽ മേഖലാതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന കാർഡുകൾ ഡിസംബർ 20ന് മുമ്പ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ക്രിസ്കാർഡ് നിർമ്മാണ നിബന്ധനകൾ**

- ചായക്കൂട്ടുകൾ, പഴയക്രിസ്മസ് കാർഡുകൾ, ഇലകൾ, പൂക്കൾ തുടങ്ങിയവ ഉപയോഗിക്കാം...
- നിർമ്മാണ സമയം –2 മണിക്കൂർ
- കാർഡിനൊപ്പം പേര്, ഇടവക, അംഗത്വനമ്പർ എന്നിവ ഉണ്ടായിരിക്കും.
- 15 സെ.മി. വീതിയും 21 സെ.മി. നീളമുള്ള ചാർട്ട് പേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.

## ആനിമേറ്റേഴ്സ് മീറ്റിംഗ്

തിരുബാലസഖ്യ ആനിമേറ്റേഴ്സ് മീറ്റിംഗ് ജനുവരി 26–ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് വി. കുർബാനയോടുകൂടി തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാപ്പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നു. അഭിവന്ദ്യ ഞരളക്കാട്ട് പിതാവ് ആനിമേറ്റേഴ്സിനെ കണ്ട് സംസാരിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യും. എല്ലാ ആനിമേറ്റേഴ്സും ഈ മീറ്റിംഗിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## ഉണ്ണീശോയ്ക്കൊരു കട്ടിൽ (സമർപ്പണ ഫണ്ട്)

കാലിത്തൊഴുത്തിൽ പിറന്ന ഉണ്ണീശോയുടെ മുഖം പാവപ്പെട്ടവരിൽ ദർശിക്കുവാനും അവരെ സഹായിക്കുവാനും ഈ ക്രിസ്മസ്നാളിൽ നമ്മുടെ കൊച്ചുത്യാഗങ്ങളുടെ തുക മാറ്റിവയ്ക്കാം. അദിലബാദ്മിഷനിലെ വിജയനഗർ വില്ലേജിലെ ബോഡിങ്ങിൽപഠിക്കുന്ന കുട്ടികൾക്ക് കിടക്കുവാൻ ആവശ്യമായ കട്ടിൽ വാങ്ങുന്നവനായി നമ്മുടെ സഹായം ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ കുഞ്ഞുങ്ങളെ സഹായിക്കുവാനായി 25 നോമ്പിൽ നാം ത്യാഗപൂർവ്വം സമ്പാദിക്കുന്ന തുക നമുക്ക് മാറ്റിവയ്ക്കാം. 25 നോമ്പിൽ കുട്ടികൾ സമ്പാദിക്കുന്ന സമർപ്പണ ഫണ്ട് ഈ വർഷം ഈ പ്രത്യേക നിയോഗത്തിൽ സമാഹരിച്ച് ഓഫീസിൽ എത്തിക്കുവാൻ ബഹു. വൈസ്ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

YOUTH WITH JESUS FOR A JUST WORLD

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

എല്ലാവർക്കും പിറവിതിരുനാൾ മംഗളങ്ങൾ ഏറ്റവും സ്നേഹത്തോടെ ആശംസിക്കുന്നു.

## സംസ്ഥാന കലോത്സവം

ഈ വർഷത്തെ സംസ്ഥാന കലോത്സവം താമരശ്ശേരി രൂപതയുടെ ആതിഥേയത്വത്തിൽ കോഴിക്കോട് പ്രസന്റേഷൻ സ്കൂളിൽവച്ച് ഡിസംബർ 8,9,10 തീയതികളിലായി നടത്തപ്പെടുന്ന വിവരം അറിയിച്ചിരുന്നുവല്ലോ? സ്പഷ്യൽ സെനെറ്റിലെടുത്ത തീരുമാനപ്രകാരം രജിസ്ട്രേഷൻ ഫീസ് മാത്രം അതിരൂപതയിൽ നിന്നും നല്കുന്നതാണ്.

## പൊതുനിർദ്ദേശങ്ങൾ

1. 15 മുതൽ 35 വയസ്സുവരെയുള്ള കെസിവൈഎം പ്രവർത്തകരായ യുവതീയുവാക്കൾക്ക് മാത്രമെ മത്സരിക്കാൻ അർഹതയുള്ളു.
2. പിന്നണി അനുവദിച്ചിട്ടുള്ള ഇനങ്ങൾക്ക് പിന്നണിയിൽ ഉള്ളവരും കെസിവൈഎം പ്രവർത്തകർ തന്നെ ആയിരിക്കണം.
3. ഓരോ മത്സരങ്ങളുടേയും മാർഗ്ഗരേഖകൾ അതാത് ഫൊറോനയിലെ ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും,ഫൊറോന പ്രസിഡന്റിനും അയച്ചുകൊടുക്കുന്നതായിരിക്കും
4. വ്യക്തിഗത ഇനങ്ങൾക്ക് ഒരിനത്തിൽ ഒരു രൂപതയിൽനിന്നും രണ്ടു പേർക്ക് പങ്കെടുക്കാം.
5. വ്യക്തിഗത ഇനത്തിൽ ഒരാൾക്ക് പരമാവധി 3 കലാ മത്സരങ്ങൽക്കും 3 രചനാമത്സരങ്ങൾക്കും പങ്കെടുക്കാൻ അനുവാദമുണ്ട്.

## മാർഗ്ഗനിർദ്ദേശങ്ങൾ

1. മത്സരം അവസാനിക്കുന്നതിന് ഒരു മിനിറ്റ് മുമ്പ് വാണിങ്ങ് ബൽ ഉണ്ടായിരിക്കും. നിശ്ചിത സമയം നൽകിയിരിക്കുന്ന മത്സരങ്ങൾക്ക് സമയക്ലിപ്തത പാലിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മൂല്യനിർണ്ണയ ത്തിൽ അവ പ്രതിഫലിപ്പിക്കുന്നതാണ്. നിശ്ചിതസമയത്തിനും അധികം സമയം എടുക്കുന്ന മത്സരാർത്ഥികൾക്ക് താഴെ പറയും വിധം മാർക്കിൽ കുറവ് വരുന്നതാണ്.

   ആദ്യ ഒരു മിനിറ്റു വരെ 5% മുതൽ 2 മിനിറ്റ് വരെ 10%, 2 മിനിറ്റിനു മുകളിൽ 25%.

2. കർട്ടൻ യൂണിറ്റുകൾ കൊണ്ടുവരുന്നവർ സ്വന്തം ഉത്തരവാദിത്വത്തിൽ സൂക്ഷ്ക്കുകയും നിയന്ത്രിക്കുകയും വേണം.
3. മത്സര ഫലത്തെക്കുറിച്ചോ, അല്ലാതെയോ യാതൊരു സംശയവും മത്സരാർത്ഥികൾ വിധി കർത്തക്കളോട് നേരിട്ട് ചോദിക്കാൻ പാടുള്ളതല്ല.
4. “ഉത്സവ്” കേരള ക്രൈസ്തവ ധാർമ്മിക യുവജന പ്രസ്ഥാനമായ കെസിവൈഎം നേതൃത്വം നൽകുന്ന പ്രോഗ്രാമാണ്. ഒരു കത്തോലിക്കാ സംഘടനയെന്ന നിലയിലുള്ള അച്ചടക്കം മത്സരത്തിലും മത്സരവേദിയിലും പാലിക്കേണ്ടതാണ്.
5. ഉത്സവിൽ തർക്കങ്ങളുണ്ടാകുന്നപക്ഷം അതിൻമേലുള്ള അന്തിമ തീരുമാനമെടുക്കാനുള്ള അവകാശം സംസ്ഥാന സമിതിക്കായിരിക്കും. മത്സരാർത്ഥികളും രൂപതകളും ഈ തീരുമാനം അംഗീകരിക്കേണ്ടതാണ്.
6. വിധികർത്താക്കളുടെ തീരുമാനം മാനിക്കേണ്ടതാണ്. മത്സരത്തിനു മുമ്പോ മത്സരസമയത്തോ, മത്സരത്തിനുശേഷമോ സംസ്ഥാനസമിതിയുടെ അനുവാദമില്ലാതെ വിധികർത്താക്കളുമായി സംസാരിക്കാൻ ആരെയും അനുവദിക്കുന്നതല്ല.
7. മത്സരാർത്ഥികളിൽനിന്നോ, രൂപതാ ഭാരവാഹികളിൽ നിന്നോ ഗൗരവമുള്ള നിയമലംഘനം ഉത്സവിൽ ഉണ്ടായാൽ സംസ്ഥാനസമിതി അതാത് രൂപതകളിലെ ബിഷപ്പുമാരെയും, ഡയറക്ടർമാരെയും വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

## അർദ്ധവാർഷിക സെനറ്റ്

കെസിവൈഎം എസ്എംവൈഎം ന്റെ 2017 ലെ തലശ്ശേരി അതിരൂപതാ അർദ്ധവാർഷിക സെനറ്റ് ഡിസംബർ 16-ാം തീയതി 9.30ന് മാലോം സെന്റ് ജോർജ് ദൈവാലയ ഓഡിറ്റോറിയത്തിൽ ആരംഭിക്കും. ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്യും. എല്ലാ ഫൊറോനകളിലെയും സെനറ്റ് അംഗങ്ങളും, ഫൊറോന ഡയറക്ടേഴ്സും ആനിമേറ്റേഴ്സും നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കഴിഞ്ഞ ആറു മാസത്തെ രൂപതാ, മേഖല പ്രവർത്തനങ്ങൾ നിലയിരുത്താനും തുടർന്നുള്ള മാസങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ച് തീരുമാനമെടുക്കു വാനുമായി മാറ്റിവച്ചിരിക്കുന്ന ഈ സെനറ്റ് നമ്മുടെ പ്രവർത്തനങ്ങൾക്ക് ശക്തി നൽകുന്നതായിമാറട്ടെ. സെനറ്റിന്റെ ഫോം അതിരൂപതയിൽ നിന്നും ലഭിക്കുന്നതായിരിക്കും.

## ബത്‌ലഹേം യങ്ങ് മീറ്റ്

തലശ്ശേരി അതിരൂപത കെസിവൈഎം ന്റെ ആഭിമുഖ്യത്തിൽ നമ്മുടെ ഇടവകയിലെ യുവജനങ്ങളെ ഒരുമിച്ചുകൂട്ടുക എന്ന ലക്ഷ്യത്തോടെ

ക്രിസ്മസ് അവധിക്കാലത്ത് നടത്തിവരുന്ന യുവജന കൂട്ടായ്മ "ബത്‌ലഹേം യങ്ങ് മീറ്റ്" ഓരോ ഇടവകയും സാഹചര്യമനുസരിച്ച് 24-ാം തീയതി യുവജനങ്ങളെ ഒന്നിച്ചുകൂട്ടി ഒരു മണിക്കൂറെങ്കിലും ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുകയും ക്രിസ്മസ് കേക്ക് മുറിച്ച് ക്രസ്മസ് ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്യാവുന്നതാണ്. തുടർന്ന് യുവജനങ്ങൾക്ക് കുമ്പസാരിക്കാൻ അവസരം ഒരുക്കുകയും പുൽക്കൂട് നിർമ്മാണത്തിന് പങ്കെടുപ്പിക്കാനും ശ്രദ്ധിക്കുമല്ലോ?

**മെത്രാഭിഷേകം**

ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മെത്രാഭിഷേകത്തോടനുബന്ധിച്ച് ട്രാഫിക് നിയന്ത്രണത്തിനായി 40 വോളണ്ടിയേഴ്സ് വിവിധ ഫൊറോനകളിൽ നിന്നും തലശ്ശേരിയിലെത്തി. ഏറ്റവും ഭംഗിയായി, ആത്മാർപ്പണത്തോടെ, ത്യാഗമനോഭാവത്തോടെ, സേവന സന്നദ്ധതയോടെ, പ്രസന്നതയോടെ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം അതിന്റെ പൂർണ്ണതയിൽ നിർവഹിക്കാൻ നമ്മുടെ യുവജനങ്ങൾക്ക് കഴിഞ്ഞു. തങ്ങളുടെ സമയവും കഴിവും പൂർണ്ണമായും വ്യയം ചെയ്ത പ്രിയപ്പെട്ട യുവജന സുഹൃത്തുക്കൾക്കും, അവരെ പറഞ്ഞുവിടാൻ സന്നദ്ധത കാണിച്ച എല്ലാ ഫൊറോന ഡയറക്ടേഴ്സിനും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**ആദരാഞ്ജലികൾ**

കെസിവൈഎം,എസ്എംവൈഎം തലശ്ശേരി അതിരൂപതാ നെല്ലിക്കാംപൊയിൽ ഫൊറോന പ്രസിഡന്റ് ശ്രീ. അൻവിന്റെ വത്സല പിതാവ് ജോസിന്റെ ആകസ്മിക നിര്യാണത്തിൽ അതിരൂപതാ ഭാരവാഹികൾ സംസ്കാര ശുശ്രൂഷയിൽ പങ്കുചേർന്നു പ്രാർത്ഥിച്ചു. ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്ക് തലശ്ശേരി അതിരൂപതയുടെ അനുശോചനം അറിയിക്കുന്നു.

## Nurses and Nursing Student Retreat

എല്ലാ നഴ്സുമാർക്കും നഴ്സിംഗ് സ്റ്റുഡന്റ്സിനുംവേണ്ടിയുള്ള 3 ദിവസത്തെ ധ്യാനം ഡിസം. 8 വെള്ളി 5 pm മുതൽ ഡിസം. 10 ഞായർ 2 pm വരെ കോഴിക്കോട് ദേവഗിരി സാവിയോ HSS ൽ വച്ച് നടത്തപ്പെടുന്നു. തലശ്ശേരി രൂപതയിൽ book ചെയ്യുന്നവർക്ക് ഒരുമിച്ച് പോകാൻ സൗകര്യം ഉണ്ടായിരിക്കും.

Contact No: 8547227325 Fr. Sony, 8281517660 Sr. Celine

## മലബാർ യൂത്ത് കോൺഫറൻസ്

ഡിസം. 28 വ്യാഴം 4 മണിമുതൽ 31 ഞായർ 1 മണിവരെ എടത്തൊട്ടി നവജ്യോതിയിൽവച്ച് (പ്രായപരിധി 16-28) മലബാർ യൂത്ത് കോൺഫറൻസ് നടത്തപ്പെടുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് അവസരം. രജിസ്ട്രേഷൻ ഫീസ് 500 രൂപ. ഡിസംബർ 10ന് മുമ്പ് രജിസ്റ്റർ ചെയ്യുക.

**ഫോൺ : 9744 261 488, 9745 610 955, 8547 227 325**

## യൂണിറ്റ് സന്ദർശനങ്ങൾ

നവംബർ 12 ഞായർ ഡയറക്ടറച്ചൻ കോട്ടൂർ യൂണിറ്റ് സന്ദർശിക്കുകയും യുവജനങ്ങൾക്ക് ക്ലാസ്സ് എടുക്കുകയും ചെയ്തു.

പരിയാരം മദർ തെരേസ പള്ളിയിലെ യുവജനങ്ങളെ ഡയറക്ടറച്ചൻ നവംബർ 19ന് സന്ദർശിച്ച് ക്ലാസ്സ് എടുത്തു.

> *"യുവജനങ്ങളെ നിങ്ങൾ ദൈവത്തിന്റെ ചിന്തയാണ്. നിങ്ങൾ ദൈവത്തിന്റെ ഹൃദയമിടുപ്പാണ്."* (വി. ജോൺ പോൾ II)

സ്നേഹപൂർവ്വം,

**ഫാ. സോണി സ്ക്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

ക്രൈസ്തവ കുടുംബം വിവാഹമെന്ന കൂദാശയിലാണ് അടിയുറച്ചിരിക്കുന്നത്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്നേഹം എന്ന മാനുഷിക യാഥാർത്ഥ്യത്തെ അതിന്റെ എല്ലാ അർത്ഥതലങ്ങളോടും കൂടി കണക്കിലെടുത്തുകൊണ്ട് ഈ കൂദാശ ക്രൈസ്തവദമ്പതികൾക്കും, മാതാപിതാക്കൾക്കും ഒരധികാരവും ചുമതലയും നൽകുന്നു. അത്മായരെന്ന നിലയിൽ തങ്ങളുടെ വിളിയനുസരിച്ച് ജീവിക്കുവാനും, അങ്ങനെ ലോകത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ടും അവയെ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ക്രമപ്പെടുത്തിക്കൊണ്ടും ദൈവരാജ്യം അന്വേഷിക്കുവാനുള്ള അധികാരവും കടമയുമാണത്. ദരിദ്രരോടും പ്രതികൂലസാഹചര്യങ്ങളിൽ കഴിയുന്നവരോടും പ്രദർശിപ്പിക്കുന്ന പ്രത്യേക പരിഗണനയിലൂടെ സാമൂഹികകാര്യങ്ങളിലുള്ള ഉദാരവും നിസ്വാർത്ഥവുമായ സമർപ്പണത്തിന് ലോകത്തിന്റെ മുമ്പിൽ സാക്ഷ്യം വഹിക്കാൻ ക്രൈസ്തവകുടുംബം വിളിക്കപ്പെട്ടിരിക്കുന്നു. ഈ വിളിയനുസരിച്ച് ക്രൈസ്തവ ദമ്പതികളെ ബോധവാന്മാരാക്കി വിവിധങ്ങളായ ശുശ്രൂഷകളിലേക്ക് അവരെ നയിക്കുവാൻ ഉണ്ണീശോയുടെ തിരുപ്പിറവിക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ നാളുകളിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം. പരസ്പരം സ്നേഹം പങ്കിട്ടുകൊണ്ട്, ഇല്ലാത്തവരുമായി നമുക്കുള്ളത് പങ്കുവച്ചുകൊണ്ട് സ്നേഹം പങ്കിടാനായി ദൈവം മനുഷ്യനായതിന്റെ സന്തോഷം ആവോളം അനുഭവിക്കാൻ നമുക്കൊരുങ്ങാം. ഉണ്ണീശോ നമ്മെയും നമ്മുടെ കുടുംബങ്ങളെയും നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും അനുഗ്രഹിക്കട്ടെ.

## അനുമോദനങ്ങൾ, പ്രാർത്ഥനാശംസകൾ

തലശ്ശേരി അതിരൂപതയുടെ പ്രഥമ സഹായമെത്രാനായി അഭിഷേകം ചെയ്യപ്പെട്ട മാർ ജോസഫ് പാംപ്ലാനി പിതാവിന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങളും ഹൃദയപൂർവ്വകമായ പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.

## Marriage Preparation Course

നമ്മുടെ അതിരൂപതയിൽ വിവാഹത്തിനൊരുങ്ങുന്ന യുവജനങ്ങൾക്കായി നടത്തി വരുന്ന പരിശീലന ക്ലാസിന് മാര്യേജ് ഗൈഡൻസ് കോഴ്സ് (MGC) എന്നായിരുന്നു പേര് നൽകിയിരുന്നത്. ഇന്ന് KCBC തലത്തിലും SMBC തലത്തിലും പൊതുവിൽ ഉപയോഗിക്കുന്ന പേര് മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (MPC) എന്നാണ്. സഭയുടെ ആധികാരിക പഠനങ്ങളിലും, പ്രബോധനങ്ങളിലും Marriage Preparation എന്ന വാക്കാണ് ഉപയോഗിക്കുന്നത്. ആയതിനാൽ അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം ഇനി മുതൽ വിവാഹത്തിനൊരുങ്ങുന്നവർക്ക് നടത്തപ്പെടുന്ന പരിശീലനം മാര്യേജ്

പ്രിപ്പറേഷൻ കോഴ്സ് (MPC) എന്നായിരിക്കും വിളിക്കപ്പെടുന്നത് എന്ന വിവരം അറിയിക്കുന്നു.

## എം.പി.സി – 2017

803, 804, 805 എന്നീ എം.പി.സി കോഴ്സുകൾ ഒക്ടോബർ 24–26, നവംബർ 7–9, 14–16 എന്നീ തീയതികളിൽ യഥാക്രമം തലശ്ശേരി സന്ദേശഭവൻ, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ എന്നീ സെന്ററുകളിൽവച്ച് നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലായി 174 ആൺകുട്ടികളും 169 പെൺകുട്ടികളും ഉൾപ്പെടെ ആകെ 343 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

## എം.പി.സി പേരന്റ്സ് മീറ്റ്

തലശ്ശേരി സന്ദേശഭവൻ, പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം എന്നീ സെന്ററുകളിൽവച്ച് ഒക്ടോബർ 26, നവംബർ 9, നവംബർ 16 എന്നീ തീയ്യതികളിൽ എം പി സി 803, 804, 805 എന്നീ കോഴ്സുകളിൽ സംബന്ധിച്ചവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. 550 മാതാപിതാക്കൾ പ്രസ്തുത ക്ലാസിൽ സംബന്ധിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് ക്ലാസ്സ് നയിക്കുകയുണ്ടായി.

## പ്രീ മാരിറ്റൽ കൗൺസലിംഗ്

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 803, 804, 805 എം.പി.സി കോഴ്സുകളിൽ സംബന്ധിച്ചവരിൽനിന്നും ആവശ്യപ്പെട്ടതനുസരിച്ച് 39 പേർക്ക് പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| DECEMBER | 19 - 21 | 5 - 7 | 12 - 14 |

## MPC - 2018

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| JANUARY | 9 - 11 | 16 - 18 | 23 - 25 |
| FEBRUARY | 6 - 8 | 20 - 22 | Nil |
| MARCH | 6 - 8 | 13 - 15 | 20 - 22 |
| APRIL | 24 - 26 | 10 - 12 | 17 - 19 |
| MAY | 22 - 24 | 8 - 10 | Nil |
| JUNE | 26 - 28 | 12 - 14 | Nil |
| JULY | 10 - 12 | Nil | 24 - 26 |
| AUGUST | 7 - 9, 21 - 23 | Nil | Nil |
| SEPTEMBER | 25 - 27 | 11 - 13 | Nil |
| OCTOBER | 9 - 11 | Nil | 23 - 25 |
| NOVEMBER | 6 - 8, 27 - 29 | 13 - 15 | Nil |
| DECEMBER | 4 - 6 | 11 - 13 | 18 - 20 |

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

**1.** കെ.സി.ബി.സി. ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം. പി.സിയുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുവേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

**2.** കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. മുൻകൂട്ടി പണം അടക്കേണ്ട ആവശ്യമില്ല.

## എം.പി.സി ബുക്ക് ചെയ്യേണ്ട വിധം

www.familytly.com എന്ന വെബ്സൈറ്റ് തുറക്കുക. എം.പി.സി. രജിസ്ട്രേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

കോഴ്സ് ബുക്ക് ചെയ്യേണ്ട ആളിന്റെ മുഴുവൻ ബയോഡാറ്റ ഫിൽ ചെയ്യുക.

പേജിന്റെ താഴെ കാണുന്ന സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്യുക.

അപ്പോൾ കിട്ടുന്ന പേജിന്റെ പ്രിന്റൗട്ട് എടുത്ത് വികാരിയച്ചന്റെ സീലും ഒപ്പുംവെച്ച് കോഴ്സിന് വരുമ്പോൾ കൊണ്ടുവരിക.

കൂടാതെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും 900 രൂപ കോഴ്സ് ഫീസും കൊണ്ടുവരിക.

അഡ്വാൻസ് പേയ്മെന്റ് ആവശ്യമില്ല.

രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. കൃത്യസമയത്ത് എത്തിച്ചേരുക. 10 am നുശേഷം വരുന്നവരെ കോഴ്സിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല

ഏതെങ്കിലും കാരണവശാൽ കോഴ്സിന് വരാൻ സാധിക്കുന്നില്ല എങ്കിൽ നേരിട്ട് ഓഫീസിൽ വിളിച്ച് Cancel ചെയ്യേണ്ടതാണ്. മറ്റൊരാളുടെ അവസരം നഷ്ടമാക്കരുതേ.

**Family Apostolate**
**Contact Number : 0490 2343414, Mob : 9400206974**

## ഡിസംബർ മാസത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### 1. ഡിസം. 1 - 25 നോമ്പാരംഭം

ഉണ്ണിയേശുവിന്റെ ജനനത്തിനൊരുക്കമായി അമ്മമാർ ഓരോ ദിവസവും ഓരോ പുണ്യപ്രവൃത്തികൾ ചെയ്ത് ഉണ്ണീശോയ്ക്ക് തങ്ങളെത്തന്നെ സമർപ്പിക്കുകയും 25 ദിവസവും നോമ്പെടുത്ത് എല്ലാ ദിവസവും വി.കുർബ്ബാനയിൽ സംബന്ധിച്ച് പ്രാർത്ഥിച്ചൊരുങ്ങുകയും കുടുംബാംഗങ്ങൾക്കുകൂടി പ്രചോദനം നൽകുകയും ചെയ്യാം.

**2. ഡിസം. 8 - പരി. കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ**

2017 ലെ അംഗത്വ സ്വീകരണവും നവീകരണവും നടത്താത്ത ഇട വകകൾ അമലോത്ഭവതിരുനാൾ ദിനമായ ഡിസം.8 ന് അത് നടത്താൻ ശ്രദ്ധിക്കുമല്ലോ. അമലോത്ഭവ മാതാവിന് തങ്ങളെ തന്നെ സമർപ്പിച്ച് ദിവ്യ ബലിയിൽ സംബന്ധിച്ച് ഒരുക്കത്തോടെ വി.കുർബ്ബാന സ്വീകരിക്കാൻ പരി ശ്രമിക്കാം.

**3. വൈദിക വിദ്യാർത്ഥി ഫണ്ട് സമാഹരണം**

അതിരൂപതയിൽ പരിശീലനം നടത്തുന്ന വൈദിക വിദ്യാർത്ഥികളെ സഹായിക്കുന്ന നല്ല പതിവ് നമുക്കുണ്ടല്ലോ. ഈ 25 നോമ്പ് അവസരത്തിൽ അഭ്യുദയകാംക്ഷികളെ കണ്ടെത്തി ഫണ്ട് സമാഹരിച്ച് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**4. മരിയൻ മെഗാ ക്വിസ് 2017**

ഫാത്തിമ മാതാവിന്റെ ദർശനത്തിന്റെ 100-ാം വാർഷികത്തോടും തല ശ്ശേരി അതിരൂപതാ മാതൃവേദിയുടെ രജതജൂബിലിയോടും അനുബന്ധിച്ച് പരി.അമ്മയെക്കുറിച്ച് കൂടുതൽ അറിയുവാനും പഠിക്കുവാനും മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുവാനും അമ്മമാർക്ക് ഒരു സുവർണ്ണാവസരം ഒരുക്കുന്നു. 2017 ഡിസം. 8 ന് അതിരൂപതാതലത്തിൽ നടത്തപ്പെടുന്ന മെഗാ ബൈബിൾ ക്വിസ്സിലേക്ക് എല്ലാ ഇടവകകളിൽ നിന്നുമുള്ള അമ്മമാരെ സ്വാഗതം ചെയ്യു ന്നു. കൂടുതൽ അമ്മമാർ പങ്കെടുക്കുന്നതിനാൽ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ചായിരിക്കും മത്സരം നടത്തപ്പെടുന്നത്.

**പഠനഭാഗം :** പരി. അമ്മയെക്കുറിച്ചുള്ള വിശുദ്ധ ഗ്രന്ഥഭാഗങ്ങൾ 10%, പരി.മറിയത്തിന്റെ പ്രത്യക്ഷീകരണങ്ങൾ 10%, പരി. അമ്മയോടുള്ള പ്രാർത്ഥ നകൾ 15%, മരിയ വിജ്ഞാനീയം (ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം.) 50%. പരി. മറിയത്തെക്കുറിച്ചുള്ള വിശ്വാസസത്യ പ്രഖ്യാപനങ്ങൾ 15%.

* ഒരു യൂണിറ്റിൽനിന്നും 2 പേർ വീതം അടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം.
* പങ്കെടുക്കുന്നവർ അതിരൂപതാ ഓഫീസിൽ രജിസ്റ്റർ ചെയ്യണം.
* രജിസ്ട്രേഷൻ ഫീസ് 50 രൂപ (വ്യക്തിക്ക്)
* **സ്ഥലം: സെന്റ് മേരീസ് ഓഡിറ്റോറിയം, തളിപ്പറമ്പ്**

| | | |
|---|---|---|
| ഒന്നാം സമ്മാനം | : | 5000 രൂപ |
| രണ്ടാം സമ്മാനം | : | 3000 രൂപ |
| മൂന്നാം സമ്മാനം | : | 1500 രൂപ |
| നാലാം സമ്മാനം | : | 750 രൂപ |
| അഞ്ചാം സമ്മാനം | : | 250 രൂപ |

**5. അതിരൂപതാ ജനറൽ ബോഡി മീറ്റിംഗ്**

ഡിസംബർ 9 ശനിയാഴ്ച നടത്താനിരുന്ന അതിരൂപതാ മാതൃവേദി യുടെ ജനറൽ ബോഡി മീറ്റിംഗ് ഡിസംബർ 16-ാം തീയതി ശനിയാഴ്ച

യിലേക്ക് മാറ്റിയ വിവരം അറിയിക്കുന്നു. തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 10 മണി മുതൽ നടത്തപ്പെടുന്ന മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികളും 16 മേഖലകളിൽ നിന്നുള്ള ആനിമേറ്റേഴ്സും, മേഖലാ ഭാരവാഹികളും യൂണിറ്റിൽനിന്നു ഒരു പ്രതിനിധിയും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഏതെങ്കിലും കാരണത്താൽ പങ്കുചേരാൻ സാധിക്കാത്തവർ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ വിളിച്ച് വിവരം മുൻകൂട്ടി അറിയിക്കേണ്ടതാണ്.

## ഡിസം. 28 – കുഞ്ഞിപൈതങ്ങളുടെ തിരുനാൾ

കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ദിനത്തിൽ മാതൃവേദിയുടെ നേതൃത്വത്തിൽ അഞ്ചും അതിൽ താഴെയും വയസ്സുള്ള എല്ലാ കുഞ്ഞുങ്ങളെയും ദൈവാലയത്തിൽ കൊണ്ടുവന്ന് അവരെ ദൈവത്തിന് സമർപ്പിച്ച് ദിവ്യബലിയിൽ പങ്കുചേർന്ന് അനുഗ്രഹങ്ങൾ പ്രാപിക്കാനും കൊച്ചുസമ്മാനങ്ങൾ നൽകുവാനും ശ്രദ്ധിക്കണേ.

## ജീവോത്സവം – 2017

ജീവൻ നൽകാനും സംരക്ഷിച്ച് വളർത്താനുമുള്ള വിളിയാണ് മാതൃത്വവും പിതൃത്വവും. ഓരോ കുഞ്ഞും ദമ്പതികളുടെ സ്നേഹ കൂട്ടായ്മയുടെ അടയാളങ്ങളാണ്. ഈ ആധുനിക കാലഘട്ടത്തിൽ ജീവന്റെ മൂല്യം തിരിച്ചറിഞ്ഞ് കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ പലരും മടികാണിക്കുന്നതുകൊണ്ട് കൂടുതൽ അണുകുടുംബങ്ങൾ രൂപപ്പെടുന്നു. എന്നാൽ ചുരുക്കം ചിലരെങ്കിലും ജീവന്റെ മഹത്വം മനസ്സിലാക്കി, ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ സഹകരിച്ച് കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം കൊടുക്കുവാൻ തയ്യാറാകുന്നു. കാലത്തിന്റെ ഒഴുക്കിനെതിരെ നീങ്ങുന്ന അവർക്ക് പ്രോത്സാഹനമേകാൻ അവരുടെ ക്രിസ്തീയ സാക്ഷ്യത്തിന് ബലമേകുവാൻ തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റും പ്രോലൈഫ് കൂട്ടായ്മയും, മാതൃവേദിയും സംയുക്തമായി ജീവോത്സവം 2017 സംഘടിപ്പിക്കുന്നു. മനുഷ്യജീവന്റെ മഹത്വം വെളിപ്പെടുത്തുവാൻ ദൈവം മനുഷ്യനായി പിറന്നതിന്റെ ഓർമ്മയാചരിക്കുന്ന ക്രിസ്തുമസ്സിനോടൊരുക്കമായാണ് ഇത് നടത്തുന്നത്. അമ്മയുടെ ഉദരത്തിൽ രൂപം കൊള്ളുന്ന ഓരോ ശിശുവിലും ഉണ്ണീശോയുടെ തിരുമുഖം ദർശിക്കാൻ ദമ്പതികൾക്ക് ഇത് പ്രചോദനകരമാകട്ടെ. കുഞ്ഞുങ്ങളുടെ അന്തകനായിത്തീർന്ന ഹേറോദോസിനെപ്പോലെ മനുഷ്യജീവന്റെ ഘാതകരായിത്തീരാതിരിക്കാനുള്ള ഒരു മുന്നറിയിപ്പുകൂടിയാണിത്. **പങ്കെടുക്കുന്നവരുടെ പേരു വിവരങ്ങൾ ഡിസംബർ 15-ാം തീയതിക്കു മുമ്പായി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ വിളിച്ചറിയിക്കണേ.**

| | | |
|---|---|---|
| തീയതി | : | 2017 ഡിസംബർ 23 |
| സമയം | : | 10:30 am |
| സ്ഥലം | : | സന്ദേശഭവൻ |

**പങ്കെടുക്കുന്നവർ :**

4 ഉം അതിൽ കൂടുതൽ കുട്ടികളുമുള്ള കുടുംബം

ഇളയകുട്ടി 2014 ജനുവരി 1ന് ശേഷം ജനിച്ചതായിരിക്കണം.

**Contact No : 9400206974**

## നവവൈദികർക്ക് വേണ്ടിയുള്ള പ്രാർത്ഥന

ക്രിസ്തുമസ്സ് കഴിയുന്നതോടെ നമ്മുടെ അതിരൂപതയിൽ തിരുപ്പട്ട സ്വീകരണങ്ങൾ നടക്കുകയാണല്ലോ. അതിരൂപതയ്ക്കുവേണ്ടിയും വിവിധ സന്യാസ സമൂഹങ്ങൾക്കായും വൈദികരായി അഭിഷേകം ചെയ്യപ്പെടാനൊരുങ്ങിക്കൊണ്ടിരിക്കുന്ന എല്ലാ ഡീക്കന്മാർക്കും വേണ്ടിയും ഈ മാസം മുഴുവൻ പ്രത്യേകമായി പ്രാർത്ഥിക്കണെ.

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് കലണ്ടർ – 2018

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ 2018 വർഷത്തെ കലണ്ടർ എല്ലാ വീടുകളിലും ഇതിനോടകം എത്തിച്ചു കാണുമെന്നു കരുതുന്നു. 1 കലണ്ടറിന് 13 രൂപ വീതം മേഖലാതലത്തിൽ ശേഖരിച്ച് ഇനിയും നൽകാത്തവർ ഡിസംബർ 15 ന് മുമ്പായി അതിരൂപതാ ഓഫീസിൽ എൽപ്പിക്കണം.

## ശാഖാസന്ദർശനം, ക്ലാസ്

**1. കാലാങ്കി**

സെന്റ് ജോസഫ് ഇടവകയിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് ഒക്ടോബർ 29–ാം തീയതി ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ സന്തോഷകരമായ കുടുംബജീവിതം എന്ന വിഷയത്തെക്കുറിച്ച് മാതാപിതാക്കൾക്ക് ക്ലാസെടുത്തു. 120 ലേറെ മാതാപിതാക്കൾ പ്രസ്തുത ക്ലാസിൽ സംബന്ധിച്ചു.

**2. ചീക്കാട്**

നവംബർ 12–ാം തീയതി ഞായറാഴ്ച ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് ചീക്കാട് ഉണ്ണിമിശിഹാ പള്ളിയിൽ നടന്ന ഇടവക വാർഷികദിനാഘോഷ പരിപാടി ഉദ്ഘാടനം ചെയ്ത് കുടുംബങ്ങളിലൂടെ രൂപപ്പെടേണ്ട കൂട്ടായ്മയെക്കുറിച്ച് സംസാരിക്കുകയും വാർഷികസമ്മേളനത്തിൽ പങ്കുചേരുകയും ചെയ്തു.

**2. വിമലശ്ശേരി**

നവംബർ 19 വിമലശ്ശേരി ഇടവകയിൽ 2 മണി മുതൽ 4.30 വരെ സന്തോഷകരമായ കുടുംബജീവിതം എന്ന വിഷയത്തെക്കുറിച്ച് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് ക്ലാസ് നയിച്ചു. 120 അമ്മമാർ ക്ലാസിൽ സംബന്ധിച്ചു.

## ഹോംമിഷൻ

മണ്ഡപം സെന്റ് ജോസഫ് ഇടവകയിൽ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ അതിരൂപതാ ഹോംമിഷൻ ടീം നവം

ബർ 1-ാം തീയതി ബുധനാഴ്ച മുതൽ 5-ാം തീയതി ഞായറാഴ്ച വരെ ഹോംമിഷൻ നടത്തുകയുണ്ടായി. ഏഴ് കോൺഗ്രിഗേഷനുകളിൽ നിന്നായി 20 സിസ്റ്റേഴ്സ് ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് പ്രാർത്ഥിക്കുകയും വിഷമങ്ങളും കുടുംബപ്രശ്നങ്ങളും കേട്ടറിഞ്ഞ് ആശ്വസിപ്പിക്കുകയും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇടവകാ ജനങ്ങൾ വളരെ താൽപര്യത്തോടും ഒരുക്കത്തോടുംകൂടെ ഹോം മിഷൻ പരിപാടികളിൽ പങ്കുകൊണ്ടു. അതിരൂപതാ ഫാമിലിഅപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് 31-ാം തീയതി വൈകിട്ട് ഹോംമിഷൻ ടീം അംഗങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചർച്ച നടത്തുകയും പ്രാർത്ഥിച്ച് ഒരുക്കുകയും ചെയ്തു. ഇടവകയെ മുൻകൂട്ടി ഒരുക്കുകയും എല്ലാ സഹായസഹകരണങ്ങളും നൽകുകയും ചെയ്ത ബഹു. ജോൺ മുല്ലക്കര അച്ചനും കൈക്കാരൻമാർക്കും കോഡിനേറ്റർ, ഇടവകയിൽ പ്രവർത്തിക്കുന്ന സിസ്റ്റേഴ്സ്, വാർഡ് പ്രതിനിധികൾ എന്നിവർക്കും ഹോംമിഷൻ നടത്തിയ ബഹു. സിസ്റ്റേഴ്സിനും അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും അനുമോദനങ്ങളും സ്നേഹപൂർവ്വം നേരുന്നു.

## ജീവിത ദർശന കൗൺസലിംഗ്

അതിരൂപതാ ഹോംമിഷൻ ടീം മണ്ഡപം ഇടവകയിൽ നടത്തിയ ഹോംമിഷനോടനുബന്ധിച്ച് നവം. 5-ാം തീയതി മുതിർന്ന ക്ലാസിലെ കുട്ടികൾക്ക് ജീവിതദർശന കൗൺസലിംഗ് നടത്തി വെല്ലുവിളികൾ നിറഞ്ഞ ഇന്നത്തെ സാഹചര്യത്തിൽ എങ്ങനെ ഉത്തമ വ്യക്തിത്വം വളർത്തിയെടുക്കാം എന്നതിനെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകി.

## മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ് - തലശ്ശേരി

സീറോ മലബാർ മാതൃവേദിയുടെ അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ഒക്ടോബർ 21-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെട്ടു. അതിരൂപതാ ഭാരവാഹികളും മേഖലാ പ്രസിഡണ്ടുമാരും സെനറ്റ് അംഗങ്ങളും മീറ്റിംഗിൽ സംബന്ധിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. ജോർജ് കോവാട്ട് ഉദ്ഘാടനം ചെയ്ത മീറ്റിംഗിന് അതിരൂപതാ പ്രസിഡണ്ട് ശ്രീമതി റെജി പോത്തനാമുഴി അദ്ധ്യക്ഷത വഹിക്കുകയും ആനിമേറ്റർ സി. ലിയ റോസ് സ്വാഗതം ആശംസിക്കുകയും ചെയ്തു. മാതൃവേദി പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർന്ന് ജനറൽ ബോഡിയിൽ അവതരിപ്പിച്ച് വരും വർഷത്തേക്കുള്ള കർമ്മപദ്ധതിയായി സ്വീകരിച്ച് നടപ്പിലാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഉച്ചഭക്ഷണത്തോടെ മീറ്റിംഗ് സമാപിച്ചു.

## നവോമി കൂട്ടായ്മ - രൂപീകരണം

നമ്മുടെ അതിരൂപതയിലെ വിധവകളായ സഹോദരികളുടെ നന്മയും വളർച്ചയും ലക്ഷ്യംവച്ച് അതിരൂപതാതലത്തിലും റീജണൽ തലത്തിലും

കൂട്ടായ്മകൾ നടത്തുകയുണ്ടായി. ഇടവകകളിൽ ഇത്തരത്തിലുള്ള സഹോദരികളെ ഒരുമിച്ച് കൂട്ടുന്നതു സംബന്ധിച്ച് ബഹു. മേഖലാ ഡയറക്ടേഴ്സിന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽനിന്നും അയച്ച കത്ത് കിട്ടിക്കാണുമല്ലോ. പല ഇടവകകളും ഇത്തരം സംഗമങ്ങൾ ഇതിനോടകം നടത്തിയെന്നറിയുന്നതിൽ സന്തോഷമുണ്ട്. ഇനിയും നടത്താത്ത ഇടവകകളിൽ ഈ കൂട്ടായ്മകൾ സംഘടിപ്പിച്ച് പൊതുവായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ അറിയിച്ച് അവരെ കർമ്മോത്സുകരാക്കാൻ ഒരാളെ ലീഡറായി തിരഞ്ഞെടുത്ത് പേരുവിവരങ്ങൾ ഫോൺനമ്പർ സഹിതം അതിരൂപതാ ഓഫീസിൽ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

## ഫാമിലി കൗൺസിലിംഗ്

കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ ഫാമിലി കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## മാതൃവേദി വാർഷിക റിപ്പോർട്ട്

2017 ജനുവരി മുതൽ ഡിസംബർ 30 വരെയുള്ള വാർഷിക റിപ്പോർട്ട് ജനുവരി 15 ന് മുമ്പ് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ എത്തിക്കുമല്ലോ. ജനുവരി 15ന് ശേഷം ലഭിക്കുന്ന റിപ്പോർട്ടുകൾ ഏറ്റവും നല്ല മേഖല/യൂണിറ്റ് സമ്മാനങ്ങൾക്ക് പരിഗണിക്കുന്നതല്ല.

## ഹോംമിഷൻ

ഇടവകകളിൽ ഹോംമിഷൻ നടത്താൻ ആഗ്രഹിക്കുന്ന വികാരിയച്ചന്മാർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ അറിയിക്കുകയാണെങ്കിൽ ടീമുകളെ തയ്യാറാക്കി വേണ്ട ക്രമീകരണങ്ങൾ ചെയ്തുതരുന്നതാണ്.

## ഹരിതം, മത്സ്യവർദ്ധിനി

കഴിഞ്ഞ പ്രവർത്തനവർഷത്തിൽ ജൈവകാർഷിക സംസ്കൃതി വളർത്തിയെടുക്കുവാനും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി "ഹരിതം" എന്ന കർമ്മപദ്ധതി നടപ്പിലാക്കിയിരുന്നല്ലോ. ഹരിതവും മത്സ്യവർദ്ധിനിയും വളരെ സജീവമായി പല യൂണിറ്റുകളും നടത്തിവരുന്നുവെന്നറിയുന്നതിൽ സന്തോഷമുണ്ട്. മറ്റ് യൂണിറ്റുകൾക്കുകൂടി അത് പ്രയോജനകരമാകുവാൻ ഇപ്രകാരം നന്നായി ചെയ്യുന്ന കൃഷികളുടെ ഫോട്ടോകൾ വാട്ട്സ് ആപ്പ് വഴി അയച്ചു തരാൻ ശ്രദ്ധിക്കുമല്ലോ. എല്ലാ യൂണിറ്റുകളും കൂടുതൽ താൽപര്യത്തോടെ ഈ കർമ്മപദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കണേ.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കോവാട്ട്**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## കൈത്തിരി

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിൽ സിവിൽ സർവ്വീസ് മേഖലകളിലേക്ക് വിദ്യാർത്ഥികളെ വളർത്തുന്നതിനും അടിത്തറയിടുന്നതിനും ആരംഭിച്ച പദ്ധതിയാണ് മലബാർ സിവിൽ സർവ്വീസ് അക്കാദമി. ഈ പ്രോഗ്രാമിന്റെ ഭാഗമായി കഴിഞ്ഞ അഞ്ചു വർഷങ്ങളായി V മുതൽ XII വരെ ക്ലാസുകളിലെ പാഠ്യപദ്ധതിയുടെ ഭാഗമായി പൊതുവിജ്ഞാന പഠനം ആരംഭിച്ചിരുന്നു. ഈ വർഷം മുതൽ പ്രൈമറി ക്ലാസുകളിലേക്കും പൊതുവിജ്ഞാനപഠനം വ്യാപിപ്പിക്കുകയാണ്. ഇതിനായി "കൈത്തിരി" എന്ന പേരിൽ ഒരു പുസ്തകം എല്ലാ സ്കുളുകളിലേക്കും എത്തിച്ചു കഴിഞ്ഞു.

സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന കുട്ടികളുടെ ലിസ്റ്റ് ഡിസംബർ അഞ്ചിനുമുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് മെയിൽ ചെയ്യേണ്ടതാണ്. ഈ പഠന പദ്ധതിക്കായി സ്കൂൾതല കോർഡിനേറ്ററെ തിരഞ്ഞെടുക്കണം. ഡിസംബർ 11-ാം തീയതി സ്കൂൾതല പരീക്ഷ നടക്കുന്നതാണ്. കോർപ്പറേറ്റ്തല സ്കോളർഷിപ്പ് പരീക്ഷ ജനുവരി 31 ബുധനാഴ്ച ആയിരിക്കും.

## മലബാർ സിവിൽ സർവ്വീസ് അക്കാദമി

മലബാർ സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനങ്ങൾ വിപുലമായി നടത്തുന്നതിന്റെ ഭാഗമായി അതിരൂപത മൂന്നു സെന്ററുകളിലായി (ഇരിട്ടി, ചെമ്പേരി, തോമാപുരം) 8,9,10 ക്ലാസ്സുകളിലെ കുട്ടികൾക്കായി പരിശീലനം നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഒന്നാംഘട്ടമായി പരിശീലനം നൽകാൻ തിരഞ്ഞെടുക്കപ്പെട്ടവർക്കായി ഫാൽക്കറ്റി ട്രെയിനിംഗ് പ്രോഗ്രാം നവംബർ 11ന് സന്ദേശഭവനിൽവച്ച് നടത്തുകയുണ്ടായി. കണ്ണൂർജില്ലാ അസി. കളക്ടർ ശ്രീ. ആസിഫ് യൂസഫ് ഐ.എ.എസ്. ഉദ്ഘാടനം നിർവ്വഹിച്ചു. പെരിയ ബഹു. മോൺ. അലക്സ് താരാമംഗലം അധ്യക്ഷത വഹിച്ചു. റിസോഴ്സ് പേഴ്സണായ ശ്രീരാഗ് മുകുന്ദൻ, ബിന്റോ ടോം, രതീഷ് കൃഷ്ണൻ, സുനീഷ് എസ് കുമാർ, രാഹുൽ ചന്ദ്രശേഖരൻ, എന്നിവർ ക്ലാസുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി. 35 അധ്യാപകർ പരിശീലനത്തിൽ സംബന്ധിച്ചു.

## അഭിനന്ദനങ്ങൾ

**വയത്തൂർ യു.പി സ്കൂളിന് ഇരിക്കൂർ ഉപജില്ലാതല മത്സരങ്ങളിൽ മികച്ച വിജയം**

കായികമേള - യു.പി കിഡീസ് ബോയ്സ് ഓവർ ഓൾ മൂന്നാം സ്ഥാനം

പ്രവർത്തി പരിചയമേള (എൽ.പി.) - ഓവർഓൾ രണ്ടാം സ്ഥാനം

„ (യു.പി.) - ഓവർ ഓൾ രണ്ടാം സ്ഥാനം

| | | |
|---|---|---|
| ഗണിതശാസ്ത്ര മേള | (എൽ.പി.) | – ഓവർഓൾ രണ്ടാം സ്ഥാനം |
| ,, | (യു.പി.) | – ഓവർഓൾ രണ്ടാം സ്ഥാനം |
| സാമൂഹ്യശാസ്ത്രമേള | (എൽ.പി.) | – ഓവർഓൾ ഒന്നാം സ്ഥാനം |
| ,, | (യു.പി.) | – ഓവർഓൾ രണ്ടാം സ്ഥാനം |
| ശാസ്ത്രമേള | (എൽ.പി.) | – ഓവർഓൾ ഒന്നാം സ്ഥാനം |
| ,, | (യു.പി.) | – ഓവർഓൾ മൂന്നാംസ്ഥാനം |
| കേരള സ്കൂൾ കലോത്സവം | (എൽ.പി.) | – ഓവർഓൾ ഒന്നാംസ്ഥാനം |
| ,, | (യു.പി.) | – ഓവർഓൾ ഒന്നാംസ്ഥാനം |

പങ്കെടുത്ത എല്ലാ വിഭാഗങ്ങളിലും പ്രശസ്ത വിജയം കൈവരിച്ച വിദ്യാർത്ഥികളെയും, അധ്യാപകരെയും മാനേജ്മെന്റിനെയും പിടിഎ ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## ഇരിട്ടി ഉപജില്ല

ഇരിട്ടി ഉപജില്ല ഗണിതശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, പ്രവർത്തിപരിചയമേളകളിൽ അങ്ങാടിക്കടവ് സേക്രട്ട്ഹാർട്ട് ഹയർസെക്കണ്ടറി സ്കൂൾ ഉപജില്ലയിൽ റണ്ണർഅപ്പ് കിരീടം കരസ്ഥമാക്കി. 20 വിദ്യാർത്ഥികൾ ജില്ലാ തല മത്സരത്തിൽ പങ്കെടുക്കാനുള്ള അർഹത നേടി.

ഗണിതശാസ്ത്ര മേളയിൽ ഉപജില്ലയിൽ 98 പോയിന്റോടെ ഒന്നാം സ്ഥാനവും ടീച്ചിംഗ് എയ്ഡഡ് ഇനത്തിൽ ഗണിതശാസ്ത്ര അധ്യാപിക ജോളി ജോസഫ് ഒന്നാം സ്ഥാനവും കരസ്ഥമാക്കി. സാമൂഹ്യശാസ്ത്രമേളയിൽ 34 പോയിന്റോടെ രണ്ടാം സ്ഥാനവും പ്രവർത്തിപരിചയമേളയിൽ 4485 പോയിന്റോടെ രണ്ടാംസ്ഥാനവും ലഭിച്ചു.

ഇരിട്ടി ഉപജില്ല സയൻസ് മേളയിൽ സയൻസ് വിഭാഗത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ എടൂർ സെന്റ് മേരീസ് ഹൈസ്കൂളിന് പ്രത്യേകം അഭിനന്ദനങ്ങൾ.

## ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കായി സദ്ഗമയ ലേഖന മത്സരം

സന്മാർഗ്ഗപാഠാവലി പുസ്തകങ്ങളിലെ സമഗ്രവ്യക്തിത്വത്തിന്റെ പാതയിൽ, സമൂഹവിജയത്തിന്റെ പാതയിൽ എന്നീ പുസ്തകങ്ങളാണ് യഥാക്രമം പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾ പഠിക്കേണ്ടത്. ഈ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കായി ലേഖന മത്സരം നടത്തുന്നു. സ്കൂൾതല മത്സരത്തിൽ എല്ലാ വിദ്യാർത്ഥികളും പങ്കെടുക്കണം. സ്കൂൾതല മത്സരം അതത് സ്കൂളിലെ പ്രിൻസിപ്പാളിന്റെയും, അധ്യാപകരുടെയും നേതൃത്വത്തിൽ ജനുവരി 01–ാം തീയതി നടത്തണം. ജനുവരി 6–ാം തീയതി ശനിയാഴ്ച 10 മണിക്ക് കോർപ്പറേറ്റ്തല ലേഖന മത്സരം ഉണ്ടായിരിക്കും. മത്സരത്തിൽ പങ്കെടുക്കുന്നവർ താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. എടൂർ, ചെമ്പേരി, തോമാപുരം ഹയർസെക്കണ്ടറികളിൽ ലേഖനമത്സരത്തിന് സെന്ററുകളുണ്ടായിരിക്കും.

2. ഏതെങ്കിലും ഒരു സെന്ററിൽ മാത്രം പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രത്തോടുകൂടി മത്സരത്തിൽ പങ്കെടുക്കാം.
3. ഒരു ഹയർസെക്കണ്ടറിയിൽ നിന്ന് പ്ലസ് വൺ വിഭാഗത്തിൽ രണ്ടു വിദ്യാർത്ഥികൾക്കും പ്ലസ്ടു വിഭാഗത്തിൽ രണ്ടു വിദ്യാർത്ഥികൾക്കും പങ്കെടുക്കാം.
4. ലേഖന മത്സരസമയം രാവിലെ 10.30 മുതൽ 12.30 വരെ. പുസ്തകങ്ങളോ റഫറൻസ് ഗ്രന്ഥങ്ങളോ ഉപയോഗിക്കാൻ പാടില്ല.
5. ലേഖനം പത്ത് പേജിൽ കവിയാൻ പാടില്ല.
6. സന്മാർഗ പുസ്തകത്തിലെ ആശയങ്ങളോടൊപ്പം വ്യക്തിപരമായ ആശയങ്ങൾ, രചന ശൈലി, എന്നിവയെ അടിസ്ഥാനമാക്കിയായിരിക്കും വിജയികളെ തിരഞ്ഞെടുക്കുക.
7. മുകളിൽ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലുമൊന്ന് മത്സര ദിനത്തിൽ കൃത്യം 10 മണിക്ക് നൽകുന്നതാണ്.

**പ്ലസ്വൺ വിഷയങ്ങൾ**

വൈകാരികമായ പക്വതയും വ്യക്തിത്വവികസനവും
സാമൂഹിക ജീവിതവും ഉത്തരവാദിത്വബോധവും
ലഹരിക്കായുള്ള ആസ്കതിയും ആത്മനിയന്ത്രണത്തിന്റെ ആവശ്യകതയും
നിസ്വാർത്ഥ സ്നേഹവും സാമൂഹ്യജീവിതവും
മനസക്ഷി രൂപീകരണത്തിലൂടെ മൂല്യാധിഷ്ഠിതജീവിതം

**പ്ലസ് ടു വിഷയങ്ങൾ**

സാമൂഹിക പ്രതിബദ്ധതയോടെയുള്ള ജീവിതം
ധാർമ്മികത സാമൂഹിക ജീവിതത്തിന് ആധാരം
മതങ്ങളും മാനുഷിക ജീവിതവും
നേതൃത്വം സേവനത്തിന്
ലക്ഷ്യബോധവും ജീവിതവിജയവും

**നിർദ്ദേശങ്ങൾ**

- ഹയർസെക്കണ്ടറി വിഭാഗത്തിലെ എല്ലാ വിദ്യാർത്ഥികളെയും ഈ ലേഖന മത്സരത്തിൽ പങ്കെടുപ്പിക്കണം.
- സന്മാർഗപാഠ പരീക്ഷയ്ക്കു പകരമാണ് ഇത്തരമൊരു ലേഖനമത്സരം സംഘടിപ്പിക്കുന്നത്.
- സ്കൂൾതലത്തിൽ വിജയികളാകുന്നവർക്ക് സ്കൂളിന്റെ ഉത്തരവാദിത്വത്തിൽ സമ്മാനം നൽകണം.
- മുകളിൽ കൊടുത്തിരിക്കുന്ന 5 വീതം വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെ അടിസ്ഥാനമാക്കിയായിരിക്കും ലേഖനമത്സരം. വിഷയം മത്സരദിനത്തിൽ പ്രിൻസിപ്പാളിന്റെ ഉത്തരവാദിത്വത്തിൽ നൽകേണ്ടതാണ്.
- ഓരോ സ്കൂളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് വിജയികളെ കോർപ്പറേറ്റ്തല മത്സരത്തിന് അയക്കാവുന്നതാണ്.

## മാർ ജോർജ് വലിയമറ്റം ജൂബിലി വിദ്യാഭ്യാസ സ്കോളർഷിപ്പ്

പാവപ്പെട്ടവരും സമർത്ഥരുമായ വിദ്യാർത്ഥികളുടെ ഉപരിപഠന സ്വപ്നങ്ങൾക്ക് സഹായവുമായി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി എന്നും ഉണ്ടായിരുന്നു. സ്റ്റുഡൻസ് ലോൺ സ്കോളർഷിപ്പ്, സ്റ്റുഡൻസ് വെൽഫെയർ ഫണ്ട്, കാരുണ്യനിധി, എന്നിങ്ങനെ വ്യത്യസ്ത പേരുകളിൽ മുൻ കോർപ്പറേറ്റ് മാനേജർമാരുടെ കാലഘട്ടങ്ങളിൽ വിദ്യാഭ്യാസ സഹായ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. നമ്മുടെ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ചെറുതാണെങ്കിലും നൽകിയിരുന്ന സഹായസംരഭങ്ങൾ കുറെയേറെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് വഴി തെളിയിച്ചു. സുമനസ്സുകളായ അനേകരുടെ പിന്തുണ ഈ സ്കോളർഷിപ്പ് പദ്ധതികൾക്ക് പിന്നിലുണ്ട്.

തലശ്ശേരി വിദ്യാഭ്യാസ ഏജൻസിയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വിവിധ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ പ്രധാനമായും ഉയർന്നുവന്ന ഒരാശയം പാവപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠത്തിന് സഹായിക്കുന്ന ഒരു സ്കോളർഷിപ്പ് പദ്ധതി കൂടുതൽ സജീവമായി നമ്മുടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിൽ ആവിഷ്ക്കരിക്കണമെന്നതായിരുന്നു. അതുപ്രകാരം മാർ ജോർജ് വലിയമറ്റം ജൂബിലി വിദ്യാഭ്യാസ സ്കോളർഷിപ്പ് ആരംഭിച്ചു. കഴിഞ്ഞ അധ്യായനവർഷം 47 വിദ്യാർത്ഥികൾക്ക് 3,53,750 തുക സ്കോളർഷിപ്പായി നൽകി. അധ്യാപകർ, വിദ്യാർത്ഥികൾ ഉദാരമനസ്ക്കരായ വ്യക്തികൾ എന്നിങ്ങനെ കുറെ പേരുടെ സഹകരണത്തോടെയാണ് ഈ സംരംഭം മുന്നോട്ടുപോകുന്നത്. സ്കൂൾ തലത്തിൽ പല സ്കൂളുകളിലും പല സ്കോളർഷിപ്പ് പദ്ധതികളുണ്ട്. എന്നാൽ ഇത്തരം കാര്യങ്ങളിൽ യാതൊരു താൽപര്യവും കാണിക്കാത്ത വിദ്യാലയങ്ങളുമുണ്ട്. നമ്മുടെ വിദ്യാലയങ്ങളിലൂടെ പഠിച്ചുപോകുന്ന വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമായിരിക്കണം. അവരെ നല്ല കോഴ്സുകളിലേക്ക് എത്തിക്കുന്നതിന് പ്രോത്സാഹനവും സാമ്പത്തികവും നൽകുന്ന അധ്യാപകരുണ്ട്.

എല്ലാ വർഷവും ഡിസംബർ മാസത്തിലാണ് ഈയൊരു വലിയ ജീവകാരുണ്യ സംരംഭത്തിന് നാം കൈകോർക്കുന്നത്. പ്രധാനാധ്യാപകർ സ്കൂൾ തലത്തിൽ സ്കോളർഷിപ്പ് സമാഹരണത്തിന് നേതൃത്വം നൽകണം. ഇത് നമ്മുടെ ഉത്തരവാദിത്വമായി കണ്ട് പരമാവധി ആളുകളെ സഹകരിപ്പിച്ച് സ്കോളർഷിപ്പ് സമാഹരണ പദ്ധതി വിജയിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഡിസംബർ ഒന്നുമുതൽ 15 വരെയുള്ള ദിവസങ്ങളിൽ ഇതിനായി പരിശ്രമിക്കണം. ജനുവരി ഒന്നാം തീയതിക്കു മുമ്പായി സമാഹരിച്ച തുകകൾ കോർപ്പറേറ്റ് ഓഫീസിൽ അടക്കണം.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ചു

വിമൽ ജ്യോതി സ്ഥാപനങ്ങളുടെ ചെയർമാൻ ബഹു. തോമസ് മേൽവെട്ടത്ത് അച്ചന്റെ പൗരോഹിത്യ രജതജൂബിലി 23-ാം തീയതി കോളേജിൽ സമുചിതമായി ആഘോഷിച്ചു. മുഖ്യാതിഥിയായി പങ്കെടുത്ത തലശ്ശേരി അതിരൂപതയുടെ പ്രഥമ സഹായമെത്രാൻ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന് ഊഷ്മളമായ വരവേൽപ്പ് നൽകി. വിമൽ ജ്യോതിയുടെ സ്ഥാപക രക്ഷാധികാരി അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മഹനീയ സാന്നിദ്ധ്യത്തിൽ നടന്ന ജൂബിലി ആഘോഷപരിപാടികളിൽ മുൻ മന്ത്രി ഇരിക്കൂർ എം.എൽ.എ. ശ്രീ. കെ. സി. ജോസഫ് ഉദ്ഘാടനം ചെയ്തു. കോളജിന്റെ സ്ഥാപക ചെയർമാൻ മോൺ. മാത്യു എം. ചാലിൽ, മുൻ ചെയർമാൻ റവ. ഫാ. ജിയോ പുളിക്കൽ, ചെമ്പേരി ഫൊറോന വികാരി റവ. ഫാ. ഡോ. ജോസഫ് കരിനാട്ട്, എരുവേശ്ശി പഞ്ചായത്ത് പ്രസിഡന്റ് ജോസഫ് ഐസക്, എം.ബി.എ. പ്രിൻസിപ്പാൾ ഡോ. തോമസ് മൈക്കിൾ എന്നിവർ ആശംസകൾ നേർന്നു. കോളേജ് പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് ഏവർക്കും സ്വാഗതം ആശംസിച്ചു. സ്റ്റാഫ് സെക്രട്ടറി പ്രൊഫ. ഷിജിത്ത് തോമസ് നന്ദി അർപ്പിച്ചു. എൻ.ബി.എ. അക്രഡിറ്റേഷൻ നേടിയ ഇലക്ട്രിക്കൽ, കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ടുമെന്റുകളെ പ്രത്യേകമായി യോഗത്തിൽ അഭിനന്ദിക്കുകയും പാരിതോഷികം നൽകുകയും ചെയ്തു. കോളേജിന് കഴിഞ്ഞ വർഷം പല മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച അദ്ധ്യാപകർക്ക് പാരിതോഷികവും സർട്ടിഫിക്കറ്റുകളും നൽകി. ബഹു. തോമസ് മേൽവെട്ടത്ത് അച്ചൻ മറുപടി പ്രസംഗം നടത്തി.

## നോർത്ത് മലബാർ സ്പെല്ലിങ്ങ് ബീ കോമ്പറ്റിഷൻ

ലോകഭാഷയായ ഇംഗ്ലീഷിനോട് പുതിയ തലമുറക്ക് ആഭിമുഖ്യം വളർത്തേണ്ടത് ഇന്നത്തെ ഇന്റർനെറ്റ് യുഗത്തിൽ വളരെ അത്യാവശ്യമാണ്. ഇംഗ്ലീഷ് ഭാഷ നന്നായി കൈകാര്യം ചെയ്യുന്നതിനുള്ള നൈപുണ്യം നേടിയാൽ കുട്ടികൾക്ക് പഠന മേഖലകളിലും തുടർന്ന് തൊഴിൽ മേഖലകളിലും അത് കൂടുതൽ കരുത്ത് പകരുമെന്ന കാര്യത്തിൽ സംശയമില്ല. ഇംഗ്ലീഷ് ഭാഷയിലുള്ള കഴിവ് പ്രകടിപ്പിക്കുന്നതിനുള്ള സ്പെല്ലിങ്ങ് ബീ കോമ്പറ്റിഷൻ അന്തർദേശീയ തലത്തിൽ നടക്കുന്ന മത്സരഇനമാണ്. 21.11.2017 ന് ചെമ്പേരി വിമൽ ജ്യോതിയിൽവച്ച് നോർത്ത് മലബാർ സ്പെല്ലിങ്ങ് ബീ കോമ്പറ്റിഷൻ എന്ന പേരിൽ കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ പ്ലസ് വൺ, പ്ലസ് ടു കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തി. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ കുട്ടികൾക്ക് യഥാക്രമം Rs: 10000/-, Rs: 5000-, Rs: 3000/- വീതം ക്യാഷ് അവാർഡുകളും, 10 കുട്ടികൾക്ക് പ്രോത്സാഹന സമ്മാനവും സർട്ടിഫിക്കറ്റുകളും നൽകി.

## പ്ലേസ്മെന്റ് സെൽ വാർത്തകൾ

നവംബർ 11ന് Agile Business Consultancy നടത്തിയ Campus Recruitment 3 കുട്ടികൾക്ക് ജോലി ലഭിച്ചു. നവംബർ 14ന് Hatio Innovations കമ്പനി കൊച്ചിയിലെ SCMS കോളേജ് ഓഫ് എഞ്ചിനീയറിംഗിൽവച്ചു Computer Science വിദ്യാർത്ഥികൾക്കായി നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിൽ 3 കുട്ടികൾക്ക് ജോലി ലഭിച്ചു. നവംബർ 17ന് നമ്മുടെ കാമ്പസിൽ Digital Nirvana നടത്തിയ റിക്രൂട്ട്മെന്റിൽ 7 കോളേജുകളിൽ നിന്നായി 200-ഓളം കുട്ടികൾ പങ്കെടുത്തു. നമ്മുടെ അഞ്ചു കുട്ടികൾക്ക് ജോലി ലഭിച്ചു.

കുട്ടികളെ പ്ലേസ്മെന്റ് നേടുന്നതിന് തയ്യാറാക്കുന്നതിനായി വിവിധ പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു.

## പ്രധാനമന്ത്രിയുടെ യുവജന പദ്ധതിയിൽ വിമൽ ജ്യോതി തിരഞ്ഞെടുക്കപ്പെട്ടു

കേന്ദ്രമാനവ വിഭവ വികസന മന്ത്രാലയം നടപ്പാക്കുന്ന യുവജന പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിലുള്ള തൊഴിൽ വികസന പരിശീലനങ്ങൾ നൽകുവാനുള്ള അംഗീകൃത സ്ഥാപനമായി ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളജ് തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്രസർക്കാരിന്റെ സംരംഭക വികസന മന്ത്രാലയം, കാലിഫോർണിയ ആസ്ഥാനമായുള്ള വാധ്വാ ഫൗണ്ടേഷനും ചേർന്ന് നടത്തുന്ന നാല് സെമസ്റ്ററുകൾ നീളുന്ന പരിശീലന പരിപാടിയിൽ, സാങ്കേതിക മേഖലയിൽ ആവശ്യമായ ഭാഷാനൗപുണ്യം, ഗ്രൂപ്പ് ആക്ടിവിറ്റീസ്, ടാസ്ക് കംപ്ലീഷൻ, ഡിസൈൻ മോഡലിംഗ്, മാർക്കറ്റിംഗ് & എന്റർപ്രണർഷിപ്പ് തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിശീലന പരിപാടികൾ നടപ്പാക്കുന്നു.

## അഡ്മിഷൻ

എഞ്ചിനീയറിംഗ് കോളേജിലെ അടുത്ത വർഷത്തെ ബി.ടെക്, എം. ടെക് അഡ്മിഷൻ ആഗ്രഹിക്കുന്നവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക. വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് മാനേജ്മെന്റ് & റിസർച്ച് എം.ബി.എ. കേളേജിൽ നവംബർ 1-ാം തീയതി സ്റ്റോക്ക് മാർക്കറ്റിനെക്കുറിച്ച് ക്ലാസ്സ് നടന്നു. കൊച്ചിയിലെ ഹെഡ്ജ് ഇക്വിറ്റീസ് എന്ന സ്ഥാപനത്തിൽനിന്നുള്ള ഡോ. നോഫൽ ലത്തീഫ്, ഡോ. ചന്ദ്രവിഷ്ണു എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു.

നവംബർ 16ന് സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുടെ സീനിയർ റിലേഷൻഷിപ്പ് ഓഫീസർ ശ്രീ. ബെർളി ജേക്കബ് ക്ലാസ്സെടുത്തു.

അടുത്തവർഷം എം.ബി.എ. കോളേജിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർ കെ. മാറ്റ് പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി 2018 ജനുവരി 19 ആണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# നിർമ്മലഗിരി വാർത്തകൾ

### 1. സെമിനാർ – Human Rights

നിർമ്മലഗിരി കോളെജ് ഹോംസയൻസ് വിഭാഗത്തിന്റെയും വുമൺസെല്ലിന്റെയും ആഭിമുഖ്യത്തിൽ 'Human Rights' എന്ന വിഷയത്തെ ആസ്പദമാക്കി UGC സ്പോൺസേർഡ് സെമിനാർ സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. എൻ.ജെ. സെലീന ഉദ്ഘാടനകർമ്മം നിർവ്വഹിച്ച ചടങ്ങിൽ അഡ്വ. ലിനറ്റ്മോൾ ചെറിയാൻ (Kerala Highcourt, Ernakulam) ക്ലാസുകൾ നയിച്ചു. പൊതുജനങ്ങൾക്കും, പൂർവ്വവിദ്യാർത്ഥികൾക്കും, കോളേജ് അധ്യാപകർക്കും, വിദ്യാർത്ഥിക്കുമായിട്ടാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്.

### 2. കൂടിക്കാഴ്ച നടത്തി

കോളേജ് രക്ഷാധികാരി മാർ ജോർജ് ഞറളക്കാട്ട് വിവിധ ഡിപ്പാർട്ട്മെന്റുകളിലെ അധ്യാപകരും വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി. വിദ്യാർത്ഥികൾക്കു വേണ്ടുന്ന നിർദ്ദേശങ്ങൾ കൊടുക്കുകയും അവരുടെ ആവശ്യങ്ങൾ ചോദിച്ചറിയുകയും ചെയ്തു. കോളേജ് മാനേജർ മാർ ജോസഫ് പാംപ്ലാനി, ലോക്കൽ മാനേജർ റവ. ഫാ. പോൾ വള്ളോപ്പിള്ളി, കോളേജ് പ്രിൻസിപ്പൽ ഡോ. എൻ.ജെ. സെലീന എന്നിവരും പിതാവിനോടൊപ്പം കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

### 3. മാർ വള്ളോപ്പിള്ളി ഹാൾ – ഉദ്ഘാടനം

കോളേജ് ഓഡിറ്റോറിയം – മാർ വള്ളോപ്പിള്ളി ഹാൾ – അഭിവന്ദ്യപിതാവ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു.

### 4. ഡോ. ടി.പി. സുകുമാരൻ അനുസ്മരണം

സ്റ്റാഫ് അസോസിയേഷന്റെ നേതൃത്വത്തിൽ കോളേജിലെ മലയാള വിഭാഗം മുൻ മേധാവി ഗ്രന്ഥകാരനും നിരൂപകനുമായിരുന്ന ഡോ. ടി.പി. സുകുമാരനെ അനുസ്മരിച്ചു. അനുസ്മരണ പ്രഭാഷണം, പ്രശസ്ത നോവലിസ്റ്റും വയലാർ അവാർഡ് ജേതാവുമായ ടി.ഡി. രാമകൃഷ്ണൻ നടത്തി. പ്രിൻസിപ്പൽ ഡോ. എൻ.ജെ. സെലീന, ഡോ. കെ.എൻ. അജോയ്കുമാർ, ഫാ. ജോബി ജേക്കബ്, ജോൺസൺ ജോർജ്, കെ.വി. അനസ് എന്നിവർ സംസാരിച്ചു.

### 5. ഹിന്ദിദിനാഘോഷം

ഹിന്ദിദിനാഘോഷങ്ങൾ പ്രിൻസിപ്പൽ ഡോ. എൻ.ജെ. സെലീന ഉദ്ഘാടനം ചെയ്തു. മുഖ്യപ്രഭാഷണം ഡോ. ലേഖ പി. (HOD, Dept.of Hindi, PRNSS College, Mattanur) HOD, ഡോ. ടെസ്സി ജോർജ്, Lt. സുജാ

# കരിസ്മാറ്റിക് നവീകരണരംഗം

## കണ്ണൂർ സോൺ

### വചനപ്രഘോഷക, സ്പിരിച്ചൽ ഷെയറിംങ് (കൗൺസിലേഴ്സ്)

തലശ്ശേരി അതിരൂപതയും കരിസ്മാറ്റിക്ക് നവീകരണം നോർത്ത് മലബാർ സബ്-റിജീയണിന്റെയും നേതൃത്വത്തിൽ വചനപ്രഘോഷകർക്കും സ്പിരിച്ചൽ ഷെയറിംങ് കൗൺസിലർമാർക്കുമുള്ള ദ്വിദിന സെമിനാർ ഡിസംബർ 15-16ന് വെള്ളി-ശനി തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തപ്പെടുന്നു. കഴിഞ്ഞ കാലങ്ങളിൽ കരിസ്മാറ്റിക് നവീകരണ രംഗത്തെ ശുശ്രൂഷകളിൽ പങ്ക് ചേരുന്നവർ തങ്ങൾക്ക് ലഭിച്ച ഐഡികാർഡുമായി സെമിനാറിൽ പങ്കെടുക്കണം.

15ന് രാവിലെ 9.30 ആരംഭിച്ച് 16ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അവസാനിക്കുന്നതാണ്. നിർദ്ദിഷ്ട ഫോറത്തിൽ വികാരിയച്ചന്റെ സാക്ഷ്യപത്രവും ഫോട്ടോയും കൊണ്ട് വരണം.

സമ്മേളനത്തിൽ അഭിവന്ദ്യ അതിരൂപത മെത്രപ്പോലീത്താ മാർ ജോർജ് ഞറളക്കാട്ട്, സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി, പി.ഒ.സി. മുൻ സെക്രട്ടറി ഫാ. ജോഷി മയ്യാറ്റിൽ, കരിസ്മാറ്റിക് അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് മഞ്ചപ്പിള്ളി, റിജിയൻ കൺവീനർ ജോസ് ഓരത്തേൽ, സെക്രട്ടറി ബിജു മണ്ണനാൽ, ട്രഷർ-ഷിബു ചെമ്മരപ്പള്ളി എന്നിവർ നേതൃത്വം നല്കുന്നു.

---

മറിയാമ്മ ജോഷ്വാ എന്നിവർ ചടങ്ങിൽ സംസാരിച്ചു. ദിനാഘോഷത്തോട് അനുബന്ധിച്ച് വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചു. സമ്മാനാർഹരായവർക്ക് ഡോ. ലേഖ പുരസ്കാരങ്ങൾ നല്കി.

**6. Medicinal Garden**

കേന്ദ്ര ആയുഷ്മന്ത്രാലയം സ്പോൺസർ ചെയ്യുന്ന പ്രൊജക്റ്റിന്റെ ഭാഗമായി കോളേജിലെ ബോട്ടണി വിഭാഗം മെഡിസിനൽ ഗാർഡൻ ഒരുക്കി 'star' garden ഉൾപ്പെടെ 300 ഔഷധച്ചെടികളാണ് ഉദ്യാനത്തിൽ ഒരുക്കിയിരിക്കുന്നത്. Herbs, shrubs, trees എന്നിവരെ തരം തിരിച്ചാണ് നട്ടിരിക്കുന്നത്. ബോട്ടണി വിഭാഗം അസി. പ്രൊഫ. ഡോ. അൻപിൻ രാജയാണ് പ്രൊജക്ട് കോഡിനേറ്റർ.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ്**

## സോണൽ സർവ്വീസ് ടീം 2017-19

കണ്ണൂർ സോണിൽ 2017-19 വർഷത്തെ സോൺ സർവ്വീസ് ടീം അംഗങ്ങളുടെ പുനഃസംഘടന. നവംബർ 11ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽവച്ച് നടത്തപ്പെട്ടു 9 അംഗ ശുശ്രൂഷ സമിതിയിൽ ബെന്നി കൊട്ടാരം മാത്യു പുല്ലാട്ട്. ബിജു മണ്ണാനാൽ അഡ്വ. കെ.ജെ. തോമസ് കടുവാതൂക്കിൽ-അഡ്വ-ജെയിംസ് നീണ്ടുകുന്നേൽ സിസ്റ്റർ ജോസഫൈൻ - ജെ.എം.ജെ. മിനി ആശാരിപറമ്പിൽ, ബ്രിജിറ്റ് മാത്യു ചീങ്കല്ലേൽ, സജി കാക്കനാട്ട് എന്നിവരെ തെരഞ്ഞെടുത്തു.

ഫാ. ജോസഫ് രാത്തപ്പള്ളി (അസി. വികാരി സെന്റ് മേരീസ് ചർച്ച് തളിപ്പറമ്പ്, എൻ.എസ്.ടി. മെമ്പർ സന്തോഷ് തലച്ചിറ, കെ.സി.സി., ആർ.എസ്.ടി. മെമ്പർ സി. മഹിമ, മിസ്സ് സുനിതി നെയ്യാറ്റിങ്കര - സണ്ണി ഇടുക്കി എന്നിവർ സോണൽ പുനഃസംഘടനയ്ക്ക് നേതൃത്വം നല്കി.

## ഏകദിന ബൈബിൾ കൺവൻഷൻ - മേരിഗിരി സബ്സോൺ

കത്തോലിക്ക കരിസ്മാറ്റിക്ക് നവീകരണ മുന്നേറ്റം മേരിഗിരി സബ്-സോണിന്റെ നേതൃത്വത്തിൽ നവംബർ 18ന് വെള്ളിയാഴ്ച രാവിലെ 9.30 മുതൽ വെള്ളരിയാനം സെന്റ് ജോർജ് ദേവാലയത്തിൽ വച്ച് ഏകദിന ബൈബിൾ കൺവൻഷൻ നടത്തപ്പെട്ടു.

ഫാ. മാത്യു മുല്ലപ്പള്ളി, മേരിഗിരി സബ്സോൺ ആനിമേറ്റർ ഫാ. റോയി കാച്ചപ്പള്ളി, നോർത്ത് മലബാർ സബ്-റീജിയൺ കൺവീനർ ജോസ് ഓരത്തേൽ, സബ്-സോൺ കോ- ഓർഡിനേറ്റർ ചാർലി തുണ്ടത്തിൽ എന്നിവർ ഏകദിന കൺവെൻഷന് നേതൃത്വം നല്കി.

## ചതുർദിന മദ്ധ്യസ്ഥപ്രാർത്ഥന അസംബ്ലി വിജയത്തിന് വേണ്ടി

തലശ്ശേരി അതിരൂപത നവംബർ 26 മുതൽ 30 വരെ നടത്തപ്പെടുന്ന അസംബ്ലിയുടെ വിജയത്തിനുവേണ്ടി കണ്ണൂർ സോൺ കത്തോലിക്ക കരിസ്മാറ്റിക്കിന്റെ നേതൃത്വത്തിൽ 6 സബ്-സോണുകളുടെ ആഭിമുഖ്യത്തിൽ-പൈസക്കരി, ചെമ്പേരി-ചെമ്പന്തൊട്ടി, ആലക്കോട് സബ്-സോണുകളിലായി-4 ദിനങ്ങൾ മദ്ധ്യസ്ഥപ്രാർത്ഥന ആരാധന നടത്തി. സബ്-സോൺ കോ-ഓർഡിനേറ്ററുമാരായ വിൻസെന്റ് മുണ്ടാട്ട് ചുണ്ടയിൽ, ബിജു തുണ്ടത്തിൽ, മാത്യു പുച്ചാട്ട്, ബോസ് പൊൻതൊട്ടിയിൽ, ജോർജ് അന്ത്യാംകുളം, ചാർളി തുണ്ടത്തിൽ, സർവ്വീസ് സമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നല്കി.

സ്നേഹപൂർവ്വം

**ഫാ. ജോസഫ് മഞ്ചപ്പിള്ളി**
അതിരൂപത ഡയറക്ടർ

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

**ഏവർക്കും സമാധാനവും സൗഭാഗ്യവും!!!**

### പുതിയ സാരഥികൾ

കഴിഞ്ഞ മൂന്നു വർഷക്കാലം അൽമായ ഫ്രാൻസിസ്കൻ ഭ്രാതൃത്വങ്ങളെ അസ്സീസ്സിയുടെ ചൈതന്യത്തിൽ നടത്തുവാൻ പരിശ്രമിച്ച നമ്മുടെ സഹോദരങ്ങൾ തങ്ങളുടെ ശുശ്രൂഷയുടെ കാലാവധി പൂർത്തിയാക്കിയിരിക്കുന്നു. പുതിയ ഭാരവാഹികളെ കണ്ടെത്തുവനും അവരെ ഉത്തരവാദിത്വം കൈയേൽപിക്കുവാനുമായി റീജിയണൽ ഭാരവാഹികൾ ഈ ദിവസങ്ങളിൽ പരിശ്രമിക്കുകയയിരുന്നു. പട്ടാരം റീജിയണിലെ ഇലക്ഷൻ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞതിൽ നമുക്ക് ദൈവത്തിനു നന്ദി പറയാം. ചെമ്പേരി റീജിയന്റെ കീഴിലുള്ള ഭ്രാതൃത്വങ്ങളിലും ഇലക്ഷൻ ആരംഭിച്ചിരിക്കൂന്നു. പരിശുദ്ധാരൂപിയുടെ സഹായത്താൽ ഏറ്റവും യോഗ്യരായവരെ കണ്ടെത്താനും അവർക്കു ചുമതലകൾ ഏൽപിച്ച് കൊടുക്കാനും അവിശ്രാന്തം പരിശ്രമിച്ച റീജിയണൽ ഭാരവാഹികൾക്ക് പ്രത്യേകം നന്ദി പറയുന്നു. പുതിയതായി ചുമതലയേറ്റവരെ പ്രത്യേകമായി അഭിനന്ദിക്കുകയും ഫ്രാൻസിസ്കൻ ചൈതന്യത്തിൽ അൽമായ സഭയെ നയിക്കുവാൻ കഴിയട്ടെ എന്ന് പ്രാത്ഥിക്കുകയും ചെയ്യുന്നു. പുതിയതായി സ്ഥാനമേറ്റ മിനിസ്റ്റർമാരുടെ പേരുകൾ താഴെ പറയുന്നു.

| | |
|---|---|
| കരിക്കോട്ടക്കരി | - ബ്ര. മാത്തുക്കുട്ടി പൂത്തോട്ടാൽ |
| വെളിമാനം | - ബ്ര. ജോസഫ് കൂട്ടുമല |
| എടൂർ | - സി. ത്രേസ്യാമ്മ പേക്കനാംകുഴീ |
| അങ്ങാടിക്കടവ് | - സി. ഷിജോ ഒറ്റപ്ലാക്കൽ |
| പട്ടാരം | - ബ്ര. തോമസ് മണിമലത്തടം |
| അടക്കാത്തോട് | - ബ്ര. ജോസ് വെട്ടത്ത് |
| കൊട്ടിയൂർ | - ബ്ര. ജോസഫ് കക്കാട്ടിക്കാലായിൽ |
| ചുങ്കക്കുന്ന് | - ബ്ര. സാജു ഞാളിയൻ |
| മാടത്തിൽ | - ബ്ര. ദേവസ്യാ കൊച്ചുകുടിയാറ്റിൽ |
| നെല്ലിക്കാംപൊയിൽ | - ബ്ര. എബി കാരാമയിൽ |
| ചെമ്പേരി | - ബ്ര. ജോസ് കൊട്ടാരം |
| ചെമ്പന്തൊട്ടി | - ബ്ര. വർക്കി പന്തിരുപാറയിൽ |

മറ്റിടങ്ങളിലെ ഇലക്ഷൻ തീയതികൾ മേൽഘടകത്തിൽനിന്നും നിശ്ചയിച്ചു തന്നതിൻ പ്രകാരം വേണ്ട ഒരുക്കങ്ങൾ ചെയ്യുവാനും,

ബഹുമാന പ്പെട്ട വികാരിയച്ചന്മാരെ മുൻകൂട്ടി അറിയിച്ചു അനുവാദം മേടിക്കാനും മിനിസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കുക.

## അതിരൂപതാ മീറ്റിങ്ങ്

അതിരൂപതാ ഭാരവാഹികളുടെ ഒരു യോഗം 12-ാം തീയതി വെള്ളി യാഴ്ച, പട്ടാരം രൂപതാ ഓഫീസിൽ, അതിരൂപതാ മിനിസ്റ്റർ ബ്ര. മാത്തുക്കുട്ടി പൂത്തോട്ടാലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുകയുണ്ടായി. പട്ടാരം, ചെമ്പേരി, ചെറുപുഴ എന്നീ റീജിയനുകളെ പ്രതിനിധാനം ചെയ്ത് യഥാക്രമം, ബ്ര. ജോസ് ആലപ്പാട്ട്, ബ്ര. മാത്യു പുല്ലാട്ട്, ബ്ര. ജോയ് മൂങ്ങാമാക്കൽ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു. സീറോ-മലബാർ പാരമ്പര്യത്തോട് ചേർന്ന രീതിയിലുള്ള അനുഷ്ഠാനക്രമം സഭാമക്കൾക്ക് അനുവദിച്ചു തന്ന അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനോടുള്ള കൃതജ്ഞതാ യോഗം രേഖപ്പെടുത്തി. അൽമായ ഫ്രാൻസിസ്കൻ സഭ കേരളത്തിൽ സ്ഥാപിക്ക പ്പെട്ടതിന്റെ 150 വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ സീറോ - മലബാർ സഭ മുഴുവനിലും, രണ്ടാം ക്രിസ്തു എന്നു വിളിക്കപ്പെടുന്ന അസ്സീസ്സി പുണ്യവാന്റെ സുവിശേഷാദർശജീവിതം വ്യാപിക്കുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുകയും അതിനായ് പരിശ്രമിക്കുകയും ചെയ്യാം. ജനുവരി പകുതിക്കു മുൻപായി യൂണിറ്റ് ഇലക്ഷൻ പൂർത്തിയാക്കാനും ജനുവരി 19ന് അതിരൂപതാ ഇലക്ഷൻ നടത്താനും യോഗം തീരുമാനിച്ചു.

## വ്രതവാഗ്ദാനം - സമ്മേളനം

അൽമായ ഫ്രാൻസിസ്കൻ സഭയുടെ ആദർശങ്ങളിൽ ആകൃഷ്ടരായി ധാരാളം അർത്ഥികൾ കടന്നുവരികയും പരിശീലനം പൂർത്തിയാക്കി വ്രതം സ്വീകരിക്കുകയും ചെയ്യുന്നതിൽ നമുക്ക് അഭിമാനിക്കാം. ചെമ്പന്തൊട്ടി, കൊട്ടിയൂർ, അടക്കാത്തോട്, ചുങ്കക്കുന്ന്, കരിക്കോട്ടക്കരി ഭ്രാതൃത്വങ്ങ ളിൽനിന്നായി ധാരാളം സഭാംഗങ്ങൾ നിത്യവ്രതവും സഭാവസ്ത്രവും സ്വീകരിച്ചു. ഇവിടങ്ങളിൽ പുതിയതായി ചേർന്ന അംഗങ്ങൾ സഭാപ്രവേശനം നടത്തി അവരുടെ പരിശീലനകാലഘട്ടം ആരംഭിക്കുകയും ചെയ്തു. വ്രതവാഗ്ദാനങ്ങൾക്ക് നേതൃത്വം നൽകിയ മിനിസ്റ്റർമാരേയും, അവരെ പരിശീലിപ്പിച്ച ഫോർമേറ്റർമാരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

ചെമ്പേരി റീജിയനിൽ, ആലക്കോട്, വായാട്ട്പറമ്പ്, മേരിഗിരി ഫൊറോനകളിലുള്ള ഭ്രാതൃത്വങ്ങളുടെ ഒരു കൂട്ടായ്മ നവംബർ 15ന് ആല ക്കോട് ഫൊറോനാ പള്ളിയിൽവച്ചു നടത്തപ്പെട്ടു. ആലക്കോട്, പാത്തൻപാറ, തടിക്കടവ്, കാപ്പിമല, ഉദയഗിരി, വായാട്ട്പറമ്പ്, കുട്ടാപറമ്പ്, തുടങ്ങിയ ഇടവകകളിൽനിന്നും പ്രതിനിധികൾ പങ്കെടുത്ത യോഗം ഈ മേഖലയുടെ ഏകീകരണത്തിനയി ഒരു കമ്മറ്റി രൂപീകരിച്ചു. സി. ഗ്രേസി കുന്നേൽ അദ്ധ്യക്ഷയായുള്ള പ്രസ്തുത കമ്മറ്റിക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

*"നമുക്ക് ബേത്‌ലഹെംവരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്കു കാണാം" (ലൂക്ക 2:15).*

പ്രിയ സഹോദരരേ,

ആഗതമാകുന്ന തിരുപ്പിറവിയുടെ ആശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു. 'തമസോ മാ ജ്യോതിർഗമയ' എന്നുള്ള മനുഷ്യകുലത്തിന്റെ പ്രാർത്ഥനയ്ക്ക് ദൈവം നല്കിയ ഉത്തരമായ ഈശോമിശിഹായുടെ ജനനതിരുനാളാഘോഷിക്കുന്നതിന് നോമ്പും പ്രാർത്ഥനയും ഉപവാസവും ഉപവിപ്രവർത്തനങ്ങളുമായി നാം ഒരുങ്ങുകയാണല്ലോ. ദൈവദൂതന്മാരുടെ സന്ദേശം ശ്രവിച്ച ഇടയന്മാർ രക്ഷാകരമായ ആ സദ്‌വാർത്തയുടെ സ്ഥിരീകരണത്തിനായി പുറപ്പെടുന്ന യാത്രയുടെ അവസാനം ചെന്നെത്തിനില്ക്കുന്നത് ബത്‌ലഹെമിലെ അപ്പത്തിന്റെ നാട്ടിലെ പുൽക്കൂട്ടിലാണ്. അപ്പത്തിന്റെനാട്, മനുഷ്യന്റെ സർവ്വവിശപ്പും ശമിപ്പിക്കുന്നവൻ പിറന്നയിടം; പുൽക്കൂട് ഇവിടെയാണ്. പുൽക്കൂട് ദിവ്യരക്ഷകന്റെ സന്നിധാനം അതോടൊപ്പം മറ്റെവിടെയും ഇടംലഭിക്കാത്തവർക്കുള്ള ഇടം മാത്രമല്ല സമ്പൂർണ്ണ സമർപ്പണത്തിന്റെ ഇടവും കൂടിയായി മാറുന്നുണ്ട്. ജീവിതത്തിന്റെ നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും മീറയും കുന്തിരിക്കവും പ്രതിനിധാനം ചെയ്യുന്ന സമ്പത്തും; ജീവിതത്തിന്റെ സുഗന്ധകൂട്ടുകളാകുന്ന ഉപവിപ്രവർത്തനങ്ങളും തന്റെ സഹോദരനിലൂടെ പുൽക്കൂട്ടിലെ ദിവ്യരക്ഷകന്റെ

പൗരോഹിത്യത്തിന്റെ ജൂബിലി ആഘോഷിക്കുന്ന ബഹു. ആന്റണി ആനക്കല്ലിൽ അച്ചന് സഭാംഗങ്ങൾ ആശംസകൾ അർപ്പിച്ചു പ്രാർത്ഥിച്ചു.

നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാളിനായി നമുക്ക് നന്നായി ഒരുങ്ങാം. അസ്സീസ്സിയിലെ വി. ഫ്രാൻസിസ് ഏറ്റവും അധികമായി ഇഷ്ടപ്പെട്ട ഈ തിരുനാൾ ഏറ്റവും അർത്ഥവത്തായി ആഘോഷിക്കുവാൻ നമുക്ക് പരിശ്രമിക്കുകയും ചെയ്യാം. ഏവർക്കും മംഗളവാർത്താക്കാലത്തിന്റെ അനുഗ്രഹങ്ങൾ നേർന്നുകൊണ്ട്,

**ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ, കപ്പൂച്ചിൻ**
അതിരൂപതാ ആത്മീയ സഹായി

സന്നിധാനത്തിൽ സമർപ്പിക്കുന്നതിന് നമ്മുടെ വിൻസെൻഷ്യൽ പ്രവർത്ത നങ്ങളുടെ വഴിതിരിച്ചുവടുവാൻ നമുക്ക് പരിശ്രമിക്കാം.

ജൂബിലി വർഷത്തിലെ ക്രിസ്തുമസ്സ് ആചരണവും ആഘോഷങ്ങളും സമ്പൂർണ്ണ സമർപ്പണത്തിന്റെ ജീവിതശൈലിയിലേക്ക് നമ്മെ നയിക്കട്ടെ യെന്ന് പ്രാർത്ഥിക്കുന്നു. ജൂബിലി ഭവനപദ്ധതി പ്രവർത്തനങ്ങൾവഴി, തല ചായ്ക്കുവാൻ, അന്തിയുറങ്ങുവാൻ ഇടം ഇല്ലാത്തവർക്ക് ഇടം നല്കാനും അതുവഴി ജീവിതത്തിലെ അന്ധകാരമകറ്റുന്നതിന് ഇത്തിരിവെട്ടം നല്കുന്ന നക്ഷത്ര പ്രഭ ചൊരിയുവാനും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു, പ്രാർത്ഥി ക്കുന്നു. നിധി ഒളിഞ്ഞിരിക്കുന്ന വയൽ കണ്ടെത്തിയ കർഷകനും, നല്ല രത്നം കണ്ടെത്തിയ വ്യാപാരിയും അവ സ്വന്തമാക്കാൻ പരിശ്രമിക്കുന്നതു പോലെ (മത്താ: 13:44...) സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുവാൻ നിക്ഷേ പപാത്രങ്ങൾ തുറന്ന് നമ്മുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാം. എല്ലാ വർക്കും ഒരിക്കൽക്കൂടി ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശം സകൾ നേർന്നുകൊള്ളുന്നു.

## നന്ദിയുടെ ഒരു വാക്ക്

24.9.2017ന് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയെപ്പറ്റി തന്റെ അതിരൂപതയിലെ അജഗണത്തിന് ഒരു ഇടയലേഖനം വഴി കൂടുതൽ അറിവ് പകർന്നു നൽകുകയും നമ്മെ പ്രോത്സാഹിപ്പിക്കുകയും സിസിയുടെ റൂബി ജൂബിലി പ്രവർത്തനങ്ങളെ അംഗീകരിക്കുകയും ചെയ്ത അഭിവന്ദ്യ അതിരൂപതാധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് പിതാവിനോടുള്ള കടപ്പാടും കൃതജ്ഞതയും അനുസ്മരിച്ച് അഭിവന്ദ്യപിതാവിന്റെ പ്രവർത്തനങ്ങൾ ക്കുവേണ്ടി ദൈവാനുഗ്രഹത്തിനായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അതോടൊപ്പം നമ്മുടെ രൂപതയ്ക്ക് ദൈവം നല്കിയ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവിനെ ലഭിച്ചതിന് ദൈവത്തിനു നന്ദി യർപ്പിക്കാം.

## പുതിയ കോൺഫ്രൻസ് രൂപീകരിച്ചു

വെള്ളരിക്കുണ്ട് ഫൊറോനയുടെ കീഴിലുള്ള പറമ്പ സെന്റ് മേരീസ് ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പുതിയ കോൺഫ്രൻസ് 8.10.2017ന് ആരംഭിച്ചു. വെള്ളരിക്കുണ്ട് എ.സിയുടെ 12-ാമത് കോൺഫ്രൻസ് ആണ്.

8.10.2017 രാവിലെ ദിവ്യബലിക്കുശേഷം ഇടവക വികാരി ബഹു. ഫാദർ ജോൺ ചെമ്പാനിക്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വിൻസെന്റ് ഡി പോൾ സംഘടനയെക്കുറിച്ചും സംഘടനപ്രവർത്തനത്തെക്കുറിച്ചും അംഗ ങ്ങൾ എപ്രകാരമാണ് പ്രവർത്തിക്കേണ്ടതുമെന്ന് ബഹു. വികാരിയച്ചൻ സന്ദേ

ശം നൽകി. വെള്ളരിക്കുണ്ട് എസി പ്രസിഡന്റ് ബ്ര. ജോസഫ് പറയിടത്തിൽ, വൈസ് പ്രസിഡന്റ് ബ്ര. എൻ.സി. ചാക്കോ വാഴയിൽ എ.സി. സെക്രട്ടറി ബ്ര. ഫിലിപ്പോസ് ഊത്തപ്പാറയിൽ എന്നിവർ നേതൃത്വം നൽകി.

**ഭാരവാഹികൾ**

പ്രസിഡന്റ് - ജോളി തുരുത്തേൽ, വൈ. പ്രസിഡന്റ് - തോമസ് ഇലവുങ്കൽ, സെക്രട്ടറി - വിനോദ് കാഞ്ഞമല, ട്രഷർ - സന്തോഷ് മാത്യു തടത്തിൽ. ഭാരവാഹികൾക്ക് എസി പ്രസിഡന്റ് ബ്ര. ജോസഫ് പറയിടത്തിൽ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സമാപനപ്രാർത്ഥനയോടെ യോഗം സമാപിച്ചു.

പുതിയ അംഗങ്ങൾക്കും ഭാരവാഹികൾക്കും തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ ആശംസകൾ!

## സെമിനാർ റിപ്പോർട്ട്

വായാട്ടുപറമ്പ് എസിയുടെ 2017-18 വർഷത്തെ രണ്ടാമത്തെ ആധ്യാത്മിക സെമിനാർ ഒക്ടോബർ 17-ാം തീയതി കരുണാപുരം സെന്റ് ജൂഡ് പാരീഷ് ഹാളിൽവച്ച് നടത്തപ്പെട്ടു.

രാവിലെ 9.30 ന് വി. കുർബാനയോടുകൂടി സെമിനാർ ആരംഭിച്ചു. വായാട്ടുപറമ്പ് എസി പ്രസിഡന്റ് ബ്ര. ജോസഫ് ചൊറുക്കാവിൽ അധ്യക്ഷത വഹിച്ചു. എസി സീനിയർ വൈസ് പ്രസിഡന്റ് ബ്ര. തോമസ് പുത്തൻപുര സ്വാഗതം ആശംസിച്ചു. അൽഫോൻസാപള്ളി വികാരി റവ. ഫാ. ജോസഫ് എളംപുരേടം സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യപ്രഭാഷണം നടത്തി.

സൊസൈറ്റിക്ക് ദീർഘകാലമായി ശുശ്രൂഷചെയ്യുന്ന ബ്ര. ജോൺ പുളിക്കലിനെ ഷാൾ അണിയിച്ച് മെമന്റോ നൽകി ആദരിച്ചു. എസി. സെക്രട്ടറി ലീലാമ്മ ജോർജ് വില്ലന്താനം നന്ദി പറഞ്ഞു. 70ഓളം പേർ പങ്കെടുത്ത സെമിനാർ സമാപനപ്രാർത്ഥനയക്കുശേഷം ഉച്ചഭക്ഷണത്തോടെ സമാപിച്ചു.

## രജതജൂബിലി പ്രഖ്യാപനം

പൊൻമല ജീവകാരുണ്യ സേവനത്തിന്റെ 39 വർഷങ്ങൾ പിന്നിടുന്ന പൊൻമല സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ കോൺഫ്രൻസിന്റെ റൂബി ജൂബിലി വർഷാചരണ പ്രഖ്യാപനവും ചെമ്പേരി ഏരിയാ കൗൺസിലിന്റെ ത്രൈമാസ ആത്മീയ സെമിനാറും 11-11-2017ന് ശനിയാഴ്ച പൊൻമല സെന്റ് ജോസഫ്സ് ദേവാലയങ്കണത്തിൽ നടത്തപ്പെട്ടു.

രാവിലെ ഒമ്പതിന് വിശുദ്ധ കുർബാനയ്ക്കുശേഷം ആരംഭിച്ച സെമിനാർ റവ. ഫാ. ആന്റണി പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് റൂബി ജൂബിലി വർഷാചരണ പ്രഖ്യാപനം നടത്തി ചെമ്പേരി എസി പ്രസി

ഡന്റ് ബ്ര. സുനിൽ പീറ്റർ കണ്ടത്തിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. തലശ്ശേരി സിസി പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ മുഖ്യ പ്രഭാഷണം നടത്തി. ബ്ര. ഇ.ജെ. ജോസ് റിപ്പോർട്ട് അവതരിപ്പിച്ചു. സിസി വനിതാ പ്രതിനിധി  സി. ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ, സിസി ജന റൽ സെക്രട്ടറി ബ്ര. ബേബി കളരിക്കൽ എന്നിവർ ആശംസകൾ നേർന്നു. ജോസഫ് മേനോൻപറമ്പിൽ, ബ്ര. ലൂക്കോസ് തൊട്ടിയിൽ എന്നിവർ പ്രസംഗിച്ചു. "കുടുംബത്തിന്റെ പ്രസക്തി ഇന്നത്തെ ലോകത്ത്" എന്ന വിഷ യത്തെ ആസ്പദമാക്കി ചെയർമാൻ ശ്രീ. മാത്യു തെള്ളിയിൽ ക്ലാസ്സെടുത്തു. സെമിനാറിൽ 100ഓളം പേർ പങ്കെടുത്തു. സമാപന പ്രാർത്ഥനയ്ക്കുശേഷം ഉച്ചഭക്ഷണത്തോടെ സെമിനാർ അവസാനിച്ചു.

## റൂബി ജൂബിലി ആദ്യഭവനത്തിന്റെ വെഞ്ചരിപ്പ്

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ റൂബി ജൂബിലി സ്മരണാർത്ഥം നടപ്പാക്കുന്ന 40 ഭവനങ്ങ ളുടെ നിർമ്മാണത്തിന്റെ ആദ്യ ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മം പനത്തടി ഫൊറോന വികാരി ബഹു. തോമസ് പൈമ്പിള്ളി നിർവ്വഹിച്ചു. പനത്തടി സെന്റ് ജോസഫ്സ് കോൺഫറൻസ് ആണ് ആദ്യ ഭവനനിർമ്മാണം പൂർത്തിയാക്കിയത്. കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. തങ്കച്ചൻ ചെട്ടിയാം കുന്നേൽ, കോൺഫറൻസ് അംഗങ്ങൾ എന്നിവർ ഭവനനിർമ്മാണത്തിന് നേതൃത്വം നല്കി. എസി പ്രസിഡന്റ് ബ്ര. ജോമി തയ്യിൽ, എസി ഭാരവാഹി കൾ, പനത്തടി എസിയിലെ എല്ലാ കോൺഫറൻസ് പ്രസിഡന്റുമാരും വെഞ്ച രിപ്പ് കർമ്മത്തിൽ സംബന്ധിച്ചു.

## പുതിയ കോൺഫറൻസ് രൂപീകരിച്ചു

പനത്തടി ഫൊറോനയുടെ കീഴിലുള്ള പടിമരുത് സെന്റ് സെബാ സ്റ്റ്യൻസ് ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പുതിയ കോൺഫറൻസ് 5.11.2017ന് രൂപീകരിച്ചു. രാവിലെ ദിവ്യബലിയ്ക്കു ശേഷം ഇടവകവികാരി റവ. ഫാ. തോമസ് ചക്കാനിക്കുന്നേലിന്റെ അധ്യ ക്ഷതയിൽകൂടിയ യോഗത്തിൽ മൂന്നു വനിതകൾ ഉൾപ്പെടെ പത്ത് അംഗ ങ്ങൾ പങ്കെടുത്തു. കോൺഫറൻസ് രൂപീകരണത്തിന് പനത്തടി എസി പ്രസിഡന്റ് ബ്ര. ജോമി തയ്യിൽ, വൈസ് പ്രസിഡന്റ് ബ്ര. പി.സി. ജോസഫ് പാലക്കുടി എന്നിവർ നേതൃത്വം നല്കി. സൊസൈറ്റിയുടെ പ്രവർത്തനങ്ങ ളെക്കുറിച്ച് അംഗങ്ങൾക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങളെക്കുറിച്ചും എസി ഭാരവാഹികൾ  വിശദീകരിച്ചു.

ഭാരവാഹികൾ: പ്രസിഡന്റ് ബ്ര. ബിന്നി ചാക്കോ വടാന, വൈസ് പ്രസിഡന്റ് ബ്ര. സേവ്യർ അറയ്ക്കൽ, ബ്ര. ടോമി മുള്ളൻകുഴി, സെക്രട്ടറി ബ്ര. വിൽസൺ കുമ്മണിതോട്ടത്തിൽ, ട്രഷറർ ബ്ര. റെജി നാഗമറ്റം. ഭാര

വാഹികൾക്ക് ബ്ര. ജോമി തയ്യിൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സമാപന പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

പനത്തടി ഫൊറോനയുടെ കീഴിലുള്ള കള്ളാർ (ശാന്തിഗിരി) ഉണ്ണിമിശിഹാ ഇടവകയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പുതിയ കോൺഫറൻസ് 8.10.2017ന് രൂപീകരിച്ചു. രാവിലെ ദിവ്യബലിയ്ക്കു ശേഷം ഇടവകവികാരി റവ. ഫാ. ജോസഫ് കാനക്കാട്ടിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രണ്ടു വനിതകൾ ഉൾപ്പെടെ 8 അംഗങ്ങൾ പങ്കെടുത്തു. കോൺഫറൻസ് രൂപീകരണത്തിന് പനത്തടി എസി പ്രസിഡന്റ് ബ്ര. ജോമി തയ്യിൽ, ബ്ര. പിസി. ജോസഫ്, ബ്ര. ജോൺ കലയംകണ്ടത്തിൽ എന്നിവർ നേതൃത്വം നല്കി. കോൺഫറൻസിന്റെ പ്രവർത്തനശൈലിയെക്കുറിച്ചും അംഗങ്ങൾക്കുണ്ടായിരിക്കേണ്ട ഗുണങ്ങളെക്കുറിച്ചും ബ്ര. അഗസ്റ്റിൻ വട്ടപ്പള്ളിൽ സന്ദേശം നല്കി.

**ഭാരവാഹികൾ**

പ്രസിഡന്റ് ബ്ര. ടോം വടക്കേവീട്ടിൽ, വൈസ് പ്രസിഡന്റ് ബ്ര. രാജു മണക്കാട്ട്, സെക്രട്ടറി ബ്ര. റോയി ആശാരികുന്നേൽ, ട്രഷറർ ബ്ര. വർക്കി നെടുപുറം. ഭാരവാഹികൾക്ക് ബ്ര. ജോൺ കലയംകണ്ടത്തിൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സമാപനപ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

പുതിയ ഭാരവാഹികൾക്കും അംഗങ്ങൾക്കും തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ പ്രാർത്ഥാനാംശംസകൾ നേരുന്നു.

സ്നേഹപൂർവ്വം,

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
സിസി. പ്രസിഡന്റ്

# ഇൻഫാം വാർത്തകൾ

കാർഷിക മേഖല കടുത്ത പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴും നിസ്സഹായരായ കർഷകരുടെ ജീവിതം കൂടുതൽ സങ്കീർണ്ണമാവുകയാണ്. ജീവിത സൂചികയുടെ താളം തെറ്റുമ്പോൾ കർഷകർ വീണ്ടും ആത്മഹത്യയുടെ പാതയിലേക്ക് വീണ്ടും എത്തിച്ചേരുകയാണ്. റബ്ബറിന്റെ വിലത്തകർച്ച, ജപ്തിനടപടികൾ, വന്യമൃഗശല്യം തുടങ്ങി നിരവധി പ്രശ്നങ്ങളാണ് കർഷകർ നേരിടുന്നത്. കർഷക വിഷയങ്ങൾ പഠിക്കാൻ കർഷക കമ്മീഷൻ നിയമിക്കുക കർഷകർക്ക് 5000 രൂപ പെൻഷൻ അനുവദിക്കുക തുടങ്ങിയ വിഷയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സമരപ്രഖ്യാപനമാണ് നവംബർ 17ന് കണ്ണൂർ കളക്ടറേറ്റിന് മുമ്പിൽ നടന്ന ഉപവാസസമരം കർഷകർ ആവേശത്തോടെയാണ് ഏറ്റെടുത്തത്. ജാതിമത കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുന്ന ഇൻഫാമിന്റെ നേതൃത്വത്തിൽ വീണ്ടും കർഷകർ ശക്തമായ സമരമുഖം തുറക്കുകയാണ്. കൂട്ടായ പരിശ്രമത്തിലൂടെ കർഷകരുടെ അവകാശങ്ങൾ നേടിയെടുക്കാം.

## കലക്ടറേറ്റ് ഉപവാസസമരം

17.11.17ന് വെള്ളിയാഴ്ച രാവിലെ 10മണിക്ക് കണ്ണൂർ കലക്ടറേറ്റിന് മുമ്പിൽ എകെസിസി, മാതൃവേദി സംഘടനകളുടെ സഹകരണത്തോടെ കളക്ടറേറ്റിന് മുമ്പിൽ ഉപവാസസമരം നടന്നു. മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം നിർവ്വഹിച്ചു. കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇൻഫാം കണ്ണൂർ ജില്ലാ പ്രസിഡന്റ് സ്കറിയ നെല്ലംകുഴി അധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് കാവനാടി, ഫാ. ജോസഫ് ഒറ്റപ്ലാക്കൽ, ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്, അഡ്വ. ടോണി ജോസജഫ്, ദേവസ്യ കൊങ്ങോല, സ്കറിയ കളപ്പുര, അഡ്വ. മേരി മാത്യു, സി. സ്റ്റെല്ലാ, ലാലിച്ചൻ കുഴിയാത്ത് എന്നിവർ പ്രസംഗിച്ചു.

വെള്ളരിക്കുണ്ട് ഫൊറോന സമ്പൂർണ്ണ ഇൻഫാം യൂണിറ്റ് ഇടവകകളായി ഭാരവാഹികളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

1. **അട്ടേങ്ങാനം:** പ്രസിഡന്റ്-ജോയി പുളിക്കക്കുന്നേൽ, സെക്രട്ടറി - ബാബു വട്ടപ്പള്ളിൽ ഖജാൻജി-കുര്യൻ മുകളേൽ
2. **അട്ടക്കണ്ടം:** പ്രസിഡന്റ്-ജോയി ചിലമ്പട്ടശ്ശേരി, സെക്രട്ടറി-സിബി തച്ചിലോത്ത് ഖജാൻജി-തോമസ് കൈപ്പള്ളിൽ
3. **അടുക്കളക്കണ്ടം:** പ്രസിഡന്റ്- ജോസഫ് പാറപ്ലാക്കൽ, സെക്രട്ടറി-മാത്യു അമ്പാട്ട് ഖജാൻജി-ബേബി അടിമാലിൽ
4. **മാലോം:** പ്രസിഡന്റ്-മൈക്കിൾ ഞൊണ്ടിമാക്കൽ, സെക്രട്ടറി-ജോസ് നിരപ്പേൽ ഖജാൻജി-സ്കറിയ കാഞ്ഞമല

**5. പറമ്പ:** പ്രസിഡന്റ്-ഷാജി നെടുമരുതുംചാലിൽ, സെക്രട്ടറി-ബാബു കുമ്പുക്കൽ, ഖജാൻജി-ജോർജ് ആനിത്തോട്ടം

**6. കൊന്നക്കാട്:** പ്രസിഡന്റ്-ഷോണി കാരക്കാട്ട്, സെക്രട്ടറി - ചാക്കോ അറയ്ക്കൽ, ഖജാൻജി-ജോർജ്കുട്ടി പുളിക്കത്തടത്തിൽ

**7. ചുള്ളി:** പ്രസിഡന്റ്-ജോണി ചുക്കനാനി, സെക്രട്ടറി - ബാബു കിഴക്കേൽ ഖജാൻജി-ബേബി അടിമാലിൽ

**8. ബിരിക്കുളം:** പ്രസിഡന്റ്-ജോർജ്, സെക്രട്ടറി - ബേബി തുരുത്തിപ്പള്ളി, ഖജാൻജി-ജോർജ് വാകമല

**9. കാലിച്ചാമരം:** പ്രസിഡന്റ്-ജോർജ്, സെക്രട്ടറി -ജോർജ് മുണ്ടുവേലി മുകുളേൽ, ഖജാൻജി-ജിജു കോക്കണ്ടത്തിൽ

**10. കനകപ്പള്ളി:** പ്രസിഡന്റ്-വർക്കി പേഴത്തിങ്കൽ, സെക്രട്ടറി - ജോസഫ് ആനക്കല്ലിൽ, ഖജാൻജി-രാജേഷ് ഉറുകുഴിയിൽ

**11. ഭീമനടി:** പ്രസിഡന്റ്-തങ്കച്ചൻ പാതിപുരയിടത്തിൽ, സെക്രട്ടറി -റോമി മണ്ണംചേരി,ഖജാൻജി-ജോണി കുറ്റിയാനിക്കൽ

**12. പരപ്പ:** പ്രസിഡന്റ്-ജിമ്മി മഞ്ഞക്കുന്നേൽ, സെക്രട്ടറി -ജോസ് പാലാക്കുഴി, ഖജാൻജി-അപ്പച്ചൻ മുണ്ടാട്ടുചുണ്ടയിൽ

**13. വെള്ളരിക്കുണ്ട്:** പ്രസിഡന്റ്-ബേവി ചെമ്പരത്തിക്കൽ, സെക്രട്ടറി-ജോബി പാലമറ്റം, ഖജാൻജി-ബേവി പനയ്ക്കാത്തോട്ടം

**14. ബളാൽ:** പ്രസിഡന്റ്-ഷാജൻ പൈങ്ങോട്ട്, സെക്രട്ടറി -മാത്യു കുളങ്ങര, ഖജാൻജി-സണ്ണി മൂലയിൽ

**15. പുഞ്ച:** പ്രസിഡന്റ്-ദേവസ്യ പുതിയാകുന്നേൽ, സെക്രട്ടറി - ജിൻസ് കാലായിൽ, ഖജാൻജി-തങ്കച്ചൻ മുണ്ടക്കൽ, സണ്ണി കൈതോലിൽ, ജിൻസ് മ്ലാക്കുഴി

**16. പുന്നക്കുന്ന്:** പ്രസിഡന്റ്-ജോയി വട്ടക്കാട്ട്, സെക്രട്ടറി -ജോണി വടക്കൻ, ഖജാൻജി-സാബു പൂവ്വത്തിക്കുന്നേൽ

**17. ആനമഞ്ഞൾ:** പ്രസിഡന്റ്- റെനി പുതുപ്പറമ്പിൽ, സെക്രട്ടറി -സിബി വലിയപറമ്പിൽ, ഖജാൻജി - റെജി കളരിക്കൽ

## അഭിനന്ദനങ്ങൾ

വെള്ളരിക്കുണ്ട് ഫൊറോനയുടെ കീഴിലുള്ള എല്ലാ ഇടവകകളിലും ഇൻഫാം യൂണിറ്റുകൾ രൂപീകരിക്കുകയും ഇൻഫാം പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്യുന്ന ഫാ. അബ്രാഹം കൊച്ചുപുരയ്ക്കൽ അച്ചന് ഇൻഫാം കുടുംബത്തിന്റെ സ്നേഹോഷ്മളമായ അഭിനന്ദനങ്ങൾ.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാ പ്രസിഡന്റ്

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## എക്സിക്യൂട്ടീവ് കമ്മിറ്റി

അതിരൂപതാ മദ്യവിരുദ്ധ സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി 27.10.17ന് സന്ദേശഭവനിൽ ചേർന്നു. പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യു അധ്യക്ഷത വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം ആമുഖപ്രഭാഷണം നടത്തി. അതിരൂപത മദ്യവർജന പ്രസ്ഥാനത്തിന്റെ 40-ാം വാർഷികം, റൂബി ജൂബിലി, മുക്തിശ്രീ എന്ന പേരിൽ മദ്യവിരുദ്ധ സമിതി വനിതാവിഭാഗം രൂപീകരണം, കെസിബിസി മദ്യവിരുദ്ധ സംസ്ഥാന സമിതി നേതൃത്വം കൊടുക്കുന്ന തിരുവനന്തപുരം- കാസർഗോഡ് ലഹരിവിരുദ്ധ പ്രചരണ വാഹനജാഥ തുടങ്ങിയ കാര്യങ്ങളെപ്പറ്റി സജീവ ചർച്ച നടത്തി. 6.11.17ന് മേഖലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് അന്തിമ തീരുമാനങ്ങൾ എടുക്കാൻ തീരുമാനിച്ചു. ജയ്സൺ മർക്കോസ് സ്വാഗതവും ജോയി മണ്ഡപത്തിക്കുന്നേൽ നന്ദിയും പ്രകാശിപ്പിച്ചു.

6.11.17ന് പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ മേഖല ഡയറക്ടറച്ചന്മാരും ആനിമേറ്റേഴ്സ് സിസ്റ്റേഴ്സും പങ്കെടുത്ത എക്സിക്യൂട്ടീവ് യോഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുത്ത് സന്ദേശം നല്കി. മദ്യവർജനമല്ല മദ്യനിരോധനമാണ് സഭയുടെ ആത്യന്തികലക്ഷ്യമെന്നും യുഗാന്തംവരെയുള്ള പോരാട്ടമാണ് ലഹരിവിരുദ്ധ പ്രവർത്തനമെന്നും നിസംഗത കൈവെടിഞ്ഞ് ധീരതയോടെ ക്രൈസ്തവ സമൂഹം പ്രവർത്തിക്കണമെന്നും അഭിവന്ദ്യപിതാവ് ആഹ്വാനം ചെയ്തു.

**തീരുമാനങ്ങൾ:-**

- പേരാവൂർ ഇടവകയിൽവച്ച് ഡിസംബർ 31-ന് 40-ാം വാർഷികവും റൂബി ജൂബിലി പ്രഖ്യാപനവും നടത്തുക.
- ഡിസംബർ 31ന് മുമ്പ് മദ്യവിരുദ്ധ സമിതി പുരുഷവനിതാവിഭാഗം യൂണിറ്റുകൾ രൂപീകരിക്കുക.
- മുക്തിശ്രീ എന്ന പേരിൽ മദ്യവിരുദ്ധ സമിതി വനിതാവിഭാഗം ഒരു സാമൂഹ്യജീവകാരുണ്യസംഘടനയായി രൂപീകരിക്കുക. ലഹരിവിരുദ്ധപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് ധൂർത്ത്, ആഡംബരം, സ്ത്രീപീഡനം, സ്ത്രീധനം, അഴിമതി തുടങ്ങിയ തിന്മകൾക്കെതിരായും സമൂഹത്തിലെ പാവങ്ങളെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സഹായിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.

## മദ്യവിരുദ്ധ വിമോചനയാത്ര

കെസിബിസി മദ്യവിരുദ്ധസമിതി ചെയർമാൻ അഭിവന്ദ്യ റെമീജിയസ് ഇഞ്ചനാനിപിതാവിന്റെ നേതൃത്വത്തിൽ 2017 നവംബർ 15 മുതൽ ഡിസംബർ 1 വരെ മദ്യവിരുദ്ധ യുദ്ധ പ്രഖ്യാപനവിമോചനയാത്രക്ക് എല്ലാവിധ സഹകരണങ്ങളും നല്കി വിജയിപ്പിക്കുക. സ്കൂളുകൾ കേന്ദ്രീകരിച്ചു കൊണ്ടുള്ള വിമോചനയാത്ര ഡിസംബർ 1ന് രാവിലെ 10മണിക്ക് പേരാവൂർ സ്കൂളിലെത്തും. അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്യും. തുടർന്ന് ഇരിട്ടി, എടൂർ, പൈസക്കരി ചെമ്പേരി തുടങ്ങിയ സ്കൂളുകളിലെ സ്വീകരണത്തിന്ശേഷം വൈകുന്നേരം 5.00 മണിക്ക് കണ്ണൂർ സ്റ്റേഡിയം കോർണറിൽ സമാപിക്കും. സമാപനസമ്മേളനം കണ്ണൂർ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല ഉദ്ഘാടനം ചെയ്യും.

യുദ്ധവിമാനത്തിന്റെ മാതൃകയിൽ പട്ടാളവേഷം ധരിച്ച തോക്കുധാരികളായ ഒരു ഡസൻകുട്ടികളാണ് ഈ യുദ്ധ പ്രഖ്യാപന ജാഥയുടെ ആകർഷണം. സഹകരിക്കുക വിജയിപ്പിക്കുക.

സ്കൂളുകൾ കേന്ദ്രീകരിച്ചു നടക്കുന്ന വിമോചന യുദ്ധ പ്രഖ്യാപന യാത്രയെ ബന്ധപ്പെട്ട സ്കൂളുകളുടെ മനേജരച്ചന്മാരും പ്രധാന അധ്യാപകരും വിദ്യാർത്ഥികളും എഡിഎസ്‌യു അംഗങ്ങളും ചേർന്ന് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 40-ാം വാർഷികവും റൂബി ജൂബിലി പ്രഖ്യാപനവും

2017 ഡിസംബർ 31ന് പേരാവൂർ പാരീഷ് ഓഡിറ്റോറിയത്തിൽ വച്ചു നടക്കുന്ന മദ്യവർജന പ്രസ്ഥാനത്തിന്റെ 40-ാം വാർഷികവും റൂബി ജൂബിലി പ്രഖ്യാപനവും വൻവിജയമാക്കി തീർക്കാൻ ബഹു. വികാരിയച്ചന്മാരും സഹൃദയരായ ജനങ്ങളും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ ഇടവകയിൽനിന്നും 10 പേരെയെങ്കിലും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ജയ്സൺ മർക്കോസ് സ്വാഗതം ആശംസിച്ചു.

## പേരാവൂർ 'മുക്തിശ്രീ' ഉദ്ഘാടനം

അതിരൂപത കെസിബിസി മദ്യവിരുദ്ധസമിതിയുടെ വനിതാവിഭാഗമായ മുക്തിശ്രീ എന്ന സാമൂഹ്യ ജീവകാരുണ്യ സംഘടനയുടെ കൺവെൻഷൻ 5.11.17ന് പേരാവൂർ സെന്റ് ജോസഫ്സ് പാരീഷ്ഹാളിൽ വച്ച് നടത്തി. മദ്യത്തിനും മയക്കുമരുന്ന് ഉപയോഗത്തിനുമെതിരായി പോരാട്ടങ്ങൾ നടത്തുന്നതോടൊപ്പം ധൂർത്ത്, ആഡംബരം, സ്ത്രീപീഡനം, സ്ത്രീധനം, അഴിമതി തുടങ്ങിയ സാമൂഹ്യതിന്മകൾക്കും എതിരായി പ്രവർത്തിക്കുക എന്നതാണ് മുക്തിശ്രീയുടെ പ്രധാനലക്ഷ്യം. ജീവകാരുണ്യ പ്രവർത്തനങ്ങൾ, ജൈവകൃഷി, പരിസ്ഥിതിസംരക്ഷണം, തുടങ്ങിയ രംഗങ്ങളിലും മുക്തിശ്രീ പ്രവർത്തകർ ശ്രദ്ധ കേന്ദ്രീകരിക്കും. 200ൽ പരം സ്ത്രീകൾ പങ്കെടുത്ത

വനിത കൺവെൻഷനിൽവച്ച് മദ്യവിരുദ്ധ സമിതി അതിരൂപത ഡയറക്ടർ ഫാ. തോമസ് തൈത്തോട്ടം ഭദ്രദീപം തെളിയിച്ച് മുക്തിശ്രീ എന്ന സംഘടനയുടെ പേരാവൂർ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. പേരാവൂർ ഫൊറോനാ പള്ളി വികാരി റവ. ഡോ. തോമസ് കൊച്ചുകരോട്ട് അധ്യക്ഷം വഹിച്ചു. മദ്യവിരുദ്ധ സമിതി അതിരൂപത പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യു മുഖ്യപ്രഭാഷണം നടത്തി. ഫാ. ജോസഫ് പൂവത്തോലിൽ, ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, മാത്യു എം. കണ്ടത്തിൽ, ജയ്സൺ മർക്കോസ് എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. മുക്തിശ്രീ പേരാവൂർ ഫൊറോന ആനിമേറ്റർ സി. എൽസി ജെയിംസ് സ്വാഗതവും ആൽബിൻ മണ്ടുംപാല നന്ദിയും പ്രകാശിപ്പിച്ചു. ഫാ. തോമസ് കൊച്ചുകരോട്ട്. സി. എൽസി ജെയിംസ്, ജയ്സൺ മർക്കോസ് എന്നിവരുടെ ദൃഢനിശ്ചയത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമായിട്ടാണ് ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് 100ൽപരം വനിതകളെ സംഘടിപ്പിച്ച് മുക്തിശ്രീ എന്ന വനിതാസംഘടന രൂപംകൊണ്ടത്. ഇടവകയിലെ 51 വാർഡുകളിൽനിന്നും താത്പര്യമുള്ള പ്രതിനിധികളെ തെരഞ്ഞെടുത്താണ് യൂണിറ്റ് കെട്ടിപ്പടുത്തത്. പേരാവൂർ ഫൊറോനയുടെ കീഴിലുള്ള മറ്റ് ഇടവകകളിലും മുക്തിശ്രീയുടെ യൂണിറ്റ് രൂപീകരിക്കാനുള്ള ശ്രമത്തിലാണ് മേഖലാ ആനിമേറ്ററായ സി. എൽസി ജെയിംസും സഹപ്രവർത്തകരും എല്ലാ ഇടവകകളിലും മുക്തിശ്രീയുടെ യൂണിറ്റുകൾ രൂപീകരിച്ച് സമ്പൂർണ മുക്തിശ്രീ മേഖലയാക്കി അതിരൂപതയ്ക്ക് പേരാവൂർ മേഖല മാതൃകയാകട്ടെ എന്ന് ആശംസിക്കുന്നു. സി. എൽസി ജെയിംസിനും സഹപ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

## നവദർശൻ ക്യാമ്പ്

എഡിഎസ്‌യുവിന്റെ ആഭിമുഖ്യത്തിലുള്ള 15-ാംമത് നവദർശൻ ക്യാമ്പ് 2017 ഡിസംബർ 26 മുതൽ 30 വരെ പുലിക്കുരുമ്പ സെന്റ് ജോസഫ് സ്കൂളിൽവച്ച് നടത്തപ്പെടുന്നു. 2017 ഡിസംബർ 10ന് മുമ്പായി ക്യാമ്പിൽ പങ്കെടുക്കുന്ന എഡിഎസ്‌യു അംഗങ്ങൾ 500 രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് പേര് രജിസ്റ്റർ ചെയ്യണം.

## 17-ാമത് ലഹരിവിരുദ്ധ തെരുവ് നാടകമത്സരം

തലശ്ശേരി അതിരൂപത കെസിബിസി മദ്യവിരുദ്ധസമിതി സംഘടിപ്പിക്കുന്ന ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക ട്രോഫിക്കുവേണ്ടിയുള്ള 17-ാമത് തെരുവുനാടക മത്സരം 2018 ജനുവരി 13ന് രാവിലെ 10മണിക്ക് തളിപ്പറമ്പ് ബസ്റ്റാന്റിൽ (ടൗൺ സ്ക്വയർ) നടത്തപ്പെടുന്നു.

മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകൾ 2017 ഡിസംബർ 31ന് മുമ്പ് 250 രൂപ ഫീസ് അടച്ച് തലശ്ശേരി കേന്ദ്രഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്ന ഓരോ ടീമിനും 1000 രൂപ ബോണസ് നല്കുന്നതാണ്.

**ഒന്നാംസമ്മാനം :** ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക റോളിംഗ് ട്രോഫിയും 5000 രൂപ ക്യാഷ് അവാർഡും

**രണ്ടാംസമ്മാനം:** ശ്രീ. പി.കെ. ഗ്രിഗറി മാസ്റ്റർ സ്മാരക റോളിംഗ് ട്രോഫിയും 3000 രൂപ ക്യാഷ് അവാർഡും

**മൂന്നാംസമ്മാനം:** ശ്രീ. അഗസ്റ്റിൻ കിഴക്കരക്കാട്ട് സ്മാരക റോളിംഗ് ട്രോഫിയും 2000/രൂപ ക്യാഷ് അവാർഡും.

**നിബന്ധനകൾ**

1 സമയം 30 മിനിറ്റ് ആയിരിക്കും.

2 പ്രമേയം - ലഹരിവിരുദ്ധ ആശയാവിഷ്ക്കാരമായിരിക്കണം

3 ടേപ്പ് റിക്കോർഡർ ഉപയോഗിക്കാൻ പാടില്ല

4 മത്സരത്തിൽ പങ്കെടുക്കുന്ന ടീം കെസിബിസി മദ്യവിരുദ്ധസമിതിയുടെ ബാനറിൽ ആയിരിക്കണം.

5 വടി, ചെണ്ട, തുടി എന്നിവ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. മറ്റ് വാദ്യോപകരണങ്ങൾ പാടില്ല.

6 തീ, കനൽ, പുക ഇവ പാടില്ല

7 തെരുവു നാടകത്തിന്റെ ഭാഷയും ചലനങ്ങളും ധാർമികതയ്ക്ക് നിരക്കുന്നതായിരിക്കണം.

8 കഥാപാത്രങ്ങൾക്ക് ചമയങ്ങൾ പാടില്ല

9 മൈക്രോഫോൺ ഒഴികെയുള്ള സാധനസാമഗ്രികൾ മത്സരാർത്ഥികൾകൊണ്ടുവരേണ്ടതാണ്.

10 സംഗീതം, സ്പെഷ്യൽ ഇഫക്ട് എന്നിവയ്ക്ക് മൈക്രോഫോൺ അനുവദനീയമാണ്.

11 മത്സരത്തിൽ ഏത് മതസ്ഥർക്കും പങ്കെടുക്കാവുന്നതാണ്.

12 മത്സരത്തിൽ പങ്കെടുക്കുന്നവർ ലഹരി ഉപയോഗിക്കുന്നവർ ആകാൻ പാടില്ല

13 2018 ജനുവരി 13ന് രാവിലെ 10 മണിക്ക് മത്സരം ആരംഭിക്കുന്നതാണ്.

14 മത്സരത്തിന് ഒരു മണിക്കൂർ മുമ്പ് ടീമുകൾ മത്സരവേദിയിൽ റിപ്പോർട്ടു ചെയ്യണം.

15 ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും. ഈ സംരംഭം വൻ വിജയമാക്കി തീർക്കാൻ ബഹു. വികാരിയച്ചന്മാർ ടീമുകളെ പങ്കെടുപ്പിച്ച് സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

## കെ.സി.ബി.സി മദ്യവിരുദ്ധ സമിതി പുരുഷ യൂണിറ്റുകൾ

**പേരാവൂർ**

പ്രസിഡന്റ് - ശ്രീ. ജോർജ് തെക്കയിൽ, വൈസ് പ്രസിഡന്റ് - ശ്രീ. ജോൺസൺ പൊട്ടയ്ക്കൽ, സെക്രട്ടറി - ശ്രീ. ജോസ് കണയങ്കൽ, ജോ. സെക്രട്ടറി - ശ്രീ. ജേക്കബ് മുതുകുളം, ട്രഷറർ-ശ്രീ. ജോബ് കളപ്പുരയ്ക്കൽ.

**തോമാപുരം**

പ്രസിഡന്റ് - ശ്രീ. തങ്കച്ചൻ കൊല്ലക്കൊമ്പിൽ, വൈ. പ്രസിഡന്റ് - ശ്രീ. മാത്യു പെരിങ്ങാലിൽ, സെക്രട്ടറി - ശ്രീ. ജേക്കബ് ആനിമൂട്ടിൽ, ജോ. സെക്രട്ടറി - ശ്രീ. ചാക്കോ തെന്നിപ്ലാക്കൽ, ട്രഷറർ - ശ്രീ. കുര്യാക്കോസ് പുളിക്കപ്പടവിൽ.

**അറബി**

പ്രസിഡന്റ് - ശ്രീ. ജോൺ കല്ലറങ്ങാട്ട്, വൈസ് പ്രസിഡന്റ് - ശ്രീ. ടൈറ്റസ് തൈപ്പറമ്പിൽ, സെക്രട്ടറി - സിസിലി പിടിയഞ്ചേരി, ജോ. സെക്രട്ടറി - മേരിക്കുട്ടി മക്കനാൽ, ട്രഷറർ - ശ്രീ. മാത്യു നടയ്ക്കൽ.

**മേലെ ചൊവ്വ**

പ്രസിഡന്റ് - അഡ്വ.ജെയിംസ് നീണ്ടുകുന്നേൽ, വൈസ് പ്രസിഡന്റ് - ശ്രീ. വിൽസൺ കാരക്കാട്ട്, സെക്രട്ടറി - ശ്രീ. ലൈജു കുളമറ്റം, ജോ. സെക്രട്ടറി - ശ്രീ. ജോയി ധൈര്യത്തിൽ, ട്രഷറർ - ശ്രീ. പാപ്പച്ചൻ നരിക്കുഴകുന്നേൽ, ആനിമേറ്റർ - ഫാ. സിറിൽ ഒ.എഫ്. എം.

**വിമലശ്ശേരി**

പ്രസിഡന്റ് - ശ്രീ. ജോഷി ചെട്ടിയാംകുന്നേൽ, വൈസ് പ്രസിഡന്റ് - സിസിലി മനയത്തുമാരിൽ, സെക്രട്ടറി - ശ്രീ. സണ്ണി പുത്തൻപുര, ജോ. സെക്രട്ടറി - സിസിലി മേലെ കൂടപ്പാട്ട്, ട്രഷറർ - ശ്രീ. ബെന്നി മാപ്പലകയിൽ, ആനിമേറ്റർ - സി. റോസ് പ്രഭ എഫ്.സി.സി.

**മുക്തിശ്രീ - വനിതാ യൂണിറ്റുകൾ**

**മേലെ ചൊവ്വ**

പ്രസിഡന്റ് - ഐ.സി. മേരി മുണ്ടാട്ടുചുണ്ടയിൽ, വൈസ് പ്രസിഡന്റ് - ഷാനി ജോർജ് മേലോട്ട്, സെക്രട്ടറി - ബിജി തോമസ് മുരിയങ്കാവുങ്കൽ, ജോ. സെക്രട്ടറി - ജാൻസി വിൽസൺ കാരക്കാട്ട്, ട്രഷറർ - ലിസിയാമ്മ തോമസ് ഇലഞ്ഞിക്കോട്ട്, ആനിമേറ്റർ - സി. അഞ്ജലി എഫ്.സി.സി.

**പേരാവൂർ**

പ്രസിഡന്റ് - തങ്കം മൂക്കനോലിക്കൽ, വൈസ് പ്രസിഡന്റ് - ഗ്രേസി വടക്കേക്കര, സെക്രട്ടറി - റോസിലി കാരിക്കക്കുന്നേൽ, ജോ. സെക്രട്ടറി - ഏലിയാമ്മ മുതുകുളം, ട്രഷറർ - ഷേർളി കൈപ്പൻപ്ലാക്കൽ, ആനിമേറ്റർ - സി. ജോയിസി ജോസ് എസ്.എച്ച്.

ക്രിസ്മസ് നവവത്സരാശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# എ.കെ.സി.സി.

## എക്ളേസിയ 2017 ഉദ്ഘാടനം

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതകമ്മിറ്റി ആവിഷ്ക്കരിച്ചിരിക്കുന്ന എക്ളേസിയ 2017 ഇടവക സന്ദർശനയാത്ര– ഉദ്ഘാടനം നവം. 4ന് ഇരിട്ടി സെന്റ് ജോസഫ്സ് പാരീഷ് ഓഡിറ്റോറിയത്തിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയനിലം നിർവ്വഹിച്ചു. അതിരൂപതാ പ്രസിഡന്റ് ദേവസ്യ കൊങ്ങോല അധ്യക്ഷം വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ആമുഖപ്രഭാഷണം നടത്തി. നെല്ലിക്കാംപൊയിൽ ഫൊറോന വികാരി ഫാ. ജോസഫ് ആനിത്താനം അനുഗ്രഹ സന്ദേശം നല്കി ഗ്ലോബൽ സമിതി ജനറൽ സെക്രട്ടറി അഡ്വ. ടോണി ജോസഫ് പുഞ്ചകുന്നേൽ പ്രവർത്തന മാർഗ്ഗരേഖ സിസിലി പുഷ്പകുന്നേലിനു നല്കി പ്രകാശനം ചെയ്തു. ഇടവകസന്ദർശനപരിപാടിയുടെ ഭാഗമായി പുതിയ യൂണിറ്റുകളുടെരൂപീകരണം, എല്ലാവർക്കും മെമ്പർഷിപ്പ് നല്കൽ, യൂണിറ്റ് കർമ്മപദ്ധതികളുടെ രൂപീകരണം കിലയുടെ നേതൃത്വത്തിലുള്ള സെമിനാറുകൾ-അറിവുകൾ, തിരിച്ചറിവുകൾ, സഭ ഗ്രാമസഭയിലേക്ക് ന്യൂനപക്ഷ അവകാശങ്ങൾ ഗ്രാമപഞ്ചായത്ത് സർക്കാർ ഏജൻസികളിൽനിന്നും ആനുകൂല്യങ്ങൾക്കായി 'ഹെൽപ്പ് ലൈൻ', ജോലി സംബന്ധമായ പരിശീലനങ്ങൾ, സമ്പൂർണ്ണ ഫൊറോനകൾ–എക്ളേസിയ 2017 ലക്ഷ്യമിട്ടിരിക്കുന്നത്. സമ്മേളനത്തിൽ ഇരിട്ടി സെന്റ് ജോസഫ്സ് പള്ളി വികാരി ഫാ. ജോസഫ് മഞ്ചപ്പള്ളി, ജോണി തോമസ് വടക്കേക്കര, ചാക്കോച്ചൻ കാരാമയിൽ, ബെന്നി പുതിയാപുറം, ജോസഫ് പുഷ്പക്കുന്നേൽ, ബെന്നിച്ചൻ മഠത്തിനകം, അൽഫോൻസ് കളപ്പുര, തോമസ് പാറക്കൽ, ദേവസ്യ മുണ്ടപ്പള്ളി, ജോസ് പൈങ്ങോട്ട് എന്നിവർ പ്രസംഗിച്ചു. തൃശൂർ കിലയുടെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേറ്റർ) ഫാക്കൽട്ടി ശ്രീ. വി. വി. രാമകൃഷ്ണൻ സർക്കാർ ആനുകൂല്യങ്ങൾ, ക്ഷേമപെൻഷനുകൾ പൗരന്റെ ഉത്തരവാദിത്വങ്ങളും അവകാശങ്ങളും ഇവയെപ്പറ്റി ക്ലാസ്സെടുത്തു.

## എടൂർ കത്തോലിക്കാ കോൺഗ്രസ് സമ്പൂർണ്ണ ഇടവക

എടൂർ സെന്റ് മേരീസ് ഫൊറോന ഇടവകയെ കത്തോലിക്കാ കോൺഗ്രസ് സമ്പൂർണ്ണ ഇടവകയായി തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പ്രഖ്യാപിച്ചു. എടൂർ ഇടവകയിലെ മുഴുവൻ കുടുംബങ്ങളുമായി 1300 പേർ കത്തോലിക്കാ കോൺഗ്രസ്സിൽ അംഗത്വം സ്വീകരിച്ചു. സമ്മേളനത്തിൽ അതിരൂപതഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് അധ്യക്ഷം വഹിച്ചു കത്തോലിക്കാ കോൺഗ്രസ് സമരസംഘ

ടനയല്ലെന്നും സാമുദായിക ഐക്യവും സ്വയംപര്യാപ്തതയും ഉറപ്പുവരുത്തുവാൻ ലക്ഷ്യമിട്ടുള്ള പ്രസ്ഥാനമാണെന്ന് മാർ ജോസഫ് പാംപ്ലാനി പറഞ്ഞു. സഭയിൽ മറ്റെല്ലാ പ്രസ്ഥാനങ്ങളുടെയും മാതൃസംഘടനയായി കത്തോലിക്കാ കോൺഗ്രസ് പ്രവർത്തിക്കും. കാർഷിക മേഖലയുടെ ഉയിർത്തെഴുന്നേല്പിനു കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നല്കണം. ഭക്ഷ്യസ്വയം പര്യാപ്തതയാണ് നമ്മുടെ ലക്ഷ്യമെന്ന് അദ്ദേഹം സൂചിപ്പിച്ചു. എടൂർ ഫൊറോനവികാരി റവ. ഫാ. ആന്റണി മുതുകുന്നേൽ, അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല, ഫൊറോന ഡയറക്ടർ ഫാ. കുര്യാക്കോസ് ഓരത്തേൽ, ബെന്നിച്ചൻ മഠത്തിനകം എന്നിവർ പ്രസംഗിച്ചു.

എടൂർ ഇടവകയെ സമ്പൂർണ്ണ കത്തോലിക്കാ കോൺഗ്രസ് ഇടവകയായി പ്രഖ്യാപിക്കുന്നതിൽ പരിശ്രമിച്ച ഫൊറോന വികാരി ഫാ. ആന്റണി മുതുകുന്നേലച്ചൻ, അസി. വികാരി ഫാ. ആന്റണി ചിറ്റേട്ട്, കോ-ഓർഡിനേറ്റർ വി.വി. ജോസഫ്, ട്രസ്റ്റിമാർ പാരീഷ് കൗൺസിൽ അംഗങ്ങൾ, ഇടവകാംഗങ്ങൾ എന്നിവർക്ക് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റിയുടെ അഭിനന്ദനങ്ങൾ!

## അഡ്വ. ടോണി ജോസഫിന് സ്വീകരണം

കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽസമിതിയുടെ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട അഡ്വ. ടോണി ജോസഫിന് സ്വീകരണം നല്കി. തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ഓഡിറ്റോറിയത്തിൽ ചേർന്ന അതിരൂപതയിലെ കത്തോലിക്കാ കോൺഗ്രസ് ഫൊറോന ഡയറക്ടർമാർ, അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ എന്നിവരുടെ സംയുക്തയോഗത്തിലാണ് സ്വീകരണം നല്കിയത്. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അധ്യക്ഷം വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് വിഷയാവതരണം നടത്തി. എക്ളേസിയ 2017 ഇടവകസന്ദർശന പരിപാടി വിജയിപ്പിക്കുന്നതിന് തീരുമാനിച്ചു. ഫൊറോനഡയറക്ടർമാരായ ഫാ. തോമസ് ആമക്കാട്ട്, ഫാ. തോമസ് കട്ടക്കയത്തിൽ, ഫാ. തോമസ് മാപ്പിളപ്പറമ്പിൽ, അതിരൂപത ഭാരവാഹികൾ എന്നിവർ പ്രസംഗിച്ചു. തളിപ്പറമ്പ ഫൊറോന വികാരി ഫാ. അബ്രാഹം പോണാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. സ്വീകരണത്തിൽ അഡ്വ. ടോണി ജോസഫ് കൃതജ്ഞത രേഖപ്പെടുത്തി.

## ലീഡേഴ്സ് മീറ്റ്-ഡിസംബർ 9 കാക്കനാട്

കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ സമിതി ഭാരവാഹികളുടെ ചാർജ് എടുക്കലും ലീഡേഴ്സ് മീറ്റും ഡിസംബർ 9ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ അഭിവന്ദ്യ മോജർ ആർച്ച് ബിഷപ്പ് കാർഡിനൽ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്യും. കേന്ദ്രപ്രതിനിധി സഭാംഗങ്ങൾ

യൂണിറ്റ് പ്രസിഡന്റുമാർ എന്നിവരാണ് ലീഡേഴ്സ് മീറ്റിൽ പങ്കെടുക്കേണ്ടത് ലീഡേഴ്സ് മീറ്റിനെ സംബന്ധിച്ചും കത്തോലിക്കാകോൺഗ്രസ് പ്രവർത്തന മാർഗരേഖ തയ്യാറാക്കുന്നതിനുമായി നവംബർ 19ന് മൂവാറ്റുപുഴ പാസ്റ്ററൽ സെന്ററിൽ വച്ച കേന്ദ്രഭാരവാഹികളുടെയും അതിരൂപതപ്രസിഡന്റുമാർ, ജന റൽസെക്രട്ടറിമാർ എന്നിവരുടെയോഗം ചേർന്നു.

## അറിവുകൾ! തിരിച്ചറിവുകൾ! ഗ്രാമസഭയിലേക്ക് - കില സെമിനാർ

കിലയുടെ നേതൃത്വത്തിലുള്ള സെമിനാർ നവംബർ 24 വെള്ളിയാഴ്ച കരുവഞ്ചാലിലും ഡിസംബർ 16ന് എടൂരിലും നടത്തുന്നു.

## പൈസക്കരി ഫൊറോന കൺവെൻഷൻ

പൈസക്കരി ഫൊറോനകൺവെൻഷൻ നവംബർ 10ന് പൈസക്കരി യിൽ നടന്നു. പൈസക്കരി ദേവമാത ഫൊറോന ദേവാലയ വികാരി ഫാ. ജോസഫ് വെട്ടിക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അധ്യക്ഷതവഹിച്ചു കത്തോലിക്കാസഭയും സഭയുടെ പ്രവർത്ത നങ്ങൾ ആധുനികയുഗത്തിൽ എന്നീ വിഷയങ്ങളെ അസ്പദമാക്കി ദീപിക കണ്ണൂർ റസിഡന്റ് മാനേജർ ഫാ. സെബാൻ ഇടയാടിയിൽ ക്ലാസ്സെടുത്തു. അതിരൂപത വൈസ് പ്രസിഡന്റ് ബേബി നെട്ടനാനി, ജനറൽ സെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ, ബെന്നി പുതിയാപുറം, വർഗ്ഗീസ് പള്ളിച്ചിറ, മൈക്കൾ ചാണ്ടിക്കൊല്ലി, വിൽസൺ ചാക്കോ കന്നുകെട്ടിയിൽ എന്നിവർ ആശംസകൾ നേർന്നു.

## ഫെലിക്സിന് ക്രിസ്മസ് സമ്മാനം മുച്ചക്രവാഹനം

ദീപിക സ്റ്റുഡൻസ് എഡിറ്റർ ആൻമേരി കുര്യൻ ഓരത്തേൽ പ്രസി ദ്ധീകരിച്ച ഫെലിക്സിന്റെ ദുരിത ജീവിതത്തിന് പരിഹാരമായി ഫെലിക്സിന് യാത്രചെയ്യുന്നതിന് ഒരു മുച്ചക്രവാഹനം വാങ്ങി നൽകുന്നതിന് കത്തോ ലിക്കാകോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി തീരുമാനിച്ചു. റിപ്പോർട്ട് തയ്യാറാക്കിയ അൻമേരിയെയും ഫെലിക്സിന് സഹായകനായി പ്രവർത്തി ക്കുന്ന അമലിനെയും കത്തോലിക്കാ കോൺഗ്രസ് അഭിനന്ദിച്ചു. ജന്മനാ തലച്ചോറിന് ക്ഷതം സംഭവിച്ചതിനെതുടർന്ന് ശരീരത്തിന്റെ ഒരുഭാഗം തളർന്ന് നടക്കാൻപോലും വിഷമിക്കുന്ന ഫെലിക്സിന് ക്രിസ്മസ് സമ്മാനമായിട്ടാണ് മുച്ചക്രവാഹനം കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി നല്കുന്നത് നവംബർ 15ന് ചേർന്ന കത്തോലിക്ക കോൺഗ്രസ് അതിരൂപത ഭാരവാഹികളുടെ യോഗമാണ് ഈ തീരുമാനമെടുത്തത്. യോഗത്തിൽ എക്ളേസിയ 2017ന്റെ പ്രവർത്തനങ്ങൾ ചർച്ചചെയ്തു. കണ്ണൂരിൽ ഇൻഫാ മിന്റെയും എകെസിസിയുടെയും മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തുന്ന കർഷക ഉപവാസസമരം വിജയിപ്പിക്കുന്നതിനും തീരുമാനിച്ചു. ഡിസംബർ16ന്

നടത്താനിരുന്ന ഏകദിനനേതൃത്വപരിശീലനക്യാമ്പ് ജനുവരി 2-ാം വാരത്തിൽ നടത്തുന്നതിന് തീരുമാനിച്ചു.

## വായാട്ടുപറമ്പ് ഫൊറോന ഭാരവാഹികൾ

പ്രസിഡന്റ് : ജോർജ് വില്ലന്താനം, വൈസ്പ്രസിഡന്റുമാർ-മാർട്ടിൻ കടക്കുഴ, തോമസ് ജോർജ്, സെക്രട്ടറി-തോമസ് കണ്ണാടമ്പടത്തിൽ, ജോസ് ഏത്തക്കാട്ട്, ലീലാമ്മ ചെരിപുറം, ട്രഷറർ മാത്യു പോൾ മുണ്ടക്കൽ.

## അതിരൂപത എക്സിക്യൂട്ടീവ് ഡിസംബർ 12 ചൊവ്വാഴ്ച

അടുത്ത അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം ഡിസംബർ 12 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കാര്യാലയത്തിൽ ചേരുന്നതാണ്. പരസ്പരസഹായനിധിയുടെ ജനറൽ ബോഡിയോഗം അന്നുതന്നെ 12 മണിക്ക് ചേരുന്നതാണ്.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല**
അതിരൂപതാ പ്രസിഡന്റ്

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
ഡയറക്ടർ

## ലോഗോസ് 2017 : സംസ്ഥാനമത്സരത്തിൽ ഒന്നാം റാങ്ക്



തലശ്ശേരി അതിരൂപതയിലെ തളിപ്പറമ്പ് ഇടവകാംഗമായ അൽഫോൻസാ റോസ് ജെറി കാരന്താനം ബി ഗ്രൂപ്പിൽ സംസ്ഥാന മത്സരത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി. ആറ് ഗ്രൂപ്പുകളിൽനിന്നും (A-F) ഒന്നാം സ്ഥാനം ലഭിച്ചവരെ പങ്കെടുപ്പിച്ച് നടത്തിയ പ്രതിഭ ടെലിക്വിസ് മത്സരത്തിൽ അൽഫോൻസാ 3-ാം സ്ഥാനത്തിന് അർഹമാവുകയും ചെയ്തു. അൽഫോൻസാ റോസ് ജെറി കാരന്താനത്തിന് അതിരൂപതയുടെ അഭിനന്ദനങ്ങളും ആശംസകളും സ്നേഹപൂർവ്വം നേരുന്നു.

**ഡയറക്ടർ**
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### വാർഷിക പൊതുയോഗം

TSSS-ന്റെ വാർഷിക പൊതുയോഗം 2017 സെപ്റ്റംബർ 16 ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് നടന്നു. TSSS-ന്റെ ജനകീയ സംഘനേതാക്കളും പ്രവർത്തകരും ഒന്നിച്ചുകൂടിയ സമ്മേളനത്തിൽ കഴിഞ്ഞവർഷത്തെ റിപ്പോർട്ടവതരണങ്ങളും പുതിയ വർഷത്തേക്കുള്ള പദ്ധതി അവതരണങ്ങളും നടന്നു. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ് ഞറളക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം കേരള സംസ്ഥാന തുറമുഖവകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. ശ്രീ. ജെയിംസ് മാത്യു എം.എൽ.എ. മുഖ്യാതിഥി ആയിരുന്ന സമ്മേളനത്തിൽ തലശ്ശേരി അതിരൂപതയുടെ സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി അനുഗ്രഹപ്രഭാഷണം നടത്തി.

TSSS സഭയുടെ മാനുഷിക മുഖമാണെന്ന് മാർ ജോർജ് ഞറളക്കാട്ട് മെത്രാപ്പോലീത്ത തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. പരിസ്ഥിതി സംരക്ഷണ പദ്ധതിയുടെ ഫണ്ട് വിതരണവും ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു. ബെസ്റ്റ് RCC യൂണിറ്റ് അവാർഡുകൾ കേരള സംസ്ഥാന തുറമുഖവകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി വിതരണം ചെയ്തു.

TSSS-ന്റെ വരും വർഷത്തെ ഭവനനിർമ്മാണ പദ്ധതിയുടെ ഉദ്ഘാടനം TSSS പ്രസിഡണ്ട് വെരി. റവ. ഫാ. അബ്രാഹം പോണാട്ട് നിർവ്വഹിച്ചു. ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പഠനസഹായപദ്ധതി മാർ. ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണോദ്ഘാടനം TSSS ബോർഡ് മെമ്പർ ശ്രീമതി ഡോ. കെ.വി. ഫിലോമിനയും, ഭിന്നശേഷി പുനരധിവാസ പദ്ധതി ഉദ്ഘാടനം കാസർഗോഡ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി ശാന്തമ്മ ഫിലിപ്പും, കെയർ എ ഹോം ഫണ്ട് വിതരണോദ്ഘാടനം ശ്രീ. ജെയിംസ് മാത്യു എം.എൽ.എ.യും നിർവ്വഹിച്ചു. TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ സ്വാഗതം ആശംസിച്ച് ആരംഭിച്ച സമ്മേളനത്തിൽ TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ റിപ്പോർട്ട് അവതരണവും പദ്ധതി അവതരണവും നടത്തി. ശ്രീ. ബേബി മുള്ളൂർ, ശ്രീ. സി.സി. വർഗ്ഗീസ് എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു.

### കിണർ റീചാർജിംഗ്

പനത്തടി, അയ്യംകുന്ന് എന്നീ പഞ്ചായത്തുകളിൽ കിണർ റിചാർജിംഗ്

നടത്താനായി TSSS ഉം പനത്തടി, അയ്യംകുന്ന് പഞ്ചായത്തുകളും തമ്മിൽ ധാരണയായി. അയ്യൻകുന്ന് പഞ്ചായത്തിൽ ഈ പദ്ധതി വിജയകരമായി നടത്തുന്നതിന് പഞ്ചായത്ത് പരിധിയിൽപെടുന്ന ഇടവകകളിലെ TSSS ജനകീയ സംഘനേതാക്കന്മാരുടെ ഒരു മീറ്റിംഗ് 2017 നവംബർ 11-ന് അങ്ങാടിക്കടവിൽ വച്ച് റവ. ഫാ. തോമസ് മുണ്ടമറ്റത്തിന്റെ അധ്യക്ഷതയിൽ നടത്തി. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ, അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, TSSS പ്രോഗ്രാം മാനേജർ ശ്രീ. ജോസ് പ്രകാശ് എന്നിവർ ഈ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വിശദീകരിച്ചു.

പനത്തടി പഞ്ചായത്ത് പരിധിയിൽപ്പെടുന്ന ഇടവകകളിലെ TSSS ജനകീയ സംഘനേതാക്കന്മാരുടെ ഒരു മീറ്റിംഗ് 2017 നവംബർ 10-ന് പനത്തടിയിൽവച്ച് റവ. ഫാ. തോമസ് പയ്യംപള്ളിയിലിന്റെ അധ്യക്ഷതയിൽ നടത്തി. TSSS ഡയറക്ടർ ഫാ. തോമസ് തയ്യിൽ, അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, TSSS പ്രോഗ്രാം മാനേജർമാരായ ശ്രീ. സാന്റി ഓലിക്കൽ, ശ്രീ. സണ്ണി മഞ്ഞക്കുന്നേൽ എന്നിവർ ഈ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വിശദീകരിച്ചു.

## മീറ്റിംഗുകളിൽ പങ്കെടുത്തു

2017 നവംബർ 11-ന് ചെമ്പേരിയിൽവച്ച് ചെമ്പേരി മേഖലാ പൊതുയോഗവും അവാർഡ് ദാനവും നടന്നു. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അവാർഡ് ദാനം നിർവഹിച്ചു.

## ബിരുദ ദാനം

പൈസക്കരി ഭഗവദ്പാദ ഐ.ടി.ഐയിൽ നിന്ന് 2014-16 വർഷങ്ങളിലെ സിവിൽ, ഇലക്ട്രിക്കൽ എന്നീ ട്രേഡുകളിൽ ഉന്നത വിജയം കൈവരിച്ച 30 കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 2017 നവംബർ 11-ന് ഐ.ടി.ഐ ഹാളിൽവച്ച് നടന്ന ചടങ്ങിൽ വച്ച് കുറുമാത്തൂർ ഗവ. ഐ.ടി.ഐ. പ്രിൻസിപ്പൽ ശ്രീ. കുഞ്ഞിരാമൻ കെ.വി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. TSSS അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഈ ചടങ്ങിനു അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

## ഒരു തൈ നടാം നല്ല നാളേക്കായ്

കേരള സർക്കാരിന്റെ ഹരിതകേരളം പദ്ധതിയോടുള്ള സഭയുടെ പ്രതിബദ്ധത വ്യക്തമാക്കുന്നതിനും പ്രകൃതിയെ നശിപ്പിക്കുന്ന എന്തുചെയ്തികളും പാപമാണെന്ന ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ അർത്ഥപൂർണ്ണമാക്കുന്നതിനും പ്രകൃതി സംരക്ഷിക്കാനുള്ള ഉദ്യമത്തിന്റെ ഭാഗമായി തന്റെ മെത്രാഭിഷേകത്തോടനുബന്ധിച്ച് എല്ലാ കുടുംബങ്ങളിലും ഒരു വൃക്ഷതൈ നടണമെന്ന തലശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനിയുടെ ആഗ്രഹം സഫലീകരിക്കുവാനുമായി നവംബർ എട്ടിന് നടന്ന മെത്രാഭിഷേക ചടങ്ങുകളിൽ പങ്കെടുത്ത ആറായിരത്തോളം പേർക്ക്

മാവിൻതൈകൾ വിതരണം ചെയ്തു. ഈ മഹനീയ കർമ്മത്തിന്റെ ഉദ്ഘാടനം കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് ബാവയ്ക്ക് മാവിൻതൈ നല്കികൊണ്ട് ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നിർവഹിച്ചു.

## ഗാന്ധിജയന്തി ദിനാചരണം

- ഗാന്ധിജയന്തി ദിനാചരണത്തിന്റെ ഭാഗമായി നെല്ലിക്കാംപൊയിൽ മേഖലയിലെ എല്ലാ യൂണിറ്റുകളും സഹകരിച്ച് കാഞ്ഞിരക്കൊല്ലി ഗവൺമെന്റ് ഹോസ്പിറ്റൽ വൃത്തിയാക്കി. 60 പേർ പങ്കെടുത്ത ഈ പരിപാടി യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് ആനാനിക്കൽ ഉദ്ഘാടനം ചെയ്തു.
- കല്ലുവയൽ, വിളമന ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ ഓഫീസ് പരിസരം വൃത്തിയാക്കുകയും, ഉളിക്കൽ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ ഉളിക്കൽ ടൗൺ ശുചീകരണം നടത്തുകയും ചെയ്തു.
- മാങ്ങോട് ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ 2017 ഒക്ടോബർ 2-ന് കുന്നോത്ത് ബാലഭവൻ സന്ദർശിച്ച് അതിന്റെ പരിസരം ശുചീകരിക്കുകയും, കുട്ടികൾക്ക് സ്നേഹവിരുന്ന് നൽകുകയും ചെയ്തു.
- മണ്ഡലം മഹിളാ സേവാ സംഘത്തിന്റെ നേതൃത്വത്തിൽ സേവനദിനം ആചരിക്കുകയും, വെമ്പുവ തെരേസാ ഭവൻ സന്ദർശിച്ച് ധനസഹായം നൽകുകയും ചെയ്തു.
- മണിക്കടവ് യൂണിറ്റിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു ഇലവുംകുന്നേൽ പ്രാർത്ഥന ജീവിതത്തിൽ എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ് എടുത്തു.
- ചെമ്പേരി ക്രെഡിറ്റ് യൂണിയൻ ഓഫീസ് പരിസരം വൃത്തിയാക്കി.
- ചെമ്പൻതൊട്ടി ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ സേവനദിനമായി ആചരിക്കുകയും, കോറംകോട് ഉണ്ണിമിശിഹാ പള്ളിയുടെയും, അംഗനവാടിയുടെയും പരിസരങ്ങൾ വൃത്തിയാക്കുകയും ചെയ്തു.
- അരീക്കമല ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ സേവനദിനം ആചരിക്കുകയും ആയുർവേദ ഹോസ്പിറ്റൽ ശുചീകരണം നടത്തുകയും ചെയ്തു.
- ചെമ്പൻതൊട്ടി ക്രെഡിറ്റ് യുണിയൻ 2017 ഒക്ടോബർ എട്ടിന് ക്രെഡിറ്റ് യുണിയൻ ദിനമായി ആചരിക്കുകയും, വാർഡ് അടിസ്ഥാനത്തിൽ ശ്രീ. കെ.ജെ ചാക്കോ കാക്കനാട് ക്ലാസ് എടുക്കുകയും ചെയ്തു. ഗുരുകുലം അനാഥാലയം സന്ദർശിച്ച് 25 കിലോ അരികൊടുത്തു.
- രത്നഗിരി ക്രെഡിറ്റ് യുണിയന്റെ നേതൃത്വത്തിൽ ബദൽ ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള പരിശീലന പരിപാടി നടത്തി.
- പൊട്ടൻപ്ലാവ് ക്രെഡിറ്റ് യൂണിയന്റെയും മഹിളാ സേവാസംഘത്തിന്റെയും നേതൃത്വത്തിൽ ആശാൻകവല തിരുരക്ത ആശ്രമം സന്ദർശിച്ച് നിത്യോപയോഗസാധനങ്ങളും, വസ്ത്രങ്ങളും, 5000/- രൂപയും നൽകി.

- കുടിയാൻമല മഹിളാ സേവാസംഘം സെക്രട്ടറി ശ്രീമതി നിർമല സിനോയിന്റെ പിതാവിന്റെ നിര്യാണത്തിൽ റീജിയണൽ കോ-ഓർഡിനേഷൻ സെന്റർ അംഗങ്ങൾ സന്ദർശനം നടത്തുകയും അനുശോചനം അറിയിക്കുകയും ചെയ്തു.
- കരുവഞ്ചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ചക്ക കൊണ്ടുള്ള മൂല്യവർദ്ധിത ക്ലാസും, വിവിധ ചക്ക ഉല്പന്നങ്ങളുടെ പ്രദർശനവും നടത്തി. ശ്രീമതി ഏലിയാമ്മ അറയ്ക്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി.
- മണിക്കടവ് ക്രെഡിറ്റ് യൂണിയൻ ഭരണസമിതി പാലത്തിൽകടവ് ബാലഭവനം സന്ദർശിച്ച് 10000/- രൂപയുടെ പലഹാരങ്ങൾ വാങ്ങി കൊടുത്തു.
- മാങ്ങോട് ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ യൂണിറ്റ് മെമ്പറിന് ടോയ്‌ലറ്റ് നിർമാണത്തിനായി 15000/- രൂപയും, പെയിൻ & പാലിയേറ്റീവ് രോഗികളെ സന്ദർശിച്ച് 5000/- രൂപയും നൽകി.
- ചെടിക്കുളം TSSS-ന്റെ നേതൃത്വത്തിൽ 2017 നവംബർ 4-ാം തീയതി 65 പേർക്ക് വിത്ത് വിതരണം ചെയ്തു. ജൈവകൃഷിയുടെയും പച്ചക്കറിയുടെയും പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് നടന്നു. TSSS പ്രോഗ്രാം മാനേജർ ശ്രീ. ജോസ്പ്രകാശ് ക്ലാസിന് നേതൃത്വം നൽകി. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം യൂണിറ്റ് ഡയറക്ടർ റവ. ഫാ. കുര്യാക്കോസ് ഓരത്തേൽ നിർവ്വഹിച്ചു.
- എടൂർ മഹിളാ സേവാസംഘത്തിന്റെ നേതൃത്വത്തിൽ MSS മെമ്പറിന് 2200/- രൂപ ചികിത്സ സഹായം നല്കി.
- ഒക്ടോബർ 10-ന് കരിക്കോട്ടക്കരി ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ മുടയരഞ്ഞി സ്നേഹഭവൻ സന്ദർശിക്കുകയും 6000 രൂപയുടെ ഭക്ഷണസാധനങ്ങൾ നൽകുകയും ചെയ്തു.
- TSSS അന്ധേരി വാട്ടർ ഷെഡിന്റെ ഭാഗമായി കൊന്നക്കാട്, വെള്ളടുക്കം, വായ്കമ്പ, അരവഞ്ചാൽ, കരുണാപുരം, ചീമേനി എന്നീ സ്ഥലങ്ങളിൽ ഏകദിന സെമിനാറും TSSS പ്രോഗ്രാം മാനേജർമാരായ ശ്രീമതി വൽസമ്മ ടോമി, ശ്രീ. സാന്റി ഓലിക്കൽ, ശ്രീ. സണ്ണി മഞ്ഞക്കുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ പദ്ധതി പ്രവർത്തനങ്ങളുടെ വിലയിരുത്തലും നടന്നു.
- തോമാപുരം ഗ്രാമികയുടെ നേതൃത്വത്തിൽ റ്റിൻസി ടോം കുടുംബ ജാഗ്രതയെകുറിച്ച് ക്ലാസ് നയിച്ചു. ഈ മീറ്റിങ്ങിൽ പച്ചക്കറിവിത്ത് വിതരണം ചെയ്തു.
- കണ്ണിവയൽ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ പേട്ടയംചാൽ വൃദ്ധസദനം സന്ദർശിച്ച് അവിടെ വൃത്തിയാക്കുകയും, അവർക്ക് ഭക്ഷണം കൊടുക്കുകയും ചെയ്തു.

- വെള്ളരിക്കുണ്ട് ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ ഇ-സുരക്ഷയെക്കുറിച്ച് ശ്രീ. ജസ്റ്റിൻ ആന്റണി ക്ലാസെടുത്തു, യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി തെക്കേമുറി അദ്ധ്യക്ഷത വഹിച്ചു.
- ഭീമനടി ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ കണ്ണൂർ പ്രത്യാശാഭവൻ സന്ദർശിച്ച് 18000/- രൂപ ധനസഹായം നൽകി.

## മേഖലാ വാർത്തകൾ

**നെല്ലിക്കാംപൊയിൽ** - 2017 ഒക്ടോബർ 10-ന് നെല്ലിക്കാംപൊയിലിൽവച്ച് "മാധ്യമങ്ങളുടെ അതിപ്രസരണവും അതിന്റെ ദോഷഫലങ്ങളും" എന്ന വിഷയത്തെ അടിസ്ഥാനമാക്കി മേഖലാഭരണ സമിതിക്ക് വേണ്ടി സി. ബെറ്റി CMC ക്ലാസ് എടുത്തു. ഈ പരിപാടി RCC പ്രസിഡണ്ട് ശ്രീ. M.S ജോസഫ് ഉദ്ഘാടനം ചെയ്തു. ഈ യോഗത്തിൽ വെച്ച് 2017 സെപ്റ്റംബറിൽ നടത്തിയ ഓണഘോഷ വിജയികൾക്കുള്ള സമ്മാനം വിതരണം ചെയ്തു.

**തോമാപുരം-** എല്ലാ യൂണിറ്റുകളിലും 2017 ഒക്ടോബർ 2-ന് പരിസ്ഥിതിദിനമായും, ഒക്ടോബർ 8-ന് ക്രെഡിറ്റ് യൂണിയൻ ദിനമായും ആചരിച്ചു. അന്നേ ദിവസം ശുചീകരണം നടത്തുകയും വൃക്ഷതൈ നടുകയും ചെയ്തു.

**ചെമ്പേരി-** റീജീയണൽ കോ-ഓർഡിനേഷൻ സെന്ററിന്റെ നേതൃത്വത്തിൽ ചെമ്പേരി കരുണാലയവും സാന്ത്വനവും സന്ദർശിക്കുകയും, യുണിറ്റുകളിൽ നിന്ന് സമാഹരിച്ച 18000/- രൂപ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി കൊടുക്കുകയും, ക്രെഡിറ്റ് യൂണിയൻ, മഹിളാ സേവാ സംഘം, ഗ്രാമിക യൂണിറ്റുകളിൽ സന്ദർശനം നടത്തുകയും ചെയ്തു.

**എടൂർ-** റീജീയണൽ കോ-ഓർഡിനേഷൻ സെന്ററിന്റെ നേതൃത്വത്തിൽ ചെടിക്കുളം യൂണിറ്റിലെ മെമ്പറിന് 2800/- രൂപ ചികിത്സാ സഹായം നല്കി. 2017 ഒക്ടോബർ 22-ന് വെളിമാനം പള്ളിയിൽവച്ച് മാതൃവേദിയുടെയും മാങ്ങോട് ക്രെഡിറ്റ് യൂണിയന്റെയും നേതൃത്വത്തിൽ അമ്മമാർക്കായി "കുടുംബജീവിതത്തിൽ അമ്മമാർക്കുള്ള പങ്ക്" എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ജോസഫ് വാരാണത്ത് ക്ലാസ് എടുത്തു.

നീണ്ടകാലത്തെ സേവനത്തിനുശേഷം TSSS-ൽ നിന്നും പിരിഞ്ഞുപോകുന്ന അനീഷിനും, ടിൻസിക്കും TSSS കുടുംബാംഗങ്ങളുടെ നന്ദിനിറഞ്ഞ പ്രാർത്ഥനാമംഗളങ്ങൾ. TSSS കുടുംബത്തിലേക്ക് പുതുതായി കടന്നുവന്നിരിക്കുന്ന സി. ആനി റോസിനും, ഡോണോയ്ക്കും ഊഷ്മളമായ സ്വാഗതാശംസകൾ.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ...

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

| | | |
|---|---|---|
| 2017 ഡിസം. 03-08 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| 09 | : | ഏകദിന കൺവെൻഷൻ |
| 14-17 | : | ആത്മാഭിഷേക വളർച്ചാ ധ്യാനം |
| 17-22 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| 26-31 | : | ആന്തരീക ശാരീരിക സൗഖ്യ ധ്യാനം<br>സമർപ്പിത വിശുദ്ധീകരണ ധ്യാനം (സിസ്റ്റേഴ്സിന്) |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | |
|---|---|---|
| ഡിസം. 03-07 | : | ആന്തരിക സൗഖ്യ ധ്യാനം |
| ,, 08 | : | ജാഗരണ പ്രാർത്ഥന |
| ,, 09 | : | ക്രിസ്റ്റീൻ ഏകദിന ധ്യാനം |
| ,, 17-21 | : | ആന്തരിക സൗഖ്യ ധ്യാനം |
| ,, 22-24 | : | തപസ്സ് ധ്യാനം (40 മണിക്കൂർ) |
| ,, 31 ജനു. 4 | : | ആന്തരിക സൗഖ്യ ധ്യാനം |

**3. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി-തളിപ്പറമ്പ ഫോൺ: 0460-2202613, 9447424076**

| | | |
|---|---|---|
| ഡിസം. 03-07 | : | ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| ,, 15-17 | : | ദമ്പതീ- യുവജന ധ്യാനം |
| ,, 17-22 | : | ദിവ്യകാരുണ്യാഭിഷേക ധ്യാനം (സമർപ്പിതർക്ക് മാത്രം) |

**4. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490 - 2444595**

| | | |
|---|---|---|
| ഡിസം. 01-03 | : | ആന്തരിക സൗഖ്യ കുടുംബാഭിഷേകധ്യാനം |
| ,, 09 | : | ഏകദിന ധ്യാനം |
| ,, 15-17 | : | ആന്തരിക സൗഖ്യ കുടുംബാഭിഷേകധ്യാനം |
| ,, 19-21 | : | MPC |

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | |
|---|---|---|
| ഡിസം. 02 | : | ഏകദിന കൺവെൻഷൻ |
| ,, 03-07 | : | ആന്തരിക സൗഖ്യ ധ്യാനം |
| ,, 08 | : | ജാഗരണ പ്രാർത്ഥന |
| ,, 09 | : | ക്രിസ്റ്റീൻ വിങ്സ് |
| ,, 16, 23 | : | മരിയൻ ദിവ്യകാരുണ്യ ആരാധന |
| ,, 17-21 | : | ദിവ്യകാരുണ്യാനുഭവധ്യാനം |
| ,, 27-30 | : | ക്രിസ്റ്റീൻ ധ്യാനം (4-ാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്ക്) |

**6. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ; ഫോൺ: 9526609050, 9447481643, 9496253756**

| | | |
|---|---|---|
| ഡിസം. 03-08 | : | ആന്തരിക സൗഖ്യ ധ്യാനം |
| ,, 17-22 | : | ആന്തരിക സൗഖ്യ ധ്യാനം |
| ,, 5,12,19,26 | : | ഏകദിന കൺവെൻഷൻ |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് ഞറളക്കാട്ട്

### 2017 ഒക്ടോബർ

22 രാവിലെ ബൽത്തങ്ങാടിയിൽനിന്ന് ധ്യാനത്തിനായി ഗോവയിലേക്ക് പോയി

22-27 കാത്തലിക് കരിസ്മാറ്റിക് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കുമായി ഗോവയിൽ സംഘടിപ്പിച്ച ധ്യാനത്തിൽ പങ്കെടുത്തു.

28 രാവിലെ ധ്യാനം കഴിഞ്ഞ് തിരിച്ചെത്തി അതിനുശേഷം സന്ദേശഭവനിൽ ബഹു. ജോർജ് കാഞ്ഞിരക്കാട്ട് അച്ചന്റെ പൗരോഹിത്യ രജതജൂബിലിയോടനുബന്ധിച്ച് ഒരുക്കിയ പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

29 ഉച്ചകഴിഞ്ഞ് 3.30ന് ബർണശേരി കത്തീഡ്രലിൽ ചിറക്കൽ മിഷന്റെ എൺപതാം വാർഷികത്തോടനുബന്ധിച്ച് നടന്ന സമൂഹബലിയിൽ പങ്കെടുക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു.

30 പൈസക്കരിയിൽ ബഹു. ഡീക്കൻ മാനുവൽ കോയിക്കൽ ഒസിഡിക്ക് തിരുപ്പട്ടം നല്കി. അതിനുശേഷം ചെമ്പേരി ഇടവകയിൽപ്പെട്ട നിര്യാതനായ സിബി കാഞ്ഞിരത്തിങ്കലിന്റെ വീട്ടിലെത്തി അന്ത്യോപചാരം അർപ്പിച്ച് ഒപ്പീസ്ചൊല്ലി പ്രാർത്ഥിച്ചു.

31 അതിരൂപതാ കേന്ദ്രത്തിൽ വിശ്രമിച്ചു

### 2017 നവംബർ

01 അതിരൂപതാ കേന്ദ്രത്തിൽ വിശ്രമിച്ചു.

02 അതിരൂപതാ കേന്ദ്രത്തിൽ വിവിധ ഭാഗങ്ങളിൽനിന്നും വന്ന വൈദികരെയും സിസ്റ്റേഴ്സിനെയും സ്വീകരിച്ചു.

03 വൈകുന്നേരം 6.30ന് കത്തീഡ്രൽ പള്ളിയിൽ മോൺ. ജോസഫ് പാംപ്ലാനിയുടെ മെത്രാഭിഷേക കർമ്മത്തിന്റെ വിജയത്തിനായി നടത്തിയ ആരാധനയിൽ പങ്കെടുത്തു. തുടർന്ന് 9 മണിക്ക് വിവിധ കമ്മിറ്റികളുടെ മിറ്റീംഗിന് നേതൃത്വം നല്കി.

04 വിളക്കന്നൂരിൽ മോണ്ട്ഫോർട്ട് സിസ്റ്റേഴ്സ് പുതുതായി നിർമ്മിച്ച ഭവനം വെഞ്ചരിച്ചു. വൈകുന്നേരം 5മണിയോടെ നിർമ്മലഗിരി ഇടവകയിൽ ഇടയനടുത്ത സന്ദർശനം ആരംഭിച്ചു.

05. നിർമ്മലഗിരിയിൽ ഇടയനടുത്ത സന്ദർശനം നടത്തി. വൈകുന്നേരം നവീകരിച്ച ബിഷപ്സ് ഹൗസ് വെഞ്ചരിച്ചു.

06 ദ്വാരകയിൽ രാവിലെ 10ന് ബഹു. ജയിസ് കുളത്തിനാൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

07 അതിരൂപതാകേന്ദ്രത്തിൽ മോൺ. ജോസഫ് പാംപ്ലാനിയുടെ മെത്രാഭിഷേകത്തിൽ പങ്കെടുക്കാൻ എത്തിയ അഭിവന്ദ്യപിതാക്കന്മാരെയും വൈദികരെയും സ്വീകരിച്ചു.

08 രാവിലെ 9.15ന് കത്തീഡ്രൽ അങ്കണത്തിൽ അതിരൂപതയുടെ സഹായമെത്രാനായി തിരഞ്ഞെടുക്കപ്പെട്ട മോൺ. ജോസഫ് പാംപ്ലാനിക്ക് മെത്രാഭിഷേകം നല്കി.

09 അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന വൈദികരെയും സിസ്റ്റേഴ്സിനെയും സ്വീകരിച്ചു. വൈകുന്നേരം 6 മണിക്ക് അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ ഭവനം സന്ദർശിച്ചു.

10 വൈകുന്നേരം 6 മണിക്ക് തലശ്ശേരി കത്തിഡ്രലിൽ പുതുതായി നിർമ്മിച്ച ബലിപീഠം കൂദാശചെയ്തു.

11 2.30ന് എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ സി. റാണിമരിയയെ വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്ക് ഉയർത്തിയതിന് നന്ദിപ്രകാശിപ്പിച്ചുകൊണ്ട് അർപ്പിച്ച ബലിയിൽ പങ്കെടുത്തു.

12 കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ വച്ച് നടന്ന ബഹു. സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ അച്ചന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു. അതിനുശേഷം രാത്രി തൃശൂർ ബിഷപ്സ് ഹൗസിൽ വിശ്രമിച്ചു.

13 വൈകുന്നേരം 4 മണിക്ക് ആലക്കോട് പള്ളിയിൽ ബഹു. ആന്റണി ആനക്കല്ലിൽ അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷത്തിനോടനുബന്ധിച്ച് അർപ്പിച്ച ദിവ്യബലിയിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും തുടർന്ന് ഉണ്ടായിരുന്ന പൊതുസമ്മേളനത്തിന് അധ്യക്ഷതവഹിക്കുകയും ചെയ്തു. അതിനുശേഷം കരുവഞ്ചാൽ ശാന്തിഭവൻ സന്ദർശിച്ചു.

14 ബത്തേരി പള്ളിയിൽ വച്ച് നടന്ന ഒത്തുകല്യാണം ആശീർവദിച്ചു. വൈകുന്നേരം 3മണിക്ക് തരിയോട് ഇടവകയിൽ ഇടവകയുടെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് നടന്ന ദിവ്യബലിയിലും ജൂബിലി ആഘോഷങ്ങളിലും പങ്കെടുത്തു.

15 രാവിലെ 8.30ന് തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ ബഹു. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടച്ചന്റെ നാൽപ്പത്തൊന്നാം ചരമദിനത്തോടനുബന്ധിച്ച് ദിവ്യബലി അർപ്പിക്കുകയും ഒപ്പീസ് ചൊല്ലുകയും ചെയ്തു. തുടർന്ന് അതിരൂപതാകേന്ദ്രത്തിൽ വിവിധഭാഗങ്ങളിൽ നിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 6മണിക്ക് മാട്ടൂൽ പള്ളി വെഞ്ചരിപ്പിനോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

16 രാവിലെ 10 മണിക്ക് ചുണ്ടപ്പറമ്പ് പള്ളിയിൽ ബഹു. തോമസ് മേൽവെട്ടം അച്ചന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി അർപ്പിച്ച കൃതജ്ഞതാബലിയിൽ പങ്കെടുത്ത് വചനസന്ദേശം നൽകുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിന് അധ്യക്ഷത വഹിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് 2.30ന് പാടാൻകവല ഇടവകയിൽ പുതുതായി നിർമ്മിച്ച കോൺവെന്റ് വെഞ്ചരിക്കുകയും ചാപ്പൽ കൂദാശ ചെയ്യുകയും ചെയ്തു. വൈകുന്നേരം 6.30ന് അതിരൂപതാകേന്ദ്രത്തിൽ തിരുപ്പട്ടത്തിന്റെ ജൂബിലികൾ ആഘോഷിക്കുന്ന വൈദികരെ സ്വീകരിക്കുകയും അവർക്കൊരുക്കിയ അനുമോദന മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

17 രാവിലെ 6.30ന് കത്തീഡ്രൽ പള്ളിയിൽ തിരുപ്പട്ടത്തിന്റെ ജൂബിലികൾ ആഘോഷിക്കുന്ന വൈദികരോടൊപ്പം സമൂഹബലി അർപ്പിച്ചു.

18 തൃശൂർ കത്തീഡ്രലിൽ ബഹു. ടോണി നീലൻകാവിൽ അച്ചന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു.

19 കണിച്ചാർ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

20 രാവിലെ 10 മണിക്ക് മേലേചൊവ്വ പള്ളിയിൽവച്ച് എഫ്സിസി സഭാസമൂഹത്തിലെ നോവിസസിന്റെ പ്രഥമ വ്രതവാഗ്ദാനങ്ങൾക്കും സഭാവസ്ത്രസ്വീകരണകർമ്മങ്ങൾക്കും നേതൃത്വം നൽകി.

വൈകുന്നേരം 6.30ന് മൈനർ സെമിനാരിയിൽ ഹോംഡേ ആഘോഷത്തിൽ പങ്കെടുക്കുകയും അതിന്റെ ഭാഗമായി നടന്ന പൊതുസമ്മേളനത്തിന് അധ്യക്ഷത വഹിക്കുകയും ചെയ്തു.

21 രാവിലെ 6.30ന് തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. തുടർന്ന് വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കളുമായി കൂടിക്കാഴ്ചനടത്തി. വൈകുന്നേരം 6.30ന് ഹൊസൂർ രൂപതയുടെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട മോൺ. സെബാസ്റ്റ്യൻ പൊഴോലിപറമ്പിലിന്റെ മെത്രാഭിഷേകകർമ്മത്തിന് പങ്കെടുക്കാൻ ചെന്നൈയ്ക്കുപോയി.

❖❖❖

# Programme of the Archbishop
# Mar George Njaralakatt

## December - 2017

| | | | |
|---|---|---|---|
| 01 | 5.00pm | - | Barnassery |
| 02 | | - | Calicut : Malabar bishops' meeting |
| 03 | | - | Pastoral Visit |
| 04 | 10.00am | - | Padannakkad : Regional meeting *'Diakonia'* |
| 05-07 | | - | KCBC |
| 08-09 | | - | Dubai : Alpha Institute graduation ceremony |
| 11 | 9.00am | - | Alakode : Regional meeting - *'Diakonia'* |
| | 2.00pm | - | Chemperi : ,, |
| 12 | 10.00am | - | Sandesabhavan : Presbyteral Council meeting |
| 13 | | - | Visitors' day |
| 14 | | - | Priests' & Sisters' Day |
| 15 | 12.00pm | - | Sandesabhavan : Charismatic meeting |
| 16 | 10.00am | - | Thaliparmba-General body meeting |
| | 03.00 pm | - | Padannakkad : Reception to Mar Joseph Pamplany |
| 17-23 | | - | Engaged |
| 23 | 10.00am | - | Sandesabhavan : 'Jeevolsav' |
| 26 | 9.00am | - | Kacherikadavu : Ordination - Dn. George Chalil<br>Dn. Sebastian Puthenpurackal OSB<br>Dn. Rijo Mundakassery CST |
| 27 | 9.00am | - | Angadikadavu : Ordination<br>Dn. Joseph Kalapurackal<br>Dn. Varghese Kalapurackal |

| | | | |
|---|---|---|---|
| 28 | 9.00am | - | Bheemanady : Ordination<br>Dn. Thomas Menapattupadickal |
| | 3.00pm | - | Parappa : School Blessing |
| 29 | 9.00am | - | Paduppu : Ordination - Dn. Milton Iymanachira |
| 30 | 9.00am | - | Thirumeni : Ordination<br>Dn. Vincent Edakarottu MCBS |
| | 5.00pm | - | Nirmalagiri |
| 31 | | - | Thalayolaparambu |

## January - 2018

| | | | |
|---|---|---|---|
| 01 | | - | Thalayolaparambu |
| 02 | 9.00am | - | Chedikulam : Ordination - Dn. Joseph Orathel |
| 03 | | - | Visitors' Day |
| 04 | 9.00am | - | Chengome : Ordination<br>Dn. Amal Valiyaparambil MCBS |
| 05 | 3.30pm | - | Vilamana : Presbytery Blessing |
| 06 | 9.00 am | - | Lisigiri : Ordination Dn. Joby Paravarakath |
| 06-07 | | - | Shamsabad :<br>Episcopal Installation of Mar Raphel Thattil |
| 08 -13 | | - | Synod |

**Secretary to the Archbishop**

❖ ❖ ❖

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

### 2017 ഒക്ടോബർ

25 രാവിലെ 11 മണിക്ക് തിരുവമ്പാടി ദൈവാലയത്തിൽ ഷിബിൻ വലിയമറ്റത്തിന്റെയും ഡോണ കാഞ്ഞിരത്താംകുന്നേലിന്റെയും വിവാഹം ആശീർവദിച്ചു.

28 രാവിലെ 10.30ന് കാഞ്ഞിരക്കൊല്ലി ദൈവാലയത്തിൽവച്ച് ജോസ്മി വലിയമറ്റത്തിന്റെയും ഷിനു ജോസഫിന്റെയും വിവാഹം ആശീർവദിച്ചു.

30 രാവിലെ 10 മണിക്ക് മേരിഗിരി ദൈവാലയത്തിൽ നിര്യാതയായ ഏലിയാമ്മ പന്തുകളത്തിന്റെ മൃതസംസ്കാരകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

31 കുട്ടാപറമ്പ ദൈവാലയത്തിൽ രാവിലെ 10.30ന് അന്നക്കുട്ടി പുത്തൻവീട്ടിലിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 3.30ന് പേരാവൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച നിത്യാരാധനാചാപ്പൽ വെഞ്ചരിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു.

### 2017 നവംബർ

03 ഉച്ചകഴിഞ്ഞ് 2.30ന് ദ്വാരക മാർ വിയാനി ഭവനിൽ നിര്യാതയായ സി. മാർഗരറ്റ് മേരി പന്നിയാമാക്കലിന്റെ മൃതസംസ്ക്കാരകർമ്മങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു.

05 ഉച്ചകഴിഞ്ഞ് 2 മണിക്ക് തിരുവമ്പാടിയിൽവച്ച് നടന്ന തോപ്പാറ-തറപ്പേൽ കുടുംബയോഗം ഉദ്ഘാടനം ചെയ്തു.

08 രാവിലെ 9മണിക്ക് നടന്ന അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനിയുടെ മെത്രാഭിഷേക കർമ്മങ്ങളിൽ സഹകാർമ്മികനായി.

09 വൈകുന്നേരം 6.30ന് ചരളിൽവച്ച് നടന്ന പാംപ്ലാനി കുടുംബസംഗമത്തിൽ പങ്കെടുത്തു.

11 ഉച്ചകഴിഞ്ഞ് 2 മണിക്ക് എറണാകുളം ബസിലിക്കായിൽവച്ച് നടന്ന സി. റാണിമരിയയുടെ നാമകരണത്തോടനുബന്ധിച്ച് നടത്തിയ കേരളസഭയുടെ ആഘോഷങ്ങളിൽ പങ്കെടുത്തു.

12 രാവിലെ 8 മണിക്ക് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കലിനെ സന്ദർശിച്ച് ആശംസകൾ നേർന്നു. രാവിലെ 10മണിക്ക് ചങ്ങനാശ്ശേരി അരമനയിൽ മാർ ജോസഫ് പൗവ്വത്തിലിനെ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് എറണാകുളം ബസിലിക്കായിൽ

ക്ലിന്റ് കിണറ്റുകരയിലിന്റെയും സൂസന്നായുടെയും വിവാഹം ആശീർവദിച്ചു.

13 ചെമ്പന്തൊട്ടി ഇടവകദൈവാലയത്തിൽ നിര്യാതനായ ജോസഫ് മടുക്കകുഴിയുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16 വൈകുന്നേരം 6.30ന് അതിരൂപതയിലെ പൗരോഹിത്യജൂബിലി ആഘോഷിക്കുന്ന വൈദികർക്കായി അരമനയിൽ ഒരുക്കിയ ആദരിക്കൽ കർമ്മങ്ങളിൽ പങ്കാളിയായി.

17 രാവിലെ 6.30ന് കത്തീഡ്രൽ ദൈവാലയത്തിൽ അതിരൂപതയിലെ ജൂബിലി ആഘോഷിക്കുന്ന വൈദികർക്ക് ഒപ്പം വി. കുർബാനയിൽ സഹകാർമ്മികനായി.

18 ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശൂർ കത്തീഡ്രലിൽവച്ച് നടന്ന മാർ ടോണി നീലങ്കാവിലിന്റെ മെത്രാഭിഷേകകർമ്മങ്ങളിൽ പങ്കെടുത്തു.

19 തൊക്കിലങ്ങാടിയിൽ രാവിലെ 10.30ന് മിസ്റ്റർ അപ്പച്ചൻ കളരിക്കലിന്റെ ഷഷ്ടി പൂർത്തി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ് 3 മണിക്ക് മണിക്കടവ് ദൈവാലയത്തിൽ നിര്യാതയായ ത്രേസ്യാമ്മ കോനൂരാന്റെ മൃതസംസ്ക്കാരകർമ്മങ്ങളിൽ മുഖ്യകാർമ്മികനായി.

20 രാവിലെ 9 മണിക്ക് ആലക്കോട് പള്ളിയിൽ ഡീക്കൻ പോൾ പുത്തൻപുരക്കലിന് പൗരോഹിത്യപട്ടം നല്കി.

21 അയർക്കുന്നം ദൈവാലയത്തിൽ രാവിലെ 10.30ന് നിര്യാതനായ തോമസ് ചെമ്പകത്തിനാലിന്റെ മൃതസംസ്ക്കാരകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

22 കാഞ്ഞിരക്കൊല്ലി ദൈവാലയത്തിൽ രാവിലെ 9 മണിക്ക് ഡീക്കൻ അഗസ്റ്റിൻ രണ്ടാനിക്കലിന് വൈദികപട്ടം നൽകി.

ഉച്ചകഴിഞ്ഞ് 2മണിക്ക് പുറവയലിൽ നിര്യാതനായ പാപ്പച്ചൻ അരശേരിലിന്റെ മൃതസംസ്ക്കാരകർമ്മങ്ങളിൽ ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

23 ഉച്ചകഴിഞ്ഞ് 1മണിക്ക് ചെമ്പേരി വിമൽജ്യോതി കോളേജിൽവച്ച് നടന്ന ഫാ. തോമസ് മേൽവട്ടത്തിന്റെ പൗരോഹിത്യരജതജൂബിലി ആഘോഷങ്ങളിൽ പങ്കാളിയായി.

25 കൊന്നക്കാട് ദൈവാലയത്തിൽ രാവിലെ 10 മണിക്ക് നടന്ന ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കലിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ചു.

❖❖❖

## Programme of the Archbishop Emeritus Mar George Valiamatttam

### December - 2017

| | | | |
|---|---|---|---|
| 16 | | - | Padannakkad |
| 22 | | - | Kannur |
| 27 | 9.00am | - | Ordination : Thomapuram |
| 28 | 8.30am | - | Ordination : Marygiri |
| | 11.00am | - | Payyannur |
| 30 | 9.00am | - | Ordination: Peringala |
| | 1.00pm | - | Edathotty |
| | 5.00pm | - | Thiruvampady |

**Secretary to the Archbishop Emeritus**

❖❖❖

# Programme of the Auxiliary Bishop
# Mar Joseph Pamplany

## December - 2017

| | | | |
|---|---|---|---|
| 01 | 4.00pm | - | Deepagiri |
| | 6.00pm | - | Peravoor |
| 02 | | - | Kozhikode |
| 04 | | - | Padannakad |
| 05-07 | | - | KCBC |
| 08-09 | | - | Dubai |
| 10 | | - | Kunnoth |
| 11 | | - | Channel Shooting : Engaged |
| 12 | | - | Presbyteral Council |
| 15 | | - | Engaged : Channel Shooting |
| 16 | 9.00am | - | Malome |
| | 3.00pm | - | Kanhangad |
| 17 | 7.30am | - | Peringala |
| | 4.00pm | - | Kanhangad |
| 19 | 12.00pm | - | Kannur |
| 20 | 10.00am | - | Nirmalagiri |
| | 5.00pm | - | Padannakad |
| 21 | 5.00pm | - | Thalassery |
| 22 | 3.30pm | - | Sreekandapuram |
| | 7.00pm | - | Chempanthotty |
| 23 | 3.00pm | - | Alakode |
| | 6.00pm | - | Payyannur |
| 24-25 | | - | Pulikurumba |
| 26 | 4.00pm | - | Vembua |
| 27 | 9.00am | - | Ordination : Mangode |
| 28 | 9.00am | - | Ordination : Bheemanady |
| 29 | 4.00pm | - | Kattipara |
| 30 | 3.30pm | - | Palavayal |
| 31 | 6.30am | - | Edathotty |
| | 1.00pm | - | Nadavayal |

**Secretary to the Bishop**